# സഭയും ആരാധനയും
## വേറിട്ട ചില ചിന്തകൾ

Malayalam

**Sabhayum Aaradhanayum:
Veritta Chila Chinthakal**

**Fr. Dr. George Koshy**

| | | |
|---|---|---|
| Published by | : | Sophia Books<br>Thirunakkara, Kottayam<br>Ph: 0481 3255054 |
| First Published | : | June 2009 |
| No. of Copies | : | 1000 |
| Cover Design | : | Amma, Kottayam |
| Typesetting & Printing | : | Sophia Print House, Kottayam<br>Ph: 0481 3255054, 99471 20697 |

Price: **Rs. 40.00**

# സഭയും ആരാധനയും
## വേറിട്ട ചില ചിന്തകൾ

ഫാ. ഡോ. ജോർജ് കോശി

സോഫിയാ ബുക്സ്
കോട്ടയം

വില: 40.00

## ഫാ. ഡോ. ജോർജ് കോശി

ചെങ്ങന്നൂർ മംഗലം സ്വദേശി.
മാതാപിതാക്കൾ: തേലയ്ക്കാട്ടുപീടികയിൽ (ഇളയിടത്തു) ചെറിയാൻ ജോർജും അന്നമ്മ ജോർജും.
ജനനം: 1946 സെപ്റ്റംബർ 8-ന്.

കോട്ടയം ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി, ബാംഗ്ലൂർ എക്യുമെനിക്കൽ ക്രിസ്ത്യൻ സെന്റർ, ന്യൂയോർക്ക് സെന്റ് വ്ളാഡിമേഴ്സ് ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി എന്നീ സ്ഥാപനങ്ങളിൽ വേദശാസ്ത്രാഭ്യസനം നടത്തി.

1968 ഡിസംബർ 30-ന് (യവുപ്പദ്യക്കിനൊ) ശെമ്മാശനായി.
1981 സെപ്റ്റംബർ 9-ന് വൈദികനായി.
1970 മുതൽ 1981 വരെ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവായുടെ പ്രിൻസിപ്പൽ സെക്രട്ടറി ആയിരുന്നു.

ഇപ്പോൾ ന്യൂയോർക്കിലുള്ള വെസ്റ്റ് ചെസ്റ്റർ സെന്റ് ജോർജ് ഓർത്തഡോക്സ് (പോർട്ട് ചെസ്റ്റർ) ഇടവകയുടെ വികാരിയാണ്.

ഗ്രന്ഥങ്ങൾ: തിരുവചനതീർത്ഥം, മലങ്കരസഭാ കേസരി, മലങ്കരസഭാ സാരഥികൾ, ആഴ്ചവട്ടത്തിലെ കാഴ്ചവെട്ടം, പാദസ്പർശത്തിലെ ദീപഹർഷം.

ഭാര്യ: റെയ്ച്ചൽ ജോർജ് കോശി

മക്കൾ: ഡീക്കൻ ഗീവറുഗീസ് കോശി (അബു), ജിബു ജോർജ് കോശി

വിലാസം: 8 ഐസൻ ഹോവർ ഡ്രൈവ്, യോൻകേഴ്സ്,
ന്യൂയോർക്ക് 10710.

# അവതാരിക

അമേരിക്കൻ ഭദ്രാസനത്തിലെ പ്രമുഖ വൈദികരിൽ ഒരാളായ ഫാ. ജോർജ്ജ് കോശി, പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാതിരുമേനിയുടെ സെക്രട്ടറിയെന്ന നിലയിൽ മലങ്കര സഭാംഗങ്ങ ൾക്ക് സുപരിചിതനാണ്. പ. ബാവായുടെ കൂടെയുള്ള ജീവിതഫലമായി ആരാധനാ വിഷയങ്ങളിലും, സഭാനടപടികളിലും അദ്ദേഹത്തിനു സിദ്ധിച്ച അനുഭവസമ്പത്തും പക്വതയാർജ്ജിച്ച നിരീക്ഷണങ്ങളും ഈ ഗ്രന്ഥത്തി ലൂടെ അദ്ദേഹം പങ്കുവെക്കുന്നു. കൊച്ചി ഭദ്രാസനത്തിന്റെ ഭാഗ്യസ്മര ണാർഹനായ യൂഹാനോൻ മാർ സേവേറിയോസ് തിരുമേനി എഴുതി പ്രസി ദ്ധീകരിച്ച ലേഖനങ്ങളെ അനുസ്മരിപ്പിക്കുന്നവയാണ് ബഹു. ജോർജ്ജ് കോശിയച്ചന്റെ ലേഖനങ്ങൾ.

വൈദികരുടെയും അവൈദികരുടെയും അജ്ഞതയും അലംഭാവവും നിമിത്തം ആരാധനയിലും, ആചാരനടപടികളിലും കടന്നുകൂടിയിട്ടുള്ള പല സംഗതികളും അദ്ദേഹത്തിന്റെ വിമർശനത്തിനു വിധേയമായിരി ക്കുന്നു. ചില വൈദികസ്ഥാനികൾ സ്വന്ത ഇഷ്ടമനുസരിച്ച് വരുത്തുന്ന പരിഷ്കാരങ്ങളും അനുകരണങ്ങളും ക്രമേണ പാരമ്പര്യമായി തെറ്റിദ്ധരി ക്കപ്പെട്ട് ആരാധനയുടെ ഭാഗമായിത്തീരുന്നു.

വൈദികസ്ഥാനികളുടെ “സീനിയോറിട്ടി”യെപ്പറ്റിയുള്ള ശ്രദ്ധേയമായ ലേഖനം നേരത്തെ “മലങ്കരസഭ” പ്രസിദ്ധീകരിച്ചതാണ്. പട്ടമേറ്റ തീയതി യല്ല പ്രായമാണ് സീനിയോറിറ്റിക്ക് അടിസ്ഥാനമെന്ന് ഉദാഹരണസഹിതം ബഹു. അച്ചൻ വ്യക്തമാക്കുന്നു. ‘വി. ദേവാലയവും അതിൽ പ്രതിഷ്ഠി ക്കുന്ന ചിത്രങ്ങളും’ എന്ന ലേഖനത്തിൽ, പ്രതീകങ്ങളും ചിത്രങ്ങളും പള്ളികളിൽ പ്രതിഷ്ഠിക്കുന്നതിന് വ്യക്തമായ നിബന്ധനകളുണ്ടെന്ന് അച്ചൻ ശരിയായി ചൂണ്ടിക്കാണിക്കുന്നു. ആ നിബന്ധനകൾ തെറ്റിക്കു ന്നത്, വിശ്വാസപ്രമാണത്തിൽ തിരുത്തൽ വരുത്തുന്നതുപോലെയും ആരാ ധനയുടെ ക്രമീകരണങ്ങൾ തെറ്റിക്കുന്നതുപോലെയും അപകടകരമാ ണെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നതിനോട് ഞാൻ പൂർണ്ണമായും യോജി

ക്കുന്നു. കടകളിൽ യഥേഷ്ടം ലഭ്യമായ തിരുഹൃദയത്തോടുകൂടിയ യേശുവിന്റെയും കന്യകമറിയാമിന്റെയും അച്ചടിച്ച വികൃതമായ ചിത്രങ്ങളും രാഷ്ട്രീയക്കാരുടെ "കട്ട്ഔട്ടുകൾ" വരക്കുന്ന പ്രൊഫഷണൽ ചിത്രകാരന്മാർ വരക്കുന്ന ക്രിസ്തുവിന്റെ ചിത്രവും പൗരസ്ത്യ സഭാപാരമ്പര്യത്തിന് നിരക്കുന്നവയല്ല. കാലം ചെയ്ത മേൽപ്പട്ടക്കാരെ നാം ആദരിക്കുന്നുവെങ്കിലും മുകളിൽപ്പറഞ്ഞ രീതിയിൽ ഉണ്ടാക്കിയ അവരുടെ ചിത്രങ്ങൾ കൊണ്ട് പള്ളിക്കകം നിറക്കുന്നതും യുക്തമല്ല.

അടുത്തകാലത്ത് നമ്മുടെ പള്ളികളിൽ പ്ലാസ്റ്റിക് പൂക്കളുടെ പ്രളയമാണ്. വഴിയോരങ്ങളിൽ കുറഞ്ഞവിലയ്ക്കു കിട്ടുന്ന ഭംഗിയോ, വൃത്തിയോ ഇല്ലാത്ത പ്ലാസ്റ്റിക് പൂക്കൾ വാങ്ങി പലരും പള്ളിയിൽ കൊടുക്കും. ഉടൻതന്നെ അത് ത്രോണോസിലോ വിശുദ്ധന്മാരുടെ ചിത്രങ്ങൾക്ക് മുമ്പിലോ സ്ഥാനം പിടിക്കും. ക്രമേണ പൊടിയും മാറാലയും പിടിച്ച് വൃത്തിഹീനമാകും. എടുത്തുമാറ്റുവാൻ വൈദികർ ശ്രമിച്ചാൽ, വാങ്ങിക്കൊടുത്തവർ അപമാനമായി പരിഗണിക്കും. അങ്ങനെ അവ അവിടെത്തന്നെ തുടരുന്നു. പാമ്പാടി തിരുമേനിയുടെ കബറിടം ഇതിന് ഉദാഹരണമാണ്. യൂറോപ്യൻ രാജ്യങ്ങളിൽ പ്ലാസ്റ്റിക് പൂക്കൾ വാങ്ങി സമ്മാനിക്കുന്നത് നാണക്കേടാണ്. വീടുകളിലും അവ സാധാരണ വാങ്ങി വെക്കാറില്ല. യൂറോപ്യൻ സംസ്കാരത്തെപ്പറ്റി കാര്യമായ വിവരമില്ലാത്ത ഏഷ്യൻ-ആഫ്രിക്കൻ വംശജർ ഇവ വാങ്ങി വീടുകളിൽ വെക്കാറുണ്ട്. Fresh Cut Flowers അതും മിതമായി മാത്രം യൂറോപ്പിലെ പള്ളികളിൽ അലങ്കാരത്തിനായി ഉപയോഗിക്കാറുണ്ട്.

അടുത്തകാലത്ത് കോട്ടയം ഭദ്രാസനത്തിലെ ഒരു ദേവാലയത്തിൽ സ്റ്റാമ്പ് സൈസിലുള്ള കുറെ ചിത്രങ്ങൾ നിരത്തിയ ഒരു ഫോട്ടോ ത്രോണോസിൽ വെച്ചിരിക്കുന്നതായി കണ്ടു. മുകളിൽ ഇടത്തെയറ്റത്ത് ക്രിസ്തു, തുടർന്ന് മാതാവ്, മാർത്തോമ്മാശ്ലീഹാ, പരുമലത്തിരുമേനി തുടങ്ങി 2007-ൽ കാലം ചെയ്ത രണ്ട് മേൽപ്പട്ടക്കാർ വരെ പ്രിന്റ് ചെയ്ത ആ ചിത്രത്തിലുണ്ട്. ഇത്തരം ചിത്രങ്ങൾ ത്രോണോസിൽ വെക്കുന്ന പതിവ് ഓർത്തഡോക്സ് സഭകളിലില്ല.

ആരാധന നടത്തുന്നത് ഒരു തക്സാ (order) അനുസരിച്ചാണ്. അച്ചടിച്ച പ്രാർത്ഥന മാത്രമല്ല, തക്സായുടെ പരിധിയിൽ വരുന്നത്. കാർമ്മികൻ, സമയം, ഉപവാസം, ദേവാലയം, അതിലെ പ്രതീകങ്ങൾ, മറ്റു ക്രമീകരണങ്ങൾ ഇവയെല്ലാം തക്സായുടെ ഭാഗമാണ്. തക്സായിൽ വരുത്തുന്ന മാറ്റങ്ങൾ ആരാധനയുടെ പവിത്രതയെയും അതിൽകൂടി സഭ പ്രഖ്യാപിക്കുന്ന വിശ്വാസസത്യങ്ങളെയും ബാധിക്കുന്നവയാണ്.

'ആരാധനയും അംശവസ്ത്രങ്ങളും' എന്ന ലേഖനത്തിൽ മേൽപ്പട്ട

ക്കാരും പട്ടക്കാരും അംശവസ്ത്രങ്ങൾ ധരിക്കാതെ മദ്ബഹായിൽ നിന്നു കൊണ്ട് വി. കുർബ്ബാനയിൽ സംബന്ധിക്കുന്നതിന്റെ അനൗചിത്യത്തെപ്പറ്റി ബഹു. അച്ചൻ പ്രതിപാദിക്കുന്നു. പ. സുന്നഹദോസിന്റെയും ആരാധന പരിഷ്കരണകമ്മറ്റിയുടെയും ശ്രദ്ധയിൽ ഇതു പെടുമെന്ന് പ്രത്യാശിക്കുന്നു.

വി. കുർബ്ബാനയിൽ അവസാനം പ്രത്യേക പ്രാർത്ഥനകൾ നടത്തുന്നതിന്റെ അനൗചിത്യത്തെപ്പറ്റിയും ബഹു. അച്ചൻ പ്രസ്താവിക്കുന്നു. തൂയോബോയിലും വിശ്വാസപ്രമാണത്തിനു ശേഷം ത്രോണോസിന്റെ മുമ്പാകെ മുട്ടുകുത്തി നടത്തുന്ന അനുസ്മരണ പ്രാർത്ഥനയിലും ആളുകളുടെ പേരുകളും പ്രത്യേക ആവശ്യങ്ങളും ഓർത്ത് പ്രാർത്ഥിക്കുന്നുണ്ട്. “കൂദാശകളുടെ കൂദാശയും” സഭയുടെ ഏറ്റവും ശ്രേഷ്ഠമായ പ്രാർത്ഥനയും (Prayer par excellence) ആണ് വി. കുർബ്ബാന. അതിൽ എല്ലാവരെയും ഓർത്തു പ്രാർത്ഥിച്ചശേഷം, വി. കുർബ്ബാന കഴിഞ്ഞ് ജന്മദിനം, വിവാഹവാർഷികം തുടങ്ങിയവയ്ക്കായുള്ള പ്രാർത്ഥനകൾ നടത്തുന്നത് ഉചിതമല്ലെന്നാണ് എന്റെയും അഭിപ്രായം. കുക്കിലിയോനിൽ മാതാവിന്റെ മദ്ധ്യസ്ഥതയിൽ ധൂപപ്രാർത്ഥന നടത്തുന്നുണ്ട്. വി. കുർബ്ബാന കഴിഞ്ഞ് കുറെപ്പേർ മെഴുകുതിരികളും പിടിച്ച് മുമ്പോട്ടുകയറി നിന്ന് നടത്തുന്ന മദ്ധ്യസ്ഥപ്രാർത്ഥന ആവശ്യമില്ലാത്തതാണ്. ഇവ പൗരസ്ത്യ പാരമ്പര്യത്തിന് നിരക്കാത്തവയും വി. കുർബ്ബാനയുടെ പ്രാധാന്യത്തെ കുറച്ചു കാണിക്കുവാൻ സംഗതിയാക്കുന്നവയുമാണ്. വി. കുർബ്ബാനയേക്കാൾ ഇത്തരം പ്രാർത്ഥനകളാണ് പ്രധാനമെന്നുള്ള ചിന്ത ചിലർക്കെങ്കിലും ഉണ്ടാകുവാനിടയാകും, ക്രമേണ ഇത്തരം ഇത്തിൾക്കണ്ണി പ്രാർത്ഥനകൾ വി. കുർബ്ബാനയുടെ പവിത്രതയെ നശിപ്പിക്കുമെന്നാണ് എന്റെ വിശ്വാസം. ആത്മീയത വർദ്ധിപ്പിക്കുവാനായി നടത്തുന്ന ഇത്തരം പ്രാർത്ഥനകൾ മാർത്തോമ്മാ - സി. എസ്. ഐ. ആചാരങ്ങളുടെ അനുകരണമായിട്ടാണ് പലയിടത്തും ആരംഭിച്ചത്. ജനങ്ങളെ “ഇംപ്രസ്” ചെയ്യുവാൻ ചില വൈദികർ ഇത്തരം ചടങ്ങുകൾ നടത്തുന്നതിനെ നിരുത്സാഹപ്പെടുത്തേണ്ടതാണ്. നിമിഷപ്രാർത്ഥനകൾ എന്ന പേരിൽ നടത്തുന്ന “വാചകമടി” അരോചകമാണെന്നു മാത്രമല്ല പുതിയ “ഉണർവ്വ്” ഗ്രൂപ്പുകളുടെ പ്രകടനങ്ങളുടെ അനുകരണം കൂടിയാണ്. ആത്മീയ പക്വതയില്ലാത്തവർ നടത്തുന്ന ഇത്തരം പരിഷ്കാരങ്ങൾ ആളുകളെ ഇത്തരം ഗ്രൂപ്പുകളിലേക്കു നയിക്കുവാൻ മാത്രമേ ഉതകുകയുള്ളു. കുറെപ്പേർ നല്ലതെന്നു പറഞ്ഞാൽ മാത്രം ഒരു നടപടി ആത്മീയമാകണമെന്നില്ല.

ആരാധനാ പരിഷ്കരണത്തിനും, തെറ്റായ നടപടികളെ നിരുത്സാഹപ്പെടുത്തുന്നതിനും അതിയായി പ്രയോജനകരമാണ് ബഹു. ജോർജ്ജ് കോശിയച്ചൻ നടത്തുന്ന നിരീക്ഷണങ്ങൾ. ഇത്തരം കൃതികൾ നമ്മുടെ

സഭയിൽ പൊതുവെ വിരളമായി മാത്രമേ പ്രസിദ്ധീകരിക്കാറുള്ളു. വിവാദങ്ങളെ ഭയന്ന് ഈ ലേഖകനുൾപ്പെടെ പലരും ഇത്തരം കാര്യങ്ങളെപ്പറ്റി സാധാരണ എഴുതാറില്ല. സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണങ്ങളിൽ ഇത്തരം ലേഖനങ്ങൾ സാധാരണ പ്രസിദ്ധീകരിച്ച് കാണുന്നില്ല (1950–കളിലും 60–കളിലും 70–കളിലും യൂഹാനോൻ മാർ സേവേറിയോസ് തിരുമേനി ഇത്തരം ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിരുന്നു). ബഹു. ജോർജ്ജ് കോശി അച്ചന്റെ വിമർശനങ്ങളും നിരീക്ഷണങ്ങളും ഗൗരവപൂർവ്വം വൈദികരും അവൈദികരും വായിക്കുമെന്നും ചർച്ചാവിഷയമാക്കുമെന്നുമുള്ള പ്രതീക്ഷയോടെ ഈ ഗ്രന്ഥത്തിന് എല്ലാ വിജയവും നേരുന്നു.

ദനഹാ പെരുന്നാൾ 2009

**ഫാ. ഡോ. ബേബി വറുഗീസ്**
ഓർത്തഡോക്സ് വൈദികസെമിനാരി
കോട്ടയം

# ആമുഖം

സഭാസംബന്ധമായ, പ്രത്യേകിച്ചും സഭയുടെ സംഘാരാധനയുമായി ബന്ധമുള്ള കാര്യങ്ങളാണ് പ്രധാനമായും തുടർന്നുള്ള താളുകളിലെ പ്രതിപാദ്യ വിഷയങ്ങൾ. "വൈദികസ്ഥാനികളുടെ സീനിയോറിട്ടി"യെക്കുറിച്ചുള്ള ലേഖനം 'മലങ്കരസഭാ' മാസികയിൽ (1996 മെയ്) പ്രസിദ്ധീകരിച്ചതാണ്. മറ്റുള്ളവ പല അവസരങ്ങളിലായി അക്ഷരത്തിലാക്കിയതാണെങ്കിലും അവ അച്ചടി വെളിച്ചം കണ്ടിട്ടുള്ളവയല്ല.

ദിവ്യാരാധനയിൽ കടന്നുകയറിയിട്ടുള്ള അരുതാത്തവയും അനാവശ്യവുമായ ദുരാചാരങ്ങളെ തിരസ്ക്കരിക്കേണ്ടിയിരിക്കുന്നു. ഒപ്പം വിട്ടുപോയവയും വിസ്മരിച്ചവയുമായവ അനുബന്ധപ്പെടുത്തുകയും വേണം. ഇവ രണ്ടും സമൃദ്ധിയായ ജീവനുള്ള സഭയുടെ ഉത്തരവാദിത്തമാണ്; ഉത്തമ കടമയാണ്.

പരിചയിച്ചു പഴകിയ വ്യർത്ഥവും അർത്ഥരഹിതവുമായ ആചാരങ്ങളെക്കുറിച്ചു അനുസ്മരിപ്പിക്കുന്നത് ആഘാതപ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നതിനു ഇടയാക്കും. അതുകൊണ്ടു തന്നെ അപകടകരമാണത്. അവ സൂചിപ്പിക്കുകപോലും പാതകമായി കരുതുന്നവർ വിവിധ സഭാസ്ഥാനികളിൽ കാണാതിരിക്കില്ല.

ആരാധനയിൽ നുഴഞ്ഞുകയറി ഇരിപ്പുറപ്പിച്ചു ആഴത്തിൽ വേരിറങ്ങിയിട്ടുള്ള തെറ്റുകൾ അബദ്ധവും അനാവശ്യവുമാണെന്ന് അറിഞ്ഞാലും തിരുത്തുക എളുപ്പമല്ലെന്നറിയാം. അവ ആരാധ്യവും അനുപേക്ഷണീയവുമാണെന്നായിരിക്കും നല്ലൊരു പങ്കിന്റെയും മുട്ടാപ്പോക്കും മുടന്തൻ ന്യായവും. നിലവിലുള്ള അനാചാരങ്ങളായ പ്രവണതകളെ വിലയിരുത്തുന്നവർക്കെതിരെ അപസ്വരങ്ങളും അട്ടഹാസങ്ങളുമുയരുക തന്മൂലമാണ്. അങ്ങനെ ഒച്ചവയ്ക്കുന്നവർ അതിശ്രേഷ്ഠമായ പൗരസ്ത്യ ആരാധനയുടെ മേന്മയും മഹിമയും ഇകഴ്ത്തുന്നതിനെ അനാചാരങ്ങൾ സഹായിക്കുകയുള്ളുവെന്ന് അറിയുന്നില്ല. മാത്രമല്ല, ദൈവീകോന്മുഖമായ ആരാധനയുടെ ഉന്നതലക്ഷ്യത്തിൽ നിന്നു വ്യതിചലിക്കുന്നതിന് അവ വഴി ഒരുക്കു

ന്നുവെന്നുള്ളതും വിട്ടുപോകുന്നു.

കോട്ടയം ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരിയിലെ അഞ്ചു വർഷം നീണ്ടുനിന്ന പരിശീലനം, ആരാധനാ സംബന്ധമായ പഠനത്തേക്കാൾ, ആരാധനയുടെ ആത്യന്തികമായ തനിമയും മഹിമയും അനുഭവത്തിലാക്കുന്നതിനു അവസരമൊരുക്കി. പൗരസ്ത്യ ആരാധനയുടെ സത്തും സൗന്ദര്യവും, ആഴങ്ങളും ആകാശങ്ങളും വായിച്ചും ശ്രവിച്ചും ക്ലാസ്സ് മുറികളിൽ ഇരുന്നു പഠിച്ചും അറിയുന്നതിനേക്കാൾ ഏറെ അനുഭവിച്ചറിയേണ്ടതാണ്. അഥവാ കേട്ടറിയേണ്ടതല്ല, മറിച്ചു രുചിച്ചറിയേണ്ടതാണ്. എങ്കിലും വന്ദ്യ യോഹന്നാൻ മല്പാനച്ചൻ (യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ) വന്ദ്യ കോരുതു മല്പാനച്ചൻ, വന്ദ്യ പോൾ വറുഗീസ് അച്ചൻ (പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ) ആദിയായ ഗുരുശ്രേഷ്ഠന്മാരുടെ ആരാധനാ സംബന്ധമായ നിർദ്ദേശങ്ങളും ഉപദേശങ്ങളും ക്ലാസ്സുകളും വിസ്മരിക്കുക അസാദ്ധ്യമാണ്.

സഭയുടെ പരമാദ്ധ്യക്ഷനായിരുന്ന പരിശുദ്ധ ബസേലിയോസ് മാർ ത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവായുടെ കൂടെയുള്ള ഒരു പതിറ്റാണ്ടിലേറെക്കാലത്തെ പരിശീലനമാണ് വിപുലവും വിമലവുമായ ഓർത്തഡോക്സ് ആരാധനയെക്കുറിച്ചുള്ള അറിവിന്റെ ചക്രവാളങ്ങൾ വികസിപ്പിക്കുന്നതിനും ആരാധനയുടെ ദിവ്യമായ ഗാംഭീര്യവും അതുല്യമായ മനോഹരത്വവും അനുഭവിച്ചറിയുന്നതിനും ഇടയാക്കിയത്. ആരാധനയിൽ അഭിരമിക്കുന്നതിനുള്ള അവസരങ്ങളായി മാറി അദ്ദേഹം നേതൃത്വം നല്കിയ ഓരോ ശുശ്രൂഷയും. ആരാധനാ ശുശ്രൂഷകളിൽ, എന്തു ചെയ്യുന്നു, എങ്ങനെ ചെയ്യുന്നു, എന്തുകൊണ്ട് ചെയ്യുന്നു ആദിയായവ വ്യക്തമായും വിശദമായും അദ്ദേഹം പറഞ്ഞുതരുമായിരുന്നു. ശുശ്രൂഷകളിലെ കർമ്മങ്ങളും കാര്യങ്ങളും കൃത്യമായും വൃത്തിയായും, ഒപ്പം ശ്രദ്ധയോടെയും ഭക്തിയോടെയും അനുഷ്ഠിക്കണമെന്നുള്ള അദ്ദേഹത്തിന്റെ അതിയായ നിർബന്ധവും താല്പര്യവും എടുത്തുപറയേണ്ടതാണ് (മലയാളത്തിൽ വളരെ വിശദമായി അദ്ദേഹം എഴുതിയിട്ടുള്ള ആരാധനാക്രമങ്ങളാണല്ലോ പള്ളിക്കൂദാശ, പട്ടംകൊട, മേല്പട്ടാഭിഷേകം ആദിയായവക്കെല്ലാം സഭയിലെ മേല്പട്ടക്കാർ ഇപ്പോൾ ഉപയോഗിക്കുന്നത്). അദ്ദേഹത്തോടൊത്ത് ഓരോ ശുശ്രൂഷയിലും സഹായിയായി ആദ്യമായി പങ്കെടുക്കുന്നതിനു മുമ്പ് – പ്രത്യേകിച്ചും മേല്പട്ടക്കാർക്കടുത്ത ശുശ്രൂഷകൾ – നാഴികകളും ദിനങ്ങളുമെടുത്ത് അവയുടെ കർമ്മങ്ങളും മർമ്മങ്ങളും പറഞ്ഞുതന്നത് കൃതജ്ഞതയുടെ നിറവോടെ ഇവിടെ സ്മരിക്കുന്നു.

തുടർന്ന് രണ്ടു വർഷക്കാലം സെന്റ് വ്ളാഡിമേഴ്സ് ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി (ന്യൂയോർക്ക്) യിൽ പഠിക്കുവാൻ അവസരം

ലഭിച്ചു. അവിടെ 'ലിറ്റർജിക്കൽ തിയോളജി'യുടെ പിതാവ് എന്ന് അഭിനാമത്താൽ ക്രൈസ്തവലോകത്ത് അറിയപ്പെടുന്ന ഏറെ പ്രശസ്തനായ അന്നത്തെ സെമിനാരി ഡീൻ വെരി. റവ. അലക്സാണ്ടർ ശ്ലേമന്റെ (Prof. Presbyter Late Very Rev. Alexander Schmemann) കീഴിൽ പൗരസ്ത്യ ആരാധനയെക്കുറിച്ച് അഭ്യസനം നടത്തുവാൻ അവസരം ലഭിച്ചത് അപൂർവ്വ ഭാഗ്യമായി കരുതുന്നു. സ്വന്തം പഠനപരിധിക്കു പുറത്തുള്ളതാണെങ്കിൽ പോലും പുതുമയും മഹിമയും നിറഞ്ഞ അദ്ദേഹത്തിന്റെ ക്ലാസ്സുകൾ ഒന്നും തന്നെ ഞാൻ നഷ്ടപ്പെടുത്തിയിരുന്നില്ല. പൗരസ്ത്യ ആരാധനയുടെ വൈശിഷ്ട്യവും പാശ്ചാത്യക്രമങ്ങളുടെയും ക്രമീകരണങ്ങളുടെയും വൈകല്യങ്ങളും യഹൂദ ആദിമ സഭാപാരമ്പര്യങ്ങളുടെ ചുവരുകളഴിച്ചും പ. സഭാപിതാക്കന്മാരുടെ ലിഖിതങ്ങൾ അവലംബമാക്കിയും വിശദമാക്കുന്ന രണ്ടു മണിക്കൂർ നീണ്ടുനിന്നിരുന്ന ആ പീരിയേഡുകൾ അവസാനിക്കരുതേയെന്നുള്ളതായിരുന്നു അന്നത്തെ ആഗ്രഹം (സഹപാഠികളുടേതും സമാന അഭിപ്രായമായിരുന്നു). അദ്ദേഹത്തിന്റെ പ്രഭാഷണങ്ങളിലും ഒഴുകിഇറങ്ങിയിരുന്നത് ഓർത്തഡോക്സ് ആരാധനയുടെ ഔന്നത്യവും ഓമനത്തവുമായിരുന്നു. ആരാധനാകാര്യങ്ങളിൽ കൂടുതൽ അറിവു നേടുന്നതിന് അവ വളരെ സഹായിക്കുകയുണ്ടായി.

ഈ പുസ്തകത്തിന് അവതാരിക എഴുതിയത് പൗരസ്ത്യ ആരാധനയെക്കുറിച്ച് ആഴമായി പഠിച്ച, ആ രംഗത്തു പ്രശസ്തനുമായ ബഹു. ഡോക്ടർ ബേബി വറുഗീസ് അച്ചനാണ്. ആരാധനയെക്കുറിച്ച്, പ്രത്യേകിച്ചും സുറിയാനി സഭാപാരമ്പര്യം അടിസ്ഥാനമാക്കി ആധികാരികമായി അഭിപ്രായം രേഖപ്പെടുത്തുവാൻ അറിവും കഴിവുമുള്ള ബഹു. അച്ചന്റെ അവതാരിക കുറിപ്പിനു പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

ഇതു പ്രസിദ്ധീകരിക്കുന്നതിന് സഹായിക്കുകയും ഇതിന്റെ മുദ്രണം നിർവ്വഹിക്കുകയും ചെയ്തത് മലങ്കരസഭാംഗങ്ങൾക്കു സുപരിചിതനായ ശ്രീ. ജോയ്സ് തോട്ടയ്ക്കാടാണ്. അദ്ദേഹത്തോടുള്ള (സോഫിയാ ബുക്സ്, കോട്ടയം) കൃതജ്ഞതയും അറിയിക്കുന്നു.

**ഫാദർ ഡോക്ടർ ജോർജ് കോശി**

പെന്തിക്കോസ്തി, 2009

# ഉള്ളടക്കം


| | | |
|---|---|---|
| അവതാരിക | | 5 |
| ആമുഖം | | 9 |
| 1 | വിശുദ്ധ ദേവാലയവും അതിൽ പ്രതിഷ്ഠിക്കുന്ന ചിത്രങ്ങളും | 13 |
| 2 | എതിരേല്പുകൾക്കു വരവേല്പ് | 20 |
| 3 | വിശുദ്ധ കുർബ്ബാനയും പ്രത്യേക പ്രാർത്ഥനകളും | 25 |
| 4 | മൂന്നിന്മേലും മൂന്നു വി. കുർബ്ബാനകളും | 33 |
| 5 | ആരാധനയും അംശവസ്ത്രങ്ങളും | 41 |
| 6 | സഭയും പരിശുദ്ധ പ്രഖ്യാപനവും | 48 |
| 7 | അപകടകരമായ ഒരു പ്രവണത | 54 |
| 8 | കൈമുത്ത്: അനുഗ്രഹം, അനുവാദം, അഭിവാദനം | 61 |
| 9 | വെദികസ്ഥാനികളുടെ സീനിയോറിറ്റി | 69 |
| 10 | ആരാധനയും വിശുദ്ധ ഏവൻഗേലിയോനും | 73 |

# 1

# വിശുദ്ധ ദേവാലയവും അതിൽ പ്രതിഷ്ഠിക്കുന്ന ചിത്രങ്ങളും

പൂർവ്വിക പൗരസ്ത്യ സഭകളുടെ ആരാധനയുടെ അമൂല്യതയും അതുല്യതയും ശ്രവണം, സ്പർശനം, ദർശനം ആദിയായ മനുഷ്യന്റെ സർവ്വ ഇന്ദ്രിയങ്ങളെയും അവ സ്പർശിക്കുകയും ഭാഗഭാക്കാക്കുകയും ചെയ്യുന്നുവെന്നുള്ളതാണ്. ദേവാലയവും അതിലെ അലങ്കാരങ്ങളും ഉപകരണങ്ങളും ആരാധനയിലെ കർമ്മങ്ങളും ആരാധനയിൽ ഉപയോഗിക്കുന്ന വസ്തുക്കളും അംശവസ്ത്രങ്ങളും ഗാനരീതികളുമെല്ലാം ആത്മശരീരമനസ്സുകളെ ദൈവസന്നിധിയിലേക്കു ആനയിക്കുന്നതിനും അവിടെ അഭിരമിക്കുന്നതിനും സഹായിക്കത്തക്കവണ്ണമാണ് ക്രമീകരിച്ചിട്ടുള്ളത്.

വി. സുവിശേഷങ്ങൾ ഉൾപ്പെടെയുള്ള പുതിയനിയമ പുസ്തകങ്ങൾ രൂപംകൊള്ളുന്നതിനും ക്രൈസ്തവ ദേവാലയങ്ങൾ അംഗീകൃത ആരാധനാലയങ്ങളായി രൂപാന്തരപ്പെടുന്നതിനും മുമ്പ് യഹൂദ മതനേതൃത്വത്തെയും റോമാ ഭരണാധികാരികളെയും ഭയന്ന് ആദിമസഭ ആരാധനയ്ക്കായി ഒത്തുകൂടിയിരുന്നതു രഹസ്യ സങ്കേതങ്ങളിലും മറ്റുമായിരുന്നല്ലൊ. ആ ദിവ്യ വേളകളിൽ മനുഷ്യാവതാര സംഭവങ്ങളെ അനുസ്മരിക്കുന്നതിനും സത്യവിശ്വാസം ഉറപ്പിച്ചും ഏറ്റുപറഞ്ഞും ആരാധനയിൽ സംബന്ധിക്കുന്നതിനും മത്സ്യം, കുരിശ്, പ്രാവ്, ഗോതമ്പ്, മുന്തിരിവള്ളി ആദിയായ അടയാളങ്ങളും ചിത്രങ്ങളിലൂടെയുള്ള പ്രതീകങ്ങളും സഹായിച്ചിരുന്നു. അക്ഷരാഭ്യാസം അസാധാരണമായിരുന്ന ആ കാലഘട്ടത്തിൽ “ജീവനുള്ളതും ജീവൻ നല്കുന്നതുമായ സുവിശേഷം” പ്രഘോഷിക്കുന്നതിനുള്ള പ്രധാന മാർഗ്ഗങ്ങളിലൊന്നു പ്രതീകങ്ങളും ചിത്രങ്ങളുമായിരുന്നതിൽ അത്ഭുതപ്പെടാനില്ല. ശിശുവായ യേശുക്രിസ്തുവിനെ പ. കന്യക മറിയം വഹിക്കുന്ന പ്രശസ്തവും പ്രഭാപൂർണ്ണവു

മായ ചിത്രം ചിത്രകാരനും കൂടിയായ വി. ലൂക്കോസ് ഏവൻഗേലിസ്ഥാ വരച്ചതാണെന്നാണല്ലോ പ്രബലമായ പാരമ്പര്യം.

പീഡകളുടെയും ഒളിവിടങ്ങളുടെയും കാലം കഴിഞ്ഞ് സഭയ്ക്കു സാമ്രാജ്യത്തിൽ ലഭിച്ച ഔദ്യോഗിക അംഗീകാരത്തോടുകൂടി സ്ഥാപിക്കപ്പെട്ട ദേവാലയങ്ങളിൽ വരകളിലൂടെയും വർണ്ണങ്ങളിലൂടെയും ആലേഖനം ചെയ്യപ്പെട്ട വേദപുസ്തക സംഭവങ്ങളും മർത്തീകരണ മർമ്മങ്ങളും ആരാധനാ സമൂഹത്തിനു അവ വർത്തമാനകാലാനുഭവവും അനുഗ്രഹവുമായി പരിണമിക്കുന്നതിനു പാത ഒരുക്കി. നമ്മുടെ സഭയിലെ പുരാതന പള്ളികളിലെ ഭിത്തികളിലും കവാടങ്ങളിലും അപ്രകാരമുള്ള അർത്ഥവത്തും ആരാധ്യവുമായ പ്രതീകങ്ങളും ചിത്രങ്ങളും ഇന്നും ദർശിക്കാവുന്നതാണ്.

എബ്രായ ലേഖനകർത്താവ് വ്യക്തമാക്കുന്നതുപോലെ “സാക്ഷികളുടെ സമൂഹ”ത്തോടൊപ്പമാണ് നാം ആരാധനയിൽ സംബന്ധിക്കുന്നത്. സമ്പൂർണ്ണ സമർപ്പണത്തോടും പ്രാർത്ഥനാ നിഷ്ഠകളോടും ഭൗമിക ജീവിതം നയിച്ചു പരലോകം പൂകിയ ശ്ലീഹന്മാർ, സഹദേന്മാർ ആദിയായവർ ഉൾപ്പെട്ട പരിശുദ്ധന്മാരുടെ സാന്നിദ്ധ്യവും മദ്ധ്യസ്ഥതയും നാം സദാ ആഗ്രഹിക്കുന്നു. അവരുടെ പ്രാർത്ഥന ദൈവതിരുമുമ്പാകെ “കേൾക്കപ്പെട്ടതും അംഗീകരിക്കപ്പെട്ട”തുമാണ്; അവ നമ്മുടെ ആരാധനയുടെ ഭാഗവും. രക്ഷാകരമർമ്മങ്ങളുടെ സ്മരണയും വിശുദ്ധരുടെ സജീവ സാന്നിദ്ധ്യവും ആരാധനയിൽ അനുഭവപ്പെടുന്നതിനും വിശുദ്ധരിൽ വിളങ്ങിയ ദൈവാനുഭവം വിശ്വാസികളിൽ ഊർവരമാകുന്നതിനും വിശുദ്ധരെപ്പോലെ ദൈവീകരായി രൂപാന്തരപ്പെടുവാനും ഐക്കണുകളും അനുയോജ്യമായ ചിത്രങ്ങളും സഹായിക്കുന്നു; സഹായിക്കേണ്ടതാണ്.

പൗരസ്ത്യസഭയുടെ പാരമ്പര്യത്തിന്റെ ഭാഗമാണ് ഐക്കണുകൾ. ബൈസന്റയിൻ സഭകളിൽ ഐക്കണുകളും ഐക്കണോഗ്രാഫിയും അതിബ്രഹത്തായ വേദശാസ്ത്ര ശാഖയാണ്. നമ്മുടെ സഭയുമായി വി. കുർബ്ബാന സംസ്സർഗ്ഗമുള്ള കോപ്റ്റിക്ക്, എത്യോപ്യൻ, അർമ്മീനിയൻ സഭകളും ഐക്കണുകൾക്കു പ്രാധാന്യം നല്കുന്നുണ്ട്. പൗരസ്ത്യ ആരാധനയിൽ ഐക്കണിനുള്ള പ്രാധാന്യം അഭിവന്ദ്യ പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ അദ്ദേഹത്തിന്റെ ‘Joy of Freedom’ എന്ന പ്രഖ്യാത ഗ്രന്ഥത്തിൽ പ്രത്യേകം എടുത്തു പറഞ്ഞിട്ടുണ്ട്. ഒരു കാലത്ത് അന്ത്യോഖ്യൻ (സിറിയൻ) സഭയിലും ആരാധനയിൽ ഐക്കണുകൾക്കു സ്ഥാനമുണ്ടായിരുന്നുവെന്നുള്ളതിനു രേഖകളുണ്ട്. പക്ഷേ, പിന്നീട് ആ പ്രാധാന്യം നഷ്ടപ്പെട്ടുപോയി. എങ്കിലും അവരുടെ ദേവാലയങ്ങളിൽ ഐക്കണുകൾ സാധാരണമാണ്.

ഐക്കൺ കേവലമൊരു കലാസൃഷ്ടിയായ ചിത്രമൊ പ്രതിമയോ അല്ല. ആളിനോടുള്ള സാദൃശ്യത്തിനൊ ആകാരഭംഗിക്കൊ ഐക്കണോഗ്രാഫിയിൽ വലിയ സ്ഥാനമില്ല. മറിച്ച് നിറങ്ങളിലൂടെയും വരകളിലൂടെയുമുള്ള ദൈവസാന്നിദ്ധ്യത്തിന്റെ പ്രതീകമാണത്. സ്വർഗ്ഗരാജ്യം നമ്മോടൊത്താകുന്ന അനുഭവത്തിലേക്ക് ആനയിക്കുകയാണ് ഐക്കണുകളുടെ ഉന്നവും ഊന്നലും. വചനം ജഡമെടുത്തു മനുഷ്യരോടൊത്തു വസിച്ചുവെന്നുള്ള വി. യോഹന്നാൻ ശ്ലീഹായുടെ സാക്ഷ്യമാണ് ഐക്കണോഗ്രാഫിയുടെ അടിസ്ഥാനം. അതുകൊണ്ടുതന്നെ ആർക്കും വരയ്ക്കാവുന്ന, സൃഷ്ടിക്കാവുന്ന ഒന്നല്ല ഐക്കൺ. സത്യവിശ്വാസവും വ്രതജപ ധ്യാനങ്ങളുമുൾപ്പെടെയുള്ള സാധനകളും പ്രത്യേക സിദ്ധികളുമുള്ളവർ സമർപ്പണത്തോടും ഈശ്വരസാന്നിദ്ധ്യബോധത്തോടും അർപ്പിക്കുന്ന ശുശ്രൂഷയാണ് ഐക്കൺ നിർമ്മാണം.

പൗരസ്ത്യപാരമ്പര്യത്തിൽ എങ്ങനെയുള്ള ചിത്രങ്ങളാണ് ദേവാലയത്തിൽ പ്രതിഷ്ഠിക്കേണ്ടതെന്നുള്ളതിനു വ്യക്തമായ നിബന്ധനകളും ധാരണകളുമുണ്ട്. അതുപോലെതന്നെയൊ അതിനേക്കാളോ പ്രാധാന്യമാണ് എവിടെയാണ് ഐക്കണുകളും ചിത്രങ്ങളും സ്ഥാപിക്കുക എന്നുള്ളതും. ആ നടപടിക്രമം (Protocol) തെറ്റിക്കുന്നതു വിശ്വാസപ്രമാണത്തിൽ തിരുത്തൽ വരുത്തുന്നതുപോലെയും ആരാധനയിൽ ക്രമങ്ങൾ തെറ്റിക്കുന്നതുപോലെയും അപകടകരമായാണ് വീക്ഷിക്കപ്പെടുന്നത്.

നമ്മുടെ സഭ ഈ കാര്യത്തിൽ കാണിക്കുന്ന അജ്ഞതയും അനാസ്ഥയും നമ്മുടെ പള്ളികൾ സന്ദർശിച്ചാൽ വ്യക്തമാകും. പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും എന്ന ലേബലിലുള്ള ഫോട്ടോകളിലും ചിത്രങ്ങളിലും പലതും ദേവാലയത്തിൽ സ്ഥാപിക്കുന്നതിന് അനുയോജ്യമല്ല. പരിശുദ്ധന്മാരുടെയും മറ്റും ചിത്രങ്ങൾ ദേവാലയത്തിൽ ഏതു സ്ഥാനത്തും, പ്രത്യേകിച്ചു ദേവാലയത്തിന്റെ അതിപ്രധാന സ്ഥാനങ്ങളിൽ പ്രതിഷ്ഠിക്കുക സാധാരണയായി മാറിയിരിക്കുകയാണ്. വഴിഓരങ്ങളിൽ വില്പനയ്ക്കു വച്ചിരിക്കുന്ന മേല്പറഞ്ഞ ഗണത്തിലുള്ള ചിത്രങ്ങളും ഫോട്ടോകളും വാങ്ങി പള്ളിക്കു ദാനം ചെയ്യുക, അവ പള്ളിയുടെ പ്രധാന സ്ഥാനങ്ങളിൽ പതിപ്പിക്കുന്നതിനു പ്രേരിപ്പിക്കുക, മർമ്മസ്ഥാനങ്ങളിൽ അവ പ്രതിഷ്ഠിച്ചു സംഭാവന ചെയ്തവരെ സംതൃപ്തിപ്പെടുത്തുക ഇവയാണ് പൊതുവേ കണ്ടുവരുന്നത്. വരയ്ക്കുന്ന ചിത്രങ്ങളുടെ വലിപ്പം പള്ളിയിൽ നിറഞ്ഞുനില്ക്കത്തക്കവണ്ണം വിപുലപ്പെടുത്തുവാനും അങ്ങനെ റിക്കാർഡു സൃഷ്ടിക്കാനുമുള്ള വ്യഗ്രത കാട്ടുന്നവരുമുണ്ട്. ചിത്രസൃഷ്ടി തന്നെ ശോശപ്പാ വില്പന പോലെ വലിയ വ്യവസായമായി മാറിയിരിക്കുന്നു.

ആരാധ്യമായിരിക്കേണ്ട ആരാധനാസ്ഥലം ദൈവപുത്രന്റെ ആകട്ടെ,

പരിശുദ്ധന്മാരുടെയാകട്ടെ വിചിത്രങ്ങളും വിശ്വാസവിരുദ്ധങ്ങളുമായ ചിത്രങ്ങളും ഫോട്ടോകളും പതിപ്പിച്ചു പ്രദർശനശാലയാക്കാതിരിക്കുവാൻ പള്ളിഭാരവാഹികളും സഭാനേതൃത്വവും ശ്രദ്ധിക്കേണ്ടതാണ്. സർവ്വ ശക്തനായ ദൈവത്തിനുമാത്രം അർഹമായ ആരാധനയും സ്ഥാനവും പരിശുദ്ധന്മാർക്കു നല്കത്തക്കവണ്ണം ചിത്രങ്ങളും മറ്റും പള്ളിയിൽ പ്രതിഷ്ഠിക്കുന്നത് അനുവദിക്കരുതാത്തതാണ്. എങ്ങനെയുള്ള ചിത്രങ്ങളാണ് ദേവാലയത്തിൽ സ്ഥാപിക്കേണ്ടതെന്നുള്ളതിനൊപ്പം ഏറെ പ്രധാനമാണ് അവ എവിടെയാണു സ്ഥാപിക്കുന്നുവെന്നുള്ളത്. അഥവാ ചിത്രങ്ങളും ഐക്കണുകളും വയ്ക്കുന്നതിനുള്ള നടപടിക്രമം.

മദ്ധ്യതിരുവിതാംകൂറിലുള്ള നമ്മുടെ ഒരു പള്ളിയിൽ കണ്ട കാഴ്ച ഇപ്രകാരമാണ്! കിഴക്കുവശത്തു പ്രധാനഭാഗത്ത് ഗീവറുഗീസ് സഹദായുടെയും താഴെ ഇരു ത്രോണോസുകൾക്കു പിമ്പിൽ കന്യകമറിയാമിന്റെയും പരുമലതിരുമേനിയുടെയും ക്യാൻവാസിൽ വരച്ചിട്ടുള്ള വലിയ ചിത്രങ്ങൾ. മാർത്തോമ്മാശ്ലീഹാ, യോഹന്നാൻ മാംദാന തുടങ്ങിയ പരിശുദ്ധന്മാരുടെ പടങ്ങൾ വശങ്ങളിലുള്ള ഭിത്തികളിൽ. ചില പരിശുദ്ധന്മാരുടെ ഒന്നിലേറെ ചിത്രങ്ങളുണ്ട്. പടിഞ്ഞാറേ അറ്റത്തു വലതുവശത്ത് സ്ത്രീകൾ നില്ക്കുന്ന സ്ഥലത്താണ് യേശുക്രിസ്തുവിന്റെ ഒരു ചെറിയ ചിത്രത്തിന്റെ സ്ഥാനം. പല പള്ളികളുടെയും രീതി ഇതു തന്നെയൊ ഇതിലും വിചിത്രവുമോ അല്ലേ?

പള്ളികളിൽ വച്ചിട്ടുള്ള പല ചിത്രങ്ങളും ആരാധനാസമൂഹത്തിന്റെ ആത്മശരീരമനസുകളെ അത്യുന്നതങ്ങളിലേക്കു ഉയർത്തുന്നതിനൊ സ്വർഗ്ഗരാജ്യാനുഭവം ആരാധനാലയത്തിൽ സൃഷ്ടിക്കുന്നതിനൊ സഹായിക്കുന്നുണ്ടോയെന്നു സംശയിക്കേണ്ടിയിരിക്കുന്നു. വിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും ഐക്കണുകൾക്കും ആരാധ്യമായ എണ്ണഛായാ ചിത്രങ്ങൾക്കും പകരം, കാലം ചെയ്ത പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ പലപ്പോഴും അഭിപ്രായപ്പെട്ടിട്ടുള്ളതുപോലെ, കച്ചവടക്കണ്ണോടെ പാശ്ചാത്യനാട്ടുകാർ അവരുടെയിടയിലുള്ള സുന്ദരന്മാരെയും സുന്ദരികളെയും അനുകരിച്ചു വരച്ച പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയുമെന്ന പേരിൽ അച്ചടിച്ചു പ്രസിദ്ധീകരിച്ചിട്ടുള്ള ചിത്രങ്ങൾ ആത്മീയചിന്തകൾ ഉദ്ദീപിപ്പിക്കുന്നതിനൊ ആത്മീയാനുഭവങ്ങൾ പകരുന്നതിനൊ പര്യാപ്തമാകുന്നില്ലെങ്കിൽ അത്ഭുതപ്പെടേണ്ടതില്ല!

ദൈവപുത്രന്റെയും ദൈവമാതാവിന്റെയും ഹൃദയം കാണിച്ചുകൊണ്ടുള്ള ചിത്രങ്ങൾ വളരെ സാധാരണമാണ്. പൗരസ്ത്യ വിശ്വാസത്തിനു വിരുദ്ധമായ അവ പടിഞ്ഞാറൻ ഇറക്കുമതിയാണ്. റോമൻ കത്തോലിക്കാ പഠിപ്പിക്കലിനു അനുരൂപമായി അവർ നിർമ്മിച്ചതാണവ. ദൈവമാതാവിന്റെ ചിത്രമായാലും ഐക്കണായാലും യേശുക്രിസ്തുവിനെ പ. മാതാവ് വഹി

ച്ചുകൊണ്ടുള്ളതാണ് പൊതുവെ പൗരസ്ത്യരീതി. ദൈവപുത്രനിൽ നിന്നു അന്യമായി ഒരു “ദേവീ” cult ഉം സങ്കൽപ്പവും ഉയർന്നുവരാതിരിക്കാനാണ് പൗരസ്ത്യപിതാക്കന്മാർ അപ്രകാരം അനുവർത്തിച്ചിട്ടുള്ളത്.

യേശുക്രിസ്തു രണ്ടു വിരലുകൾ വിടർത്തി ഉയർത്തി അനുഗ്രഹിക്കുന്ന ഐക്കണുകളും ചിത്രങ്ങളും വളരെ പ്രചാരത്തിലുണ്ട്. കൽക്കദോൻ സുന്നഹദോസിനെ അംഗീകരിച്ചു കർത്താവിന്റെ ഇരുസ്വഭാവങ്ങളെ (Two natures) വ്യക്തമാക്കാൻ ഇരുസ്വഭാവമംഗീകരിച്ചവർ, പ്രത്യേകിച്ചും ബൈസന്റയിൻ സഭകൾ ഉപയോഗിക്കുന്ന അപ്രകാരമുള്ള ചിത്രങ്ങളും ഐക്കണുകളും നമ്മുടെ വിശ്വാസത്തിനു വിരുദ്ധമായുള്ളതാണ് (എം. ഒ. സി. പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ച “തിരുവചനതീർത്ഥ” ത്തിന്റെ കവർ പേജിലുള്ളത് അപ്രകാരമുള്ള ചിത്രമാണ്. ഗ്രന്ഥകാരനല്ല അതു നിശ്ചയിച്ചത്).

കിഴക്കൻ സഭകൾ കർത്താവിന്റെ കഷ്ടാനുഭവത്തിനും കുരിശു മരണത്തിനും വളരെ പ്രാധാന്യം കൊടുക്കുന്നുവെങ്കിലും വിയർപ്പും രക്തവുമൊഴുക്കുന്നതും ക്രൂശിക്കപ്പെട്ടു തല ചായിച്ചു കിടക്കുന്നതുമായ യേശുക്രിസ്തുവിന്റെ ചിത്രമായാലും ഐക്കണായാലും അതേരീതിയിൽ ആരാധനാസ്ഥലങ്ങളിൽ പ്രതിഷ്ഠിക്കുക പതിവില്ല. കഷ്ടാനുഭവങ്ങളിൽ കൂടി കടന്നുപോയപ്പോഴും ക്രൂശിൽ കിടന്നപ്പോളും കർത്താവിന്റെ ദൈവത്വത്തിനു – രാജത്വത്തിനു – കോട്ടമൊന്നും ഭവിച്ചിരുന്നില്ല. കുരിശിൽ തറയ്ക്കപ്പെട്ട കർത്താവ് ബലവാനും മരണമില്ലാത്തവനുമാണെന്നാണല്ലോ നാം കൗമ്മാ പ്രാർത്ഥനയിൽ നിരന്തരം ഉരുവിടുന്നത്. തന്മൂലം കഷ്ടാനുഭവങ്ങളുടെയും ക്രൂശീകരണത്തിന്റെയും ചിത്രങ്ങളും ഐക്കണുകളും രാജാധിരാജനായി ദൈവപുത്രൻ മഹിമയോടെ വാഴുന്ന രീതിയിലുള്ളവയാണ് പൗരസ്ത്യർ പൊതുവേ ഉപയോഗിക്കുന്നത്. യാഗാർപ്പണ പീഡയേക്കാൾ (Sacrifical suffering) തിന്മയിന്മേലും മരണത്തിന്മേലുമുള്ള മഹത്തായ വിജയമായാണ് ക്രൂശീകരണത്തെ പൗരസ്ത്യർ ധ്യാനിക്കുന്നതും ദർശിക്കുന്നതും. ഗത്ശിമോനിലെയും മുൾമുടി ചൂടി ക്രൂശിക്കപ്പെട്ടു കിടക്കുന്നതുമായ യേശുക്രിസ്തുവിന്റെ ശോകമൂകമായ ചിത്രങ്ങൾ നമ്മുടെ വിശുദ്ധസ്ഥലങ്ങളിലും അതിവിശുദ്ധസ്ഥലങ്ങളിലും സാധാരണമാണ്.

എവിടെയാണ് ചിത്രങ്ങൾ വയ്ക്കുന്നതെന്നുള്ളതും വളരെ പ്രധാനമാണ്. അവ പ്രതിഷ്ഠിക്കുന്നതിനുള്ള ക്രമീകരണങ്ങൾ (Protocole) തെറ്റിക്കുന്നതു നേരത്തെ സൂചിപ്പിച്ചതുപോലെ വിശ്വാസസത്യങ്ങളിൽ വീഴ്ച വരുത്തുന്നതുപോലെ അപകടകരവും. പല നമ്മുടെ പള്ളികളിലും മദ്ബഹായുടെ മുമ്പിൽ മദ്ധ്യത്തിലും വി. ബലിപീഠത്തിന്റെ പുറകിൽ ഏറ്റം മർമ്മപ്രധാനമായ സ്ഥലത്തും പരിശുദ്ധന്മാരുടെ ചിത്രങ്ങൾ സ്ഥാപിച്ചിരിക്കുന്നതു ഒരു പതിവു കാഴ്ചയാണ്.

ദേവാലയത്തിന്റെ മർമ്മസ്ഥാനത്തു പ്രതിഷ്ഠിക്കേണ്ടതല്ല പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും ചിത്രങ്ങളും ഐക്കണുകളും. പരിശുദ്ധന്മാരുൾപ്പെടെ ദേവാലയത്തിൽ സന്നിഹിതരാകുന്ന ദൃശ്യരുടെയും അദൃശ്യരുടെയും മാലാഖമാരുടെ ഗണങ്ങളുടെയും നോട്ടവും ലക്ഷ്യവും വി. ബലിപീഠത്തിലേക്കാണ്. അതിനു വിരുദ്ധമായും വിഘാതമായും ചിത്രങ്ങളും ഫോട്ടോകളും പതിപ്പിക്കുന്നതു അഭികാമ്യമല്ല. പരിശുദ്ധന്മാർ നമ്മോടൊത്തു ദൈവത്തെ ആരാധിക്കുന്നവരാണ്. ബലിപീഠത്തിനു ചുറ്റുമായൊ ബലിപീഠത്തെ ലക്ഷ്യമാക്കിയൊ സ്ഥാപിക്കേണ്ടതാണ് അവരുടെ ചിത്രങ്ങൾ. പല പ്രസിദ്ധ ഓർത്തഡോക്സ് ദേവാലയങ്ങളിലും പരിശുദ്ധന്മാരുടെയും മറ്റും ചിത്രങ്ങളും ഐക്കണുകളും കിഴക്കോട്ട് ത്രോണോസിനഭിമുഖമായാണ് പ്രതിഷ്ഠിച്ചിട്ടുള്ളത്. ബൈസന്റയിൻ സഭകളിൽ ദൈവമാതാവ്, യോഹന്നാൻ മാംദാന, ശ്ലീഹന്മാർ, ഏവൻഗേലിസ്തന്മാർ ആദിയായവരുടെ ഐക്കണുകൾ വയ്ക്കുന്നതിനുള്ള നടപടിക്രമം ശ്രദ്ധേയമാണ്. കാലം ചെയ്ത മാത്യൂസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ (പാറേട്ട്) കോട്ടയം മെത്രാസനത്തിലെ ഒരു ദേവാലയത്തിന്റെ കിഴക്കേ ഭിത്തിയിൽ ത്രോണോസിനു പിമ്പിൽ മദ്ധ്യഭാഗത്തു സ്ഥാപിച്ചിരുന്ന ആ പള്ളിനാമകാരണനായ അപ്പോസ്തോലന്റെ ചിത്രം മാറ്റി വയ്പിച്ചത് അറിയാം.

പടത്തോടുള്ള ഭക്തിപാരവശ്യവും പടത്തിന്റെ അത്ഭുതശക്തിയും (പരിശുദ്ധന്മാരോടുള്ള ഭക്തിയല്ല) പല സ്ഥലങ്ങളിലും പകർച്ചവ്യാധി പോലെ പടർന്നുകൊണ്ടിരിക്കുന്നു. ഇന്ന പള്ളിയിൽ സ്ഥാപിച്ചിരിക്കുന്ന ഇന്ന പരിശുദ്ധന്റെ (ശുദ്ധിമതിയുടെ) ചിത്രത്തിനു മുമ്പിൽ ഇത്ര ദിവസം പ്രാർത്ഥിച്ചു നേർച്ചയിട്ടാൽ ഉദ്ദേശിച്ച കാര്യം അച്ചട്ടായി ലഭിക്കുമെന്നു പരസ്യപ്പെടുത്തുന്ന സ്വകാര്യ ഏജൻസികളും സുലഭം (പ്രാർത്ഥിക്കണമെന്നുള്ളതിനു നിർബന്ധമില്ലെങ്കിലും നേർച്ചയിട്ടിരിക്കണമെന്നുള്ളതു ഒഴിച്ചുകൂടാനാവാത്തതാണ്). പരിശുദ്ധന്മാരുടെ മദ്ധ്യസ്ഥത ശക്തവും ശ്രേഷ്ഠവുമാണെങ്കിലും “പടഭക്തി” അതിരു കവിഞ്ഞു പലപ്പോഴും തട്ടിപ്പിന്റെ വക്കിൽ എത്തിനില്ക്കുന്നതുമായിത്തീരുന്നു. ചില പള്ളികളിൽ - മണർകാട് പള്ളി ഒരു ഉദാഹരണം - എട്ടുനോമ്പ് വീടുന്നതിന്റെ തലേ ദിവസം മാത്രമുള്ള ദൈവമാതാവിന്റെ ചിത്രപ്രദർശനം പാവപ്പെട്ട മനുഷ്യരുടെ കീശ കാലിയാക്കാനും പള്ളിയുടെ ഖജനാവു നിറയ്ക്കുവാനും പള്ളിഭാരവാഹികളുടെ സമ്പത്തു വർദ്ധിപ്പിക്കാനുമുള്ള ചെപ്പടിവിദ്യ മാത്രം. രണ്ടാമതൊരു മനുഷ്യാവതാരത്തിനു ദൈവപുത്രൻ തിരുമനസ്സായാൽ ഒരിക്കൽക്കൂടി ചാട്ടവാർ എടുത്തു പ്രയോഗിക്കാനുള്ള വേദി ഒരുക്കലാണത്. പാത്രിയർക്കീസ് വിഭാഗത്തിലെ കടവിൽ പൗലോസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ 1970-കളിൽ മണർകാടുപള്ളി

യിലെ എട്ടുനോമ്പു പെരുന്നാളിന് ഈ പടപ്രദർശനത്തിനെതിരായി ശക്തിയായി പ്രതികരിച്ചു. അതിനുശേഷം ആ പള്ളിയുടെ പടി കാണാൻ ഇടവകഭരണക്കാർ അനുവദിച്ചില്ലായെന്നാണ് അറിവ്.

വിശുദ്ധസ്ഥലങ്ങളിലും ദേവാലയങ്ങളിലും സ്ഥാപിച്ചിരിക്കുന്ന ചിത്രങ്ങളിൽ ദാനധർമ്മം ചെയ്തവരുടെ പേരും പെരുമയും പെരുത്തക്ഷരത്തിൽ രേഖപ്പെടുത്തി പ്രദർശിപ്പിക്കുന്ന രീതിയും ഇപ്പോൾ സാധാരണമാണ്. തന്മൂലം പലപ്പോഴും ചിത്രത്തിലെ വിശുദ്ധനേക്കാൾ ശ്രദ്ധ ആകർഷിക്കുന്നതു പലപ്പോഴും "ദാനധർമ്മി"യായിത്തീരുന്നു. പേരു പരസ്യപ്പെടുത്തി പ്രസിദ്ധരാകണമെന്നു ആഗ്രഹിക്കുന്നവരുടെ ദാനധർമ്മങ്ങൾ പ്രതിഷ്ഠിക്കാനുള്ള സ്ഥലവും വേദിയുമായി വി. കബറിടങ്ങളും വി. ദേവാലയങ്ങളും പരിണമിക്കാതിരുന്നുവെങ്കിൽ എന്നാഗ്രഹിച്ചുപോകുന്നു. പേരും മേൽവിലാസവുമില്ലാത്ത പാവപ്പെട്ട വിധവയുടെ ചില്ലിക്കാശിനു വിലയേറിയ പലതിനേക്കാളും വില കൽപിച്ചവനാണ് ദൈവപുത്രൻ.

പടപ്രതിഷ്ഠയായാലും പെരുന്നാളായാലും തിരുശേഷിപ്പ് വണക്കമായാലും ആരാധനയുമായി അനുബന്ധപ്പെടുത്തുന്ന മറ്റെന്തായാലും സർവ്വശക്തനായ ദൈവത്തെ ആരാധിക്കുന്നതിനും അവിടുത്തെ അനുഗ്രഹങ്ങൾ ആവഹിക്കുന്നതിനും അവ സഹായമായിരിക്കണം. അതിനുവേണ്ടിയാണു നാം പരിശുദ്ധന്മാരുടെ മദ്ധ്യസ്ഥതയിൽ ആശ്രയിക്കുന്നത്. അതു മറന്നും അവഗണിച്ചുമുള്ള പ്രദർശനങ്ങളും പ്രകടനങ്ങളും പ്രഘോഷണങ്ങളും ആത്മീയ പാപ്പരത്വത്തിന്റെ സൂചനകളാണ്. സഭയുടെ വളർച്ചയല്ല, തളർച്ചയായിരിക്കും പരിണിതഫലം.

ദൈവാരാധനയിൽ നിന്നു അകന്നുപോകാനും വികല വിശ്വാസങ്ങൾ പരക്കാനുമുള്ള വേദിയായി നമ്മുടെ ദേവാലയങ്ങളും അവയ്ക്കുള്ളിൽ പ്രതിഷ്ഠിക്കുന്ന ചിത്രങ്ങളും പരിണമിക്കാതിരിക്കട്ടെ!

# 2

# എതിരേല്പുകൾക്കു വരവേല്പ് *

കഴിഞ്ഞ രണ്ടുമൂന്നു പതിറ്റാണ്ടുകളായി ഒഴിച്ചുകൂടാനാവാത്തവിധം നമ്മുടെ സഭയിൽ കടന്നുകൂടിയിരിക്കുന്ന ഒരു അതിപ്രധാന ചടങ്ങുണ്ട്. വരവേല്പ്, എതിരേല്പ്, എഴുന്നള്ളത്ത്, ഘോഷയാത്ര ആദിയായ ഓമനപ്പേരുകളിൽ അറിയപ്പെടുന്ന "ദിവ്യ" ശുശ്രൂഷയാണത്. പള്ളിപ്പെരുന്നാൾ, പിതാക്കന്മാരുടെ ഓർമ്മപ്പെരുന്നാൾ, ദേവാലയ ജൂബിലി, സമാജ, സംഘടനാ വാർഷികങ്ങൾ, ഉപവാസ ധ്യാന ജൂബിലികൾ ഇവയെല്ലാം ഒന്നുകിൽ സമാരംഭിക്കുന്നതു അല്ലെങ്കിൽ സമാപിക്കുന്നത് ഈ സുപ്രധാന പരിപാടിയോടു കൂടിയാണ്. അരങ്ങു തകർക്കുന്ന, അന്തരീക്ഷ മലിനീകരണം സൃഷ്ടിക്കുന്ന ഈ അത്യുജ്ജ്വല ആഘോഷമില്ലാതെ കുരിശു കൂദാശ, പള്ളിക്കൂദാശ, മെത്രാൻ വാഴ്ച ആദിയായവ ഒന്നും പൂർത്തീകരിക്കപ്പെടുകയില്ല എന്നുള്ളതാണ് സത്യം.

ഏതു പ്രധാന പരിപാടിക്കും പരമ പ്രധാനമായ വരവേൽപ്പിനു പ്രാരംഭം കുറിക്കുന്നത് ഒരു പിടി ചെറു ഘോഷയാത്രകളുടെ ഘോഷയാത്രകളോടു കൂടിയാണ്. കൊടി ഘോഷയാത്ര, കൊടിമര ഘോഷയാത്ര എന്നു തുടങ്ങി ദീപശിഖയുടെയും ശേഷിപ്പിന്റെ അംശമില്ലാത്ത തിരുശേഷിപ്പിന്റെയും ഘോഷയാത്രകൾ ഇവയിൽ ഉൾപ്പെടുന്നു. 'പട' ഘോഷയാത്രയുടെ പടയണി വേറെ. കോട്ടയത്തുനിന്നോ, കുന്നംകുളത്തു നിന്നോ, കുലശേഖരത്തുനിന്നോ, കല്യാണിൽ നിന്നോ മറ്റോ ആരംഭിക്കുന്ന ഈ കൊച്ചുകൊച്ചു ഘോഷയാത്രകൾ വരാനിരിക്കുന്ന പെരിയ ഘോഷയാത്രയുടെ ചെറുപതിപ്പുകൾ മാത്രം. "തിരുശേഷിപ്പ്" പരുമലയിൽ നിന്നും നിരണത്തുനിന്നും ഒക്കെയായിരിക്കും.

പട്ടംകൊട, പള്ളിക്കൂദാശ മുതലായി മഹാപുരോഹിതന്മാർക്കു മാത്രം

---

* ഒരു വ്യാഴവട്ടക്കാലത്തിനു മുമ്പ് എഴുതിയതാണീ ലേഖനം.

നടത്തുവാൻ അനുവാദമുള്ള സഭയിലെ ചില പ്രത്യേക ക്രമങ്ങൾ പോലെ ഇതുമൊരു എപ്പിസ്കോപ്പൽ ശുശ്രൂഷയാണ്. മുടിയും അംശവടിയുമുള്ള മേല്പട്ടക്കാരൻ ഈ ചടങ്ങിനു കാർമ്മികനായിരിക്കണമെന്നുള്ളത് കട്ടായമായ കാര്യവും. അംശവസ്ത്രങ്ങൾ അണിയേണ്ട ആവശ്യമില്ലെന്നു മാത്രം (മന്ത്രിമാരായാലും മതിയെന്നു കരുതുന്നവരുണ്ടെന്നുള്ളതു വിസ്മരിക്കുന്നില്ല).

ഒഴിച്ചുകൂടാനാവാത്ത ഒട്ടുവളരെ ശട്ടവട്ടങ്ങൾ വേറെയുമുണ്ട്. കൊടിയും, കൊടയും, കൊട്ടും, കുരവയും, ചെണ്ടയും, ശണ്ഠയും മൈക്കും, ബൈക്കും, കള്ളും, കതിനായും, ആനയും, അമ്പാരിയും, "അംശ"രഥവുമെല്ലാം ഈ ആരവാര ശുശ്രൂഷയ്ക്കു അനിവാര്യമാണ്. മേളത്തിനു താളം കൂട്ടാനും ഓളംപോലെ നീങ്ങാനും വീറും വീര്യവുമുള്ള വിശ്വാസികളുടെ കൂട്ടത്തിനും കൂട്ടായ്മയ്ക്കും കുറവുണ്ടാകുകയില്ല. വരവേല്പിന്റെ വരവും പോക്കും, നില്പും നീക്കവും ഏറ്റവും കൂടുതൽ "ആത്മാവു" പ്രാപിച്ചു വിലസുന്നവന്റെ വിരൽത്തുമ്പിലായിരിക്കും മിക്കവാറുമെന്നുള്ളതാണ് എടുത്തുപറയത്തക്ക മറ്റൊരു പ്രത്യേകത.

എല്ലാ സഭകളും വിഭാഗങ്ങളും താല്പര്യമുള്ളവരാണെങ്കിലും ഈ പ്രകടന"ക്രമം" പ്രധാനമായും നമ്മുടെ സഭയിലാണ് ഏറെയും നടമാടുന്നത്. നമ്മുടെ സഭയെന്നു പറയുമ്പോൾ പാത്രിയർക്കാ വിഭാഗവും ഉൾപ്പെടുന്നു. പള്ളി കയ്യേറാനും, കൈയടക്കാനും മേല്പറഞ്ഞ എല്ലാ ചേരുവകളും ചേർന്ന തീർത്ഥാടന ഘോഷയാത്രയാണല്ലോ അവർ പുറത്തെടുക്കുന്നത്. പണവും പാൽപ്പൊടിയും പ്രൈമറിസ്കൂൾ ജോലിയും കൊടുത്ത് ഇന്ന് ആൾപിടിത്തം നടത്താൻ ആവാത്തതിൽ മനമുരുകി കഴിയുന്ന മലങ്കരയിലെ മറ്റൊരു സഭാവിഭാഗത്തിനും ഓർത്തഡോക്സ് സഭാംഗങ്ങളെ ആകർഷിച്ച് അകത്താക്കാൻ ഇതു വളരെ പഥ്യമുള്ള പരിപാടിയായി മാറിയിട്ടുണ്ട്. പ്രത്യേകിച്ചും പത്ത് ഓർത്തഡോക്സ് (യാക്കോബായ) കാരുടെ മദ്ധ്യത്തിൽ ഇവർ നടത്തുന്ന ഏതു പരിപാടിയുടെയും വാരിയെല്ല് വരവേല്പാണ്.

പള്ളിക്കൂദാശ വളരെ പ്രാധാന്യമുള്ള ഒരു നീണ്ട ശുശ്രൂഷയാണല്ലോ. കല്ലിടീൽ (അടിസ്ഥാനശില), പള്ളിക്കൂദാശയുടെ ഒന്നാം ഭാഗം, രണ്ടാം ഭാഗം എന്നിങ്ങനെ നാഴികകൾ നീളുന്ന ഈ ശുശ്രൂഷയുടെ പ്രഥമവും പലർക്കും പരമപ്രധാനവുമായ ഭാഗം വരവേല്പായി പരിണമിച്ചിട്ടുണ്ട്. മന്ദംമന്ദം നീങ്ങുന്ന എതിരേല്പിനെ തുടർന്ന് രഥത്തിലിരുന്നു തളർന്ന മഹാപുരോഹിതരും നിരത്തിലൂടെ അലഞ്ഞു വലഞ്ഞ പുരോഹിതരും അവശരായി ആരംഭിക്കുന്ന ഈ അതിപ്രധാന ശുശ്രൂഷയ്ക്കു പള്ളിയും പരിസരങ്ങളും പൂരം കഴിഞ്ഞ പറമ്പുപോലെ ശൂന്യമാകാറാണു പതിവ്. തപ്പും തംബുരുവും താളമേളങ്ങളും നാദമുയർത്തിയ അന്തരീക്ഷത്തിനു

താങ്ങായി ആർപ്പുവിളികളും അട്ടഹാസങ്ങളും കൊണ്ടു തളർന്ന ഭക്തജനമൊട്ടുമുക്കാലും ആരാധനാ ശുശ്രൂഷയിൽ നിന്ന് അവധി എടുത്തു വിശ്രമിക്കുന്ന വേളയാണു വരവേല്പു കഴിഞ്ഞുള്ള ഏതു ശുശ്രൂഷയും. പ്രത്യേകിച്ചും പള്ളിക്കൂദാശ (അതുകൊണ്ടു തന്നെയായിരിക്കണം മഹാപുരോഹിതന്മാർക്കു പലർക്കും കമ്പമുള്ള രഥയാത്രയോടു എതിർപ്പു പ്രകടിപ്പിക്കുന്നവരും അതിൽ പങ്കെടുക്കാത്തവരുമായി ചുരുക്കം ചില മേല്പട്ടക്കാർ സഭയിലുള്ളത്).

മുദ്രാവാക്യങ്ങൾ കൊണ്ടു മുഖരിതമാണ് എപ്പോഴും ഈ മഹായാത്ര. മുഷ്ടി ചുരുട്ടി മുദ്രാവാക്യങ്ങൾ ആകാശത്തിലേക്കു ചീറ്റി എറിഞ്ഞുകൊണ്ടുള്ള ആവേശകരമായ ആക്രോശം കേട്ടാൽ സഭയുടെയും സത്യവിശ്വാസത്തിന്റെയും നിലനില്പ് ഈ ശബ്ദത്തിന്റെ ശക്തിയിലാണെന്നു തോന്നും. ഭക്തിയുടെ ശക്തി! ശബ്ദമുള്ള, ശക്തിയുള്ള ഭക്തി! അനുഗ്രഹത്തിന്റെ ആകാശകവാടങ്ങൾ ശക്തിയേറിയ ഭക്തി കണ്ടു ഭയന്നു ഭ്രമിച്ചു അടഞ്ഞു പോകാതിരുന്നുവെങ്കിൽ എന്നാഗ്രഹിച്ചു പോകുന്നു; പ്രാർത്ഥിക്കുന്നു.

പാർട്ടിക്കാരിൽ നിന്നു പകർത്തിയതാണല്ലൊ ഈ പ്രകടന, പ്രചരണ പരിപാടി. രാഷ്ട്രീയക്കാർക്ക് ആളുകളെ അണിനിരത്തുവാനും ഒപ്പം ഉറപ്പിച്ചു നിർത്തുവാനും വാർത്താ മാധ്യമങ്ങളിൽ സ്ഥലവും സ്ഥാനവും കൈയടക്കാനുമുള്ള മാർഗ്ഗമാണ് വരവേല്പും പ്രകടന റാലിയും. കക്ഷിവഴക്കിന്റെ മൂർദ്ധന്യാവസ്ഥയിൽ സ്വന്തം കക്ഷിയുടെ ശബ്ദവും ശക്തിയും മാധ്യമങ്ങളുടെയും ഭരണകക്ഷിയേയും ബോദ്ധ്യപ്പെടുത്തുവാൻ ഈ അടവ് അനുയോജ്യമായിരുന്നിരിക്കാം. പക്ഷേ, ഏതു ആത്മീയ ആഘോഷങ്ങൾക്കും പ്രാരംഭമായൊ പരിസമാപ്തിയായൊ എതിരേല്പിനു വരവേല്പു നല്കിയാൽ ഈ വിശുദ്ധ സമൂഹം ഒരു “പോയിം പോയിം” സമൂഹമായി പരിണമിക്കുകയാകില്ലെ പരിണിതഫലം. പണച്ചെലവു ഉൾപ്പെടെയുള്ള ഭാരിച്ച പാഴ്ച്ചെലവുകളുടെ കാര്യം പറയാതിരിക്കുകയാണു ഭേദം.

ആൾക്കൂട്ടവും ആരവാരവും സൃഷ്ടിക്കുവാൻ വലിയ ആയാസ്സമാവശ്യമില്ല. ആൾക്കൂട്ടത്തിന്റെ അർത്ഥശൂന്യമായ ആരവങ്ങളിൽ നിന്നും ആർപ്പുവിളികളിൽ നിന്നും ദൈവജനത്തെ വിടർത്തി പരിശുദ്ധാത്മാവിന്റെ നിറവിലും നിയന്ത്രണത്തിലും അവരെ നയിക്കുകയാണ് സഭാ നേതൃത്വത്തിന്റെ ഉത്തരവാദിത്വം (അതു അത്ര എളുപ്പമല്ല താനും). ആ ലക്ഷ്യം ഉപേക്ഷിച്ച് അണികളുടെ എണ്ണവും വണ്ണവും കണ്ടും അവർ ഉയർത്തുന്ന നിരർത്ഥകമായ ശബ്ദബ്രഹ്മം കേട്ടും ഉല്ലസിച്ച് ആഹ്ലാദിക്കുകയും അതു നല്കുന്ന ശൂന്യമായ സുരക്ഷിതത്വമോർത്ത് നിർവൃതി അടയുകയും ചെയ്യുന്നത് അപകടകരമായ പ്രവണതയാണ്. പലപ്പോഴും എതിരേല്പു

കളുടെയും ഘോഷയാത്രകളുടെയും പരിണിതഫലം അവ മാത്രമല്ലേ?

ആരവാരത്തിന്റെ അമരത്തിരുന്ന് അതിന്റെ ഭാഗമായിത്തീരുകയൊ ആൾക്കൂട്ടത്താൽ നയിക്കപ്പെടുകയൊ ചെയ്യേണ്ടവരല്ല ആത്മീയ നേതൃത്വം. സ്വർഗ്ഗരാജ്യത്തിന്റെ സമ്പൂർണ്ണത സ്വപ്നം കണ്ടും അത് ഈ ലോകജീവിതത്തിൽ വച്ചു തന്നെ അനുഭവയാഥാർത്ഥ്യമാക്കിയും പ്രയാണംചെയ്യുന്ന രാജകീയ പുരോഹിതവർഗ്ഗമായ തീർത്ഥാടക സമൂഹത്തിനു ശരിയായ പാതയും സമൃദ്ധിയായ ഭക്ഷണവും ഒരുക്കുകയാണ് ആത്മീയ നേതൃത്വത്തിന്റെ കർമ്മവും ധർമ്മവും. മുഷ്ടി ചുരുട്ടി മുദ്രാവാക്യം മുഴക്കുന്നവർ മാറത്തടിച്ച് 'കർത്താവേ! കരുണ തോന്നണമേ' എന്നു കരഞ്ഞു വിലപിക്കുവാനും പ്രാർത്ഥിക്കുവാനുമുള്ള പ്രേരണയും പാപബോധവും സൃഷ്ടിക്കേണ്ടിയിരിക്കുന്നു. പൊയ്മുഖമണിഞ്ഞ പരീശനെ പാപഭാരമുള്ള വ്രണിതഹൃദയനായ ചുങ്കക്കാരനായി ഉടച്ചുവാർക്കുന്ന ഉത്തരവാദിത്തം ഭാരിച്ചതാണ്; ഒപ്പം ദൈവികവും. ആൾക്കൂട്ടം ആരവാരമായിത്തീരുന്നതിലല്ല, മറിച്ച്, അച്ചടക്കമുള്ള, ആത്മാവു നിറഞ്ഞ ആരാധനാ സമൂഹമായിത്തീരുന്നതിലാണ് സഭയുടെ വളർച്ചയും ഉയർച്ചയും. അപ്പോൾ രാജകീയ പുരോഹിതവർഗ്ഗമാകുന്ന സഭാമക്കൾക്ക് സ്വർഗ്ഗരാജ്യസാക്ഷാൽക്കാരത്തിന്റെ പ്രാരംഭം ഇവിടെ അനുഭവവേദ്യമാകുന്നു.

*   *   *   *   *   *   *   *   *

റോമിലെ കാറ്റകോമ്പിലുള്ള ഭിത്തികളിലൊന്നിൽ വളരെ പ്രസിദ്ധിയാർജിച്ച ഒരു സ്ത്രീരൂപം (The ORANS) ഉണ്ട്. ദൃഷ്ടികൾ ഉയരങ്ങളിൽ പതിപ്പിച്ചു വിടർത്തിയ കൈവെള്ളകളോടെ ഇരുകരങ്ങളുമുയർത്തി പ്രാർത്ഥിക്കുന്ന ആ രൂപം അതിപുരാതന ഐക്കണുകളിലൊന്നായി കരുതപ്പെടുന്നു. അതു പരിശുദ്ധ കന്യകമറിയാമിന്റെയാകാം; പ. സഭയുടെയൊ പ്രാർത്ഥിക്കുന്ന ആത്മാവിന്റെയൊ പ്രതിരൂപമാകാം; അഥവാ അവയെല്ലാമാകാം. എന്തായാലും പരിശുദ്ധാത്മ നൽവരത്തിനായി പ്രാർത്ഥിക്കുന്ന, കാത്തിരിക്കുന്ന ഉത്തമ ക്രിസ്ത്യാനിയുടെ പ്രതീകമായാണ് ഏറെയും അത് വീക്ഷിക്കപ്പെടുന്നത്.

പ്രസിദ്ധ വേദശാസ്ത്രജ്ഞനായ ബിഷപ്പ് കലിസ്റ്റോസ് വെയർ അദ്ദേഹത്തിന്റെ "The Orthodox Way" എന്ന പുസ്തകത്തിൽ ഈ ഐക്കണെക്കുറിച്ചു പ്രതിപാദിച്ചതിനു ശേഷം മൂന്നു വിധത്തിൽ കൈകൾ ഉപയോഗിക്കുന്നതിന്റെ പ്രതീകാത്മ അർത്ഥതലങ്ങൾ വിവരിക്കുന്നുണ്ട്. ഒന്നു കൈകൾ കെട്ടി ഭയത്തെ അനുസ്മരിപ്പിക്കത്തക്കവണ്ണമൊ മുഷ്ടി ചുരുട്ടി നിർബന്ധ ബുദ്ധിയേയൊ വെല്ലുവിളിയെയോ വെളിപ്പെടുത്തുന്ന രീതിയിലോ ആകാം. മറ്റൊന്നു കരങ്ങൾ ഇരുവശങ്ങളിലും നിസംഗ്ഗതയോടെ തൂക്കിയിട്ടു വ്യക്തമായ നിലപാടുകളില്ലെന്നു സൂചിപ്പിക്കുന്ന വിധത്തി

ലാകാം. മൂന്നാമതൊന്നു, വിടർത്തിയ കൈവെള്ളകളോടെ കൈകൾ ഉയർത്തി, ഒറാൻസ് എന്ന ഐക്കണിനെപ്പോലെ, പരിശുദ്ധാത്മനിറവ് അനുഭവിക്കാനും പരിശുദ്ധാത്മ നൽവരങ്ങൾ പ്രാപിക്കുവാനുമായി വിനയത്തോടും ഭക്തിപൂർവ്വവും നോക്കിപ്പാർക്കുന്ന രീതി.

മുഷ്ടി ചുരുട്ടി വെല്ലുവിളിക്കായി ഉപയോഗിക്കുന്ന കരങ്ങൾ പരിശുദ്ധാത്മ നൽവരങ്ങൾ പ്രാപിക്കുന്നതിനും പരിശുദ്ധാത്മ സൽഫലങ്ങൾ പുറപ്പെടുവിക്കുന്നതിനുമായി ഉയർത്തുന്ന വിശ്വാസികളുടെ സമൂഹമായി പരിണമിക്കുന്നതിനു നമുക്കു പ്രാർത്ഥിക്കാം; പ്രവർത്തിക്കാം. അപ്രകാരം വിശ്വാസികളെ ഒരുക്കുന്നതിനും ഒരുമിപ്പിക്കുന്നതിനുമാകട്ടെ ആത്മീയ നേതൃത്വത്തിന്റെ ഉന്നവും ഊന്നലും ഉണർത്തുപാട്ടുകളും.

# 3

# വിശുദ്ധ കുർബ്ബാനയും പ്രത്യേക പ്രാർത്ഥനകളും

വിശുദ്ധ കുർബ്ബാനയോടനുബന്ധിച്ചു പ്രത്യേക പ്രാർത്ഥനകൾ കൂട്ടിച്ചേർക്കുക എന്നുള്ളതു ഒരു ആധുനിക പ്രവണതയാണ്. പ്രാർത്ഥനകളുടെ എണ്ണം ചില സ്ഥലങ്ങളിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്നതോടൊപ്പം പല ഭാഗങ്ങളിലേക്കും അവ പടർന്നുകൊണ്ടിരിക്കയുമാണല്ലൊ! ആരാധനയോടനുബന്ധിച്ചു അനാവശ്യ രീതികൾക്കു ആരംഭമിട്ടു കഴിഞ്ഞാൽ അവ നിർത്തുന്നതിനൊ തിരുത്തുന്നതിനൊ പലരും ധൈര്യപ്പെടാറില്ല. ഓർത്തഡോക്സി ആയി, പവിത്ര പാരമ്പര്യമായി പരിപാലിക്കുവാനും പരിപോഷിപ്പിക്കുവാനുമാണ് പിന്നെ ഏവരുടെയും ശ്രദ്ധയും ശ്രമവും.

മറുനാട്ടിലല്ല, മലങ്കരയിലുള്ള ഒരു പള്ളിയിൽ ഒരു ഞായറാഴ്ച വി. കുർബ്ബാന അർപ്പിച്ചപ്പോളുണ്ടായ അനുഭവമാണ് ഈ കുറിപ്പിനാധാരം. വി. കുർബ്ബാനയിൽ അനേകം പേരുകൾ പ്രാർത്ഥിക്കുവാൻ അന്നു ലഭിച്ചിരുന്നു. ജന്മദിനം, വിവാഹവാർഷികം ആദിയായവ ആഘോഷിക്കുന്നവരും വിദൂരയാത്രയ്ക്കു ഒരുങ്ങുന്നവരും രോഗികളും പരേതരുമെല്ലാം ഉൾപ്പെട്ടതായിരുന്നു ആ ലിസ്റ്റ് (ഈ ലേഖകനായിരുന്നു വി. കുർബ്ബാന അർപ്പിച്ചത്). വി. കുർബ്ബാന പൂർത്തീകരിച്ചു കഴിഞ്ഞപ്പോൾ അടുത്ത ചടങ്ങിനു വികാരി അച്ചൻ ആരംഭമിടുകയായി. പ്രത്യേക പ്രാർത്ഥനകളുടെ നീണ്ട യജ്ഞമായിരുന്നു അത്.

ജന്മദിനപ്രാർത്ഥന, രോഗികൾക്കു വേണ്ടിയുള്ള പ്രാർത്ഥന, വിവാഹവാർഷികക്കാർക്കു വേണ്ടിയുള്ള പ്രാർത്ഥന, ദുരിതാശ്വാസ പ്രാർത്ഥന (സുനാമി സമയമായിരുന്നു അന്ന്) ആദിയായി അര ഡസൻ പ്രത്യേക പ്രാർത്ഥനകൾ അച്ചൻ നടത്തി. അവയെല്ലാം തന്നെ "വൈദികമിത്ര" ത്തിൽ നിന്നുള്ളതും. പ്രത്യേക പ്രാർത്ഥനകളുടെ കടമ്പ കടന്നുകിട്ടി,

ഇനിയും അനൗൺസുമെന്റും കൈമുത്തുമായിരിക്കുമെന്നാണ് കരുതിയത്. പക്ഷേ, അത് അസ്ഥാനത്തായിരുന്നു. സമയം ഇത്തിരിയേറെ എടുത്ത ഒരു 'വാചാ' പ്രാർത്ഥനയായിരുന്നു അടുത്തത്. വാചകമടി പ്രാർത്ഥനയെന്നു ആരോപിച്ചാൽ അധികം അതിശയോക്തി ആകാൻ ഇടയില്ല. പ്രാർത്ഥന എപ്പോഴും ഏതെങ്കിലും പുസ്തകത്തെ, ക്രമത്തെ ആശ്രയിച്ചായിരിക്കണമെന്നു നിർബന്ധമില്ലാത്ത ഒരുവൻ അതേക്കുറിച്ചു ആരോപിച്ചതു അതൊരു അക്രമ, അതിക്രമ പ്രാർത്ഥനയായിരുന്നുവെന്നാണ്. "വാചാ" പ്രാർത്ഥനയിൽ നേരത്തെ നടത്തിയ പ്രത്യേക പ്രാർത്ഥനകളിൽ നിന്നുള്ള വാചകങ്ങൾ ആവർത്തിച്ചിരുന്നു. ഒപ്പം തനതു പ്രാർത്ഥനയിലെ സ്ഥിരം ശൈലികളും പ്രയോഗങ്ങളും പ്രകടനങ്ങളും കൂട്ടിച്ചേർക്കുകയും ചെയ്തു. തുടർച്ചയായി കേട്ട ഒന്ന്, "കർത്താവേ, കടന്നുവരണമെ" എന്നുള്ളതാണ്. വി. കുർബ്ബാനയിൽ സന്നിഹിതനായിരിക്കുന്ന "പൊന്നേശുതമ്പുരാനെ" വികാരി വികാരം കൊണ്ടു വിസ്മരിച്ചതാണോയെന്നറിയില്ല.

ആരാധനയുടെ മകുടമായ വി. ബലിയിൽ ആരംഭം മുതൽ അവസാനം വരെ ആവർത്തിച്ചു വ്യക്തികളെയും സമൂഹങ്ങളെയും അവരുടെ ആവശ്യങ്ങളെയും ആഗ്രഹങ്ങളെയും പ്രയാസങ്ങളെയും ഓർത്തു പ്രാർത്ഥിക്കുന്നുണ്ട്. അങ്ങനെ ഓർക്കുന്നവരിൽ ഈ ലോകത്തിൽ ജീവിക്കുന്നവരും ഈ ലോകവാസം വിട്ടു പിരിഞ്ഞവരുമുണ്ട്. രോഗികളും അനുതാപികളും വിവിധ പ്രയാസങ്ങൾ അനുഭവിക്കുന്നവരും അവരിൽ ഉൾപ്പെടുന്നു. ജന്മദിനം, വിവാഹവാർഷികം ആദിയായവ ആഘോഷിക്കുന്നവർക്കും അവർക്കു ലഭിച്ച അനുഗ്രഹങ്ങൾക്കും തുടർന്ന് അവ ലഭിക്കുന്നതിനും പ്രാർത്ഥിക്കുന്നു. ദൈവമാതാവിനെയും പരിശുദ്ധന്മാരെയും പ്രത്യേകം സ്മരിച്ചും അവരുടെ അതിശ്രേഷ്ഠ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചും ആവശ്യങ്ങൾ സമർപ്പിച്ചും അപേക്ഷിക്കുന്നുണ്ട്. ആദി മാതാപിതാക്കളായ ആദാമും ഹവ്വായുമുൾപ്പെടെ സകല മനുഷ്യരെയും ഈ പ്രപഞ്ചത്തെ മുഴുവനായും വി. കുർബ്ബാനയിൽ അനുസ്മരിക്കുന്നു.

ഇപ്രകാരമുള്ള അപേക്ഷകളിൽ ഏറെയും വി. കുർബ്ബാന പരസ്യമായി ആരംഭിക്കുന്നതിനു മുമ്പുള്ള ഒരുക്ക ശുശ്രൂഷയിലാണു നടത്തുന്നത്. ആവശ്യക്കാരുടെ ആവശ്യങ്ങളും പ്രയാസങ്ങളും ദൈവസന്നിധിയിൽ സമർപ്പിക്കുവാനുള്ള പ്രത്യേക അവസരമാണത്. വി. കുർബ്ബാന പരസ്യമായി ആരംഭിച്ചാൽ പദവിയിലേക്കു പ്രവേശിക്കുന്നതിനു മുമ്പ് പ്രധാന കാർമ്മികൻ, പേരു ലഭിച്ചവരെയും അതോടൊപ്പം പ്രാർത്ഥിക്കാൻ ആവശ്യപ്പെട്ടിട്ടുള്ളവർ, കടപ്പെട്ടവർ, ആവശ്യക്കാരും പ്രയാസമനുഭവിക്കുന്നവരുമായുള്ളവർ ആദിയായി ഇടവകയിലും സ്വന്തം അറിവിലും മറ്റുമുള്ളവരെയും ഓർത്തു പ്രത്യേകം മദ്ധ്യസ്ഥത നടത്തുന്നു. തൂബദേൻ വായനാവേളയിലും ഇതു

തുടരുന്നുണ്ട്. കൂടാതെ, പ്രുമിയോൻ, സെദറാകളിലും 'അൻപുടയോനേ' തുടങ്ങിയ കാസോലിക്കി ഗാനങ്ങൾക്കു ശേഷമുള്ള ലുത്തിനിയാ പ്രാർത്ഥനകളുടെ വേളകളിലും കുക്കിലിയോൻ ചൊല്ലുന്ന അവസരത്തിലും ഹുത്തോമോ വേളയിലും ആവശ്യക്കാരുടെ ആവശ്യങ്ങൾ പൊതുവായി സമർപ്പിക്കുന്നതിനും അനുഗ്രഹങ്ങൾക്കു നന്ദിയും സ്തോത്രവും കരേറ്റുന്നതിനുമുള്ള അവസരങ്ങളാണ് (വി. കുർബ്ബാന മദ്ധ്യേയുള്ള ലുത്തിനിയാ പ്രാർത്ഥനകൾ ആരാധനയുടെ പ്രധാന ഭാഗങ്ങളാണ്. മദ്ധ്യസ്ഥ പ്രാർത്ഥനകളാണവ. അവയ്ക്ക് പകരം അനുയോജ്യമല്ലാത്ത ചില പ്രത്യേക ഗാനങ്ങളാണ് പലപ്പോഴും ഉപയോഗിക്കുന്നത്). വി. കുർബ്ബാനയിൽ ഓർത്തു പ്രാർത്ഥിക്കുന്നതു പ്രാർത്ഥനകളിൽ ഏറ്റം ശ്രേഷ്ഠമെന്നുള്ളതാണു നമ്മുടെ വിശ്വാസം. ദൈവപുത്രനോടുള്ള ഏറ്റം സമീപസ്ഥമായ അപേക്ഷയാണല്ലോ അത്.

തുടർച്ചയായി വി. കുർബ്ബാനകളിൽ പ്രാർത്ഥിച്ചതിനു ശേഷം പ്രത്യേകം നടത്തുന്ന പ്രാർത്ഥനകളുടെ ആവശ്യമെന്താണ്? ആരാധനാസമയം അനാവശ്യമായി നീട്ടിക്കൊണ്ടുപോയി സന്നിഹിതരായ സർവ്വരേയും ബുദ്ധിമുട്ടിക്കുന്നതിന് അവ ഇടയാക്കുകയും ചെയ്യും. ഒപ്പം ആരാധനയിലൂടെ കരഗതമായ അനുഗ്രഹീത അനുഭവങ്ങൾക്ക് ഒരു ആന്റി ക്ലൈമാക്സ് അവ സൃഷ്ടിക്കുകയുമാണ്. ആവശ്യമെങ്കിൽ ജന്മദിനക്കാരുടെയും വിവാഹ വാർഷികം ആഘോഷിക്കുന്നവരുടെയും പേരുകൾ പ്രസ്താവിച്ചാൽ മതിയാകില്ലെ? (ലഭിക്കുന്ന പേരുകൾ വി. കുർബ്ബാനയിൽ ഓർക്കുന്ന കാര്യം സഭാംഗങ്ങൾക്കും അജ്ഞാതമായിരിക്കും. ഇടവകയുടെ, സഭയുടെ ആത്മീയ നേതൃത്വത്തിന്റെ ഉത്തരവാദിത്തമാണ് പഠിപ്പിക്കുക എന്നുള്ളത്. പ്രബോധന ശുശ്രൂഷയുടെ അഭാവമാണ് സഭാംഗങ്ങൾ സഭ വിട്ടുപോകുന്നുവെങ്കിൽ അതിന്റെ പ്രമുഖ കാരണങ്ങളിലൊന്ന്. ജന്മദിനക്കാർക്കും മറ്റും വേണ്ടിയുള്ള പ്രത്യേക പ്രാർത്ഥനകളുടെ ലക്ഷ്യം അനുഗ്രഹത്തോടൊപ്പമോ അതിലേറെയോ പള്ളിക്കു പണസമ്പാദനത്തിനുള്ള മാർഗ്ഗമായാണ് ഇടവക ഭാരവാഹികളിൽ പലരും കരുതുന്നത്).

വി. കുർബ്ബാനമദ്ധ്യേ ദൈവമാതാവിന്റെ കുക്കിലിയോൻ ചൊല്ലുന്നതിനു മുമ്പോ, ഇടയ്ക്കോ, തീർന്നതിനു ശേഷമോ മാതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന ചില സ്ഥലങ്ങളിൽ സ്ഥിരവും പലടത്തും എട്ടുനോമ്പിനോടനുബന്ധിച്ചും ഒഴിച്ചുകൂടാനാവാത്ത ഒന്നായി കരുതി ചൊല്ലുന്നുണ്ട്. പ. ദൈവമാതാവ് രണ്ടാമത്തെ സ്വർഗ്ഗമാണ്; അതുകൊണ്ടുതന്നെ മാതാവിനോടുള്ള മദ്ധ്യസ്ഥത അതിശ്രേഷ്ഠവും അച്ചട്ടുമാണ്. "പാപികളായ ഞങ്ങൾക്കുവേണ്ടി ഇപ്പോഴും എപ്പോഴും ഞങ്ങളുടെ മരണസമയത്തും അപേക്ഷിക്കണെ"മെന്നു ആവർത്തിച്ചു മാതാവിനോടു മദ്ധ്യസ്ഥത നാം നടത്തുന്നു. അതുപോലെ തന്നെ, നോമ്പിനും ഉപവാസത്തിനും

പ്രാർത്ഥനയ്ക്കുമുള്ള പരമപ്രാധാന്യം പൗരസ്ത്യ പൂർവ്വികപാരമ്പര്യത്തിന്റെ അടിത്തറയാണ്. ഉത്തമ ജീവിതത്തിനു അവ ഉയിരും ഉണർവ്വും പകരുന്നു. എങ്കിലും എട്ടുനോമ്പ് എന്ന സഭയുടേതല്ലാത്ത നോമ്പ് സഭയുടെ പാരമ്പര്യങ്ങളെയും പ്രമാണങ്ങളെയും പരസ്യമായി ലംഘിക്കുന്ന ചടങ്ങാണെന്നുള്ളത് അതു നടത്തുന്നതിനു നേതൃത്വം നല്കുന്നവർക്കു അജ്ഞാതമാകാൻ വഴിയില്ല (കന്യകമറിയാമിന്റെ ജനനം അമലോല്ഭവവുമായി ബന്ധപ്പെടുത്തി കത്തോലിക്കാസഭാ തുടങ്ങിവച്ചതാണ് എട്ടു നോമ്പ്. വി. കുർബ്ബാന കഴിഞ്ഞുള്ള വി. കുർബാന അനുഭവിക്കാതെയുള്ള ഉപവാസം ഉൾപ്പെടെ പലതും അവയ്ക്ക് ഉദാഹരണങ്ങളാണ്. എല്ലാ നോമ്പുകളേക്കാളും അനേകർക്കും പ്രാധാന്യം എട്ടുനോമ്പായി മാറിയിരിക്കുന്നു). പലപ്പോഴും ദൈവിക രഹസ്യങ്ങളുടെ ആഘോഷമായ വി. കുർബ്ബാനസമയത്തു പുറത്തു അലയുന്നവർ മദ്ധ്യസ്ഥ പ്രാർത്ഥനയുടെ സമയത്തു തിരിയും പിടിച്ചു (വേറൊരു വിചിത്ര ചടങ്ങ്) ഭക്തിപൂർവ്വം പങ്കെടുക്കുന്നതു പതിവു കാഴ്ചയായിരിക്കും. അവർക്ക്, ഒപ്പം പലർക്കും പ്രധാനം മദ്ധ്യസ്ഥ പ്രാർത്ഥനയാണ്, മറിച്ചു വി. കുർബ്ബാനയല്ല എന്നുള്ളത് എത്രയൊ പരിതാപകരമാണ്.

വി. ത്രോണോസിൽ സന്നിഹിതനായിരിക്കുന്ന ദൈവപുത്രനെ സഭയോടു ചേർന്ന് ദൈവമാതാവ് ആരാധിക്കുന്ന അവസരമാണ് വി. കുർബ്ബാനവേളയിലുള്ള കുക്കിലിയോൻ സമയം. അതോടൊപ്പം നമുക്കുവേണ്ടി പുത്രനോടു പ്രാർത്ഥിക്കണമെന്നു അപേക്ഷിക്കയും ചെയ്യുന്നു. "ഭക്തർ പുകഴ്ചാ ഭാജനമെ, നിന്നിലുദിച്ചോരേകസുതൻ, തൃക്കരൾ ഞങ്ങളിലലിവാൻ തൻ പക്കലപേക്ഷ അണയ്ക്കേണം." അതുതന്നെയാണ് "മോറാൻ ഈശോ കുരിശിൻ നിൻ" "നിർത്തീടരുതേ പരിശുദ്ധേ" എന്നീ ഗാനങ്ങളിലും നാം അപേക്ഷിക്കുന്നത്. അതുകൊണ്ടു തന്നെ പ്രത്യേകമായൊരു മദ്ധ്യസ്ഥ പ്രാർത്ഥന വി. കുർബ്ബാനമദ്ധ്യേയോ അതിനുശേഷമൊ അസ്ഥാനത്താണ്. വി. കുർബ്ബാനയുടെ പ്രാധാന്യത്തെ വിസ്മരിച്ചുള്ള ചടങ്ങുമാണത് (എഴുപതുകളുടെ അവസാനത്തിൽ നടന്ന ഒരു പ. സുന്നഹദോസ് വി. കുർബ്ബാനമദ്ധ്യേ ദൈവമാതാവിനോടുള്ള പ്രത്യേക മദ്ധ്യസ്ഥ പ്രാർത്ഥനയുടെ ശുശ്രൂഷ നടത്തരുതെന്നു നിശ്ചയിച്ചു തീരുമാനം എടുത്തിട്ടുള്ളതാണ്. മദ്ധ്യസ്ഥ പ്രാർത്ഥന നടത്തണമെന്നുണ്ടെങ്കിൽ വി. കുർബ്ബാനയ്ക്കു ശേഷമായിരിക്കണമെന്നും നിശ്ചയിച്ചു).

ചുരുക്കത്തിൽ ദൈവമാതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥനയുടെ പ്രത്യേക ശുശ്രൂഷ വളരെ പ്രധാനപ്പെട്ടതും അനുഗ്രഹപ്രദമാണെങ്കിലും വി. കുർബ്ബാനയുമായി ബന്ധമില്ലാത്ത, ബന്ധപ്പെടുത്തരുതാത്ത ശുശ്രൂഷയാണ്. അതുകൊണ്ടു തന്നെ, വി. കുർബ്ബാനയ്ക്കു ശേഷവും നടത്തേണ്ട ഒന്നല്ല. എന്നാൽ, സന്ധ്യാപ്രാർത്ഥന, ഉച്ചനമസ്ക്കാരം ആദി

യായവയോടു കൂടിയൊ മറ്റു ഏതവസരത്തിലുമൊ നടത്താവുന്നതാണ് (വി.കുർബ്ബാനയിലെ പരിശുദ്ധന്മാരുടെ കുക്കിലിയോൻ ചൊല്ലുന്ന സമയത്ത് പരുമല തിരുമേനിയോടുള്ള പ്രത്യേക മദ്ധ്യസ്ഥതക്രമം ഉണ്ടാക്കി നടത്തുന്നവരുമുണ്ടെന്നറിയുന്നു. തുടങ്ങി കഴിഞ്ഞാൽ ഇവയ്ക്കെല്ലാം പ്രചാരം ലഭിക്കും. അവ നിർത്തുന്നത് ഓർത്തഡോക്സിയുടെ ലംഘനവുമായി പരിണമിക്കും).

പല പള്ളികളിലും സമീപകാലത്തു വി. കുർബ്ബാനയോടനുബന്ധിച്ചു ആരംഭിച്ചിട്ടുള്ളതാണ് "പടഭക്തി" പാട്ടും പ്രാർത്ഥനയും ധൂപം വയ്പും. ചില സ്ഥലങ്ങളിൽ പടത്തോടൊപ്പം "തിരുശേഷിപ്പ്" കാണും. ഒരു ശേഷിപ്പുമില്ലാത്തതാണ് പല സ്ഥലത്തുമുണ്ടെന്ന് അവകാശപ്പെടുന്ന തിരുശേഷിപ്പ്. അപകടം പിടിച്ച ഈ "ഭക്തിയും" യഥാർത്ഥ ഭക്തിയെ ചൂഷണം ചെയ്യുന്നതല്ലേ? വി. കുർബ്ബാനയ്ക്ക് ശേഷം പടത്തിന്റെ മുമ്പിലുള്ള ധൂപപ്രാർത്ഥനയുടെ ആവശ്യമെന്താണ്? ദൈവമാതാവിനോടുള്ള പ്രത്യേക മദ്ധ്യസ്ഥ പ്രാർത്ഥനപോലെ പലർക്കും ഭക്തി മൂക്കുന്നതു വി. കുർബ്ബാനയ്ക്ക് ശേഷമുള്ള ഈ ധൂപപ്രാർത്ഥനാ വേളയിലാണെന്നുള്ളത് ഏറെ രസകരമാണ്, അല്ല, ലജ്ജാകരമാണ്.

വി. കുർബ്ബാനയിൽ ഉടനീളം ത്രീയേക ദൈവത്തിനു സ്തുതി സ്തോത്രങ്ങളർപ്പിക്കുന്നുണ്ട്. "ഞങ്ങൾ നിനക്കും നിന്റെ ഏകജാതനും നിന്റെ പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവുമർപ്പിക്കുന്നു" എന്നു ചൊല്ലിക്കൊണ്ടാണല്ലൊ പ്രാർത്ഥനകൾ സമാപിക്കുന്നതും. എന്നാൽ ആരാധനയിൽ നിറഞ്ഞു നിൽക്കുന്ന സ്തുതിയും സ്തോത്രവും ആവശ്യത്തിനു തികയുന്നില്ലായെന്നു കരുതുന്നതുകൊണ്ടാണോ അതോ അവയെക്കുറിച്ച് ആവശ്യത്തിനുള്ള അവബോധമില്ലാത്തതുകൊണ്ടാണോ കാർമ്മികരിൽ ചിലരെങ്കിലും സ്തുതിയും സ്തോത്രവും ഹാലേലുയ്യായും ആരാധനയ്ക്ക് ഇടയ്ക്കിടയ്ക്ക് അസ്ഥാനത്തു കൂട്ടിച്ചേർക്കുന്നത്. പ്രത്യേകിച്ചും കരിസ്മാറ്റിക്ക് സ്പിരിറ്റുള്ള കാർമ്മികരാണ് അപ്രകാരം ചെയ്യുന്നത്. അവസരോചിതമല്ലാത്ത ഈ വക കൂട്ടിച്ചേർക്കലുകൾ സഹിക്കേണ്ടി വരുന്നത് ആരാധനയിൽ സംബന്ധിക്കുന്ന വിശ്വാസികളാണ്. ഈ വക അനാവശ്യ ഭക്തിപ്രകടനങ്ങൾ അവർക്ക് അരോചകവും അസഹ്യവുമാണ്. വി. കുർബ്ബാനയ്ക്ക് ഒരു ക്രമം, ഓർഡർ ഉണ്ട്. ആ ക്രമം പാലിക്കുവാൻ കർമ്മികൻ ആരായാലും കടപ്പെട്ടവരാണ്. ആ ക്രമം ലംഘിച്ച് ആരാധനാമദ്ധ്യേയുള്ള ജല്പനങ്ങൾ, സ്തുതിയായാലും സ്തോത്രമായാലും ഒഴിവാക്കുകയാണ് വേണ്ടത്.

വി. കുർബ്ബാനയെക്കുറിച്ചു പൊതുവേയുള്ള പരാതി സമയം വളരെയേറെ എടുക്കുന്നുവെന്നുള്ളതാണല്ലോ. പ്രത്യേകിച്ചും, കത്തോലിക്കാ, പ്രൊട്ടസ്റ്റന്റ് രീതികൾ പരിചയിച്ചിട്ടുള്ളവർക്ക് ആ വിധത്തിൽ തോന്നു

കയും ചെയ്യും. എന്നാൽ വി. കുർബ്ബാനയുടെ പരമോന്നത പ്രാധാന്യത്തെ അവഗണിക്കുന്നതും അപ്രസക്തങ്ങളുമായ മേൽപറഞ്ഞ പ്രകാരമുള്ള കൂട്ടിച്ചേർക്കലുകളല്ലെ പലർക്കും സമയദൈർഘ്യമെന്നു പഴി പറയുവാനുള്ള കാരണങ്ങളിൽ പ്രധാനം.

വി. കുർബ്ബാനയുമായി ബന്ധപ്പെട്ട രണ്ടുമൂന്നു കാര്യങ്ങൾ കൂടി സൂചിപ്പിക്കുന്നു. വി. ബലി അർപ്പിക്കുന്ന കാർമ്മികൻ തൂയോബോ ശുശ്രൂഷയ്ക്കായി മദ്ബഹായിലേക്ക് പ്രവേശിക്കുമ്പോളും വി. കുർബ്ബാന പരസ്യമായി ആരംഭിച്ചതിനുശേഷം പദവിയിൽ കയറുന്നതിനു മുമ്പും (വിശ്വാസപ്രമാണത്തെ തുടർന്ന് നിലത്തു മുട്ടുകുത്തി പ്രാർത്ഥിക്കുന്നതിനു മുമ്പ്) ഒടുവിൽ വി. കുർബ്ബാന അനുഭവിക്കുന്നതിനു മുമ്പും പടിഞ്ഞാട്ടു തിരിഞ്ഞു വിശ്വാസികളോടു തനിക്കു വേണ്ടി പ്രാർത്ഥിക്കുവാൻ (തെറ്റുകൾ ചെയ്തിട്ടുണ്ടെങ്കിൽ പൊറുക്കണമെന്നും) അപേക്ഷിക്കുന്നുണ്ട്. മുട്ടുകുത്തി പ്രാർത്ഥിക്കുന്നതിനു മുമ്പുള്ള സമാധാനം ചോദിക്കൽ ചടങ്ങ് അടുത്തകാലത്തായി പലരും ഉറക്കെ പറയുന്നുണ്ട്. അതുകൊണ്ട് അത് എന്താണെന്ന് ആളുകൾക്ക് അറിയുകയും ചെയ്യാം. ആദ്യത്തെയും അവസാനത്തെയും അപൂർവ്വം ചിലർ ഒഴിച്ച് മറ്റുള്ളവർ കൈമലർത്തി കാണിച്ച് തിരിച്ചുപോകുകയാണ് ചെയ്യുന്നത്. മദ്ബഹായിലേക്കു കയറുന്നതിനു മുമ്പുള്ള ആദ്യത്തെ സമാധാനം ചോദിക്കൽ ചടങ്ങിൽ വിശ്വാസികളുടെ റെസ്പോൺസ് ക്രമത്തിലുണ്ട്. ഈ മൂന്നു കർമ്മങ്ങളും കാർമ്മികനെയും അർപ്പിക്കുന്ന കമ്മ്യൂണിറ്റിയെയും സംബന്ധിച്ചു വളരെ പ്രാധാന്യമുള്ളതാണ്. അതുകൊണ്ടുതന്നെ കാർമ്മികൻ കൈകാണിച്ച് തിരിച്ചുപോകാതെ ക്രമത്തിൽ ക്രമീകരിച്ചിരിക്കുന്നവിധം ചെയ്യേണ്ടതാണ്.

കാർമ്മികൻ പദവിയിലേക്കു പ്രവേശിക്കുന്നതിനു മുമ്പും വി. കുർബ്ബാന അനുഭവിക്കുന്നതിനു മുമ്പും പടിഞ്ഞാറോട്ടുവന്ന് ശിരസ്സു നമിച്ചു തനിക്കായി പ്രാർത്ഥിക്കണമെന്ന് അപേക്ഷിക്കുമ്പോൾ വിശ്വാസികൾ മറുപടിയായി ഒന്നും പറയുന്നില്ലായെന്നുള്ളത് അർത്ഥവത്താണ്. രാജകീയ പുരോഹിതഗണത്തിന്റെ അദ്ധ്യക്ഷനായി കാർമ്മികൻ അതിപ്രധാന കർമ്മങ്ങൾ അനുഷ്ഠിക്കുന്നതിനു മുമ്പായി അവരുടെ ശ്രദ്ധയും പ്രാർത്ഥനയും അനുവാദവും അഭ്യർത്ഥിക്കുകയാണ് ചെയ്യുന്നത്. ആരാധനാസമൂഹത്തിന്റെ പ്രാർത്ഥന അർത്ഥിക്കുന്നതിലൂടെ സംഘാരാധന എന്നുള്ള അവബോധം ഉണർത്തുകയുമാണവിടെ. പദവിയിൽ കയറുന്നതിനു മുമ്പുള്ളതു വിശ്വാസപ്രമാണമദ്ധ്യേയായതുകൊണ്ട് വിശ്വാസികളുടെ പ്രതികരണത്തിന് അവിടെ പ്രസക്തിയുമില്ല.

വി. കുർബ്ബാനമദ്ധ്യേ കാർമ്മികൻ സ്ഥാപകവചനങ്ങൾ (words of institution) ചൊല്ലുന്ന സമയത്ത് "എടുത്തു" എന്നു ഉച്ചരിക്കുമ്പോൾ ആരാധനയിൽ സംബന്ധിക്കുന്നവർ 'ബാറെക്മോർ' എന്നു പ്രതികരിക്കുന്നത്

വളരെ സാധാരണമാണ്. പല കാർമ്മികരും ആളുകൾ 'ബാറെക്മോർ' പറയുന്നതിനുവേണ്ടി അവിടെ നിർത്തുകയും ചെയ്യും. സാധാരണനിലയിൽ ആ ബാറെക്മോർ അവിടെ ആവശ്യമില്ലാത്തതാണെന്ന് പലർക്കും അജ്ഞാതമായിരിക്കും. കാർമ്മികനേക്കാൾ പ്രായമോ സ്ഥാനമൊ ഉള്ള വൈദികവൃന്ദത്തിൽപ്പെട്ടവർ സന്നിഹിതരാണെങ്കിൽ കാർമ്മികൻ പറയേണ്ടതാണ് ബാറെക്മോർ. ആരാധനയിൽ പങ്കെടുക്കുന്നവർക്കുള്ളതല്ല ആ വാക്ക്. വി. കുർബ്ബാനയിലെ മർമ്മപ്രധാനമായ ശുശ്രൂഷ നടത്തുന്നതിനു മുമ്പു സന്നിഹിതനായ സീനിയർ സ്ഥാനിയുടെ അനുവാദവും അനുഗ്രഹവും തേടാനാണ് കാർമ്മികൻ ബാറെക്മോർ എന്നു പറയുന്നത്. പറഞ്ഞു പഴകിയതാണെങ്കിലും തെറ്റ് തെറ്റാണല്ലോ. അതു തിരുത്താതിരിക്കുന്നതാണ് ഏറ്റവും വലിയ തെറ്റ്.

വി. കുർബ്ബാനയ്ക്കു ശേഷം കൈമുത്തുന്ന വേളയിൽ പല സ്ഥലത്തും പാടുന്നത് "കരുണക്കടലെ" എന്നുള്ള അനുതാപഗാനമാണല്ലോ. വി. കുർബ്ബാന ഈ പ്രപഞ്ചത്തിൽ ലഭിക്കാവുന്ന ഏറ്റവും വലിയ സ്വർഗ്ഗീയ അനുഭവമാണ്. തന്മൂലം വി. കുർബ്ബാനയുടെ പൂർത്തീകരണത്തോടെ വിശ്വാസികൾ മടങ്ങിപ്പോകുന്നതും പോകേണ്ടതും "സന്തോഷിച്ചു സംതൃപ്തരായി സമാധാനത്താലെ"യാണ്. അതുകൊണ്ടു തന്നെ "കരുണക്കടലെ" എന്നുള്ള അനുതാപഗാനം ഏറ്റം അപ്രസക്തമാണ്. അനുതാപത്തിന്റെ വേളയിലോ, വി. കുമ്പസാരത്തിനു ഒരുങ്ങുമ്പോളോ പാടേണ്ടതാണ് ആ ഗാനം. തിങ്കളാഴ്ച്ച സൂത്താറാ നമസ്കാരത്തിന്റെ ഭാഗമാണത്. സൂത്താറാ പ്രാർത്ഥനകൾ, പ്രത്യേകിച്ചും തിങ്കളാഴ്ച്ചത്തേത് അനുതാപ പ്രാർത്ഥനകളാണല്ലൊ. തൈലാഭിഷേക ശുശ്രൂഷാവേളയിൽ പാടുന്ന ഗാനങ്ങളിൽ പ്രധാനപ്പെട്ടതും അതു തന്നെ. അമർത്ത്യതയുടെ ഔഷധമായ വി. കുർബ്ബാന സ്വീകരിച്ചു സ്വർഗ്ഗരാജ്യാനുഭവം ഉൾക്കൊണ്ടു ആത്മശരീര മനസുകൾ ആഹ്ലാദിക്കുന്ന അവസരത്തിൽ ഉപയോഗിക്കേണ്ട ഗാനമല്ല തൈലാഭിഷേക ശുശ്രൂഷയുടെ ഈ ഗാനം.

വി. കുർബ്ബാനയുടെ പരമോന്നത സ്ഥാനം വിസ്മരിച്ചും അവഗണിച്ചും അനാവശ്യവും അവസരോചിതമല്ലാത്തതുമായ കൂട്ടിച്ചേർക്കലുകളും കുറച്ചിലുകളും ഇല്ലാതാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

* * * * * * * * *

മരണവീട്ടിൽ പാസ്റ്റർ പ്രാർത്ഥിച്ചു. പുസ്തകം നോക്കാതെയുള്ള ഒരു "അടിപൊളി" പ്രാർത്ഥന. "പരിശുദ്ധാത്മാവ്" നിറഞ്ഞ ആ പ്രാർത്ഥനയിൽ ഏവരും ആഹ്ലാദിച്ചു. പ്രാർത്ഥിക്കണമെങ്കിൽ ഇങ്ങനെ പ്രാർത്ഥിക്കണമെന്ന് ഭക്തജനം തട്ടിവിട്ടു. ഒരു ഓർത്തഡോക്സുകാരനു മാത്രമാണ്

കണ്ണടച്ചുകൊണ്ടുള്ള ആത്മാവു നിറഞ്ഞ പ്രാർത്ഥനയുടെ സ്രോതസും ഗുട്ടൻസും പിടികിട്ടിയത്. അവയിലെ സിംഹഭാഗവും ഓർത്തഡോക്സ് സഭയുടെ ആനീദാ പുസ്തകത്തിലെ സെദറാകളിൽ നിന്നുള്ളതായിരുന്നു.

# 4

# മൂന്നിന്മേലും മൂന്നു വി. കുർബ്ബാനകളും

ആരാധനയുടെ മകുടമാണ്, പൂർണ്ണതയാണ് വി. കുർബ്ബാന. മർത്തീകരണത്തിന്റെ തുടർച്ചയായി ദൈവജനമദ്ധ്യേ ആഹാരമായി അനശ്വരനായ ദൈവപുത്രൻ അവതീർണ്ണനായി ആദാമ്യ സന്തതികൾക്കു അമർത്ത്യതയും നിത്യജീവന്റെ സമൃദ്ധിയും ആദാനം ചെയ്യുന്ന അമൂല്യ നിമിഷങ്ങളാണവ. ദൈവരാജ്യാനുഭവത്തിന്റെ സമ്പൂർണ്ണത പ്രപഞ്ചത്തിൽ ഇത്രയും ഉൽഭൂതമാകുന്ന മറ്റൊരു ശുശ്രൂഷയുമില്ല; അവസരവുമില്ല. മനുഷ്യാവതാര മഹാരഹസ്യങ്ങൾ വി. ബലിയിൽ വർത്തമാനകാലാനുഭവമായി അനുസ്മരിച്ചു യാഥാർത്ഥ്യമാകുന്നതോടൊപ്പം ആകാംക്ഷയോടെ കാത്തിരിക്കുന്ന പുനരാഗമനത്തെയും ആഘോഷിക്കുന്നു. അങ്ങനെ ഭാവി വർത്തമാന ഭൂതകാലങ്ങൾക്കതീതമായ സ്വർഗ്ഗീയാനുഭവമായി വി. കുർബ്ബാന പരിണമിക്കുകയും ചെയ്യുന്നു.

സഭയുടെ സംഘാരാധനയുടെ സമ്പൂർണ്ണതയാണു കാലാതീതമായ വി. കുർബ്ബാന. തിരുശരീരരക്തങ്ങളുടെ ദിവ്യശുശ്രൂഷയിൽ സംബന്ധിക്കുമ്പോൾ ദൈവജനം തിരുശരീരമായ സഭയായി രൂപാന്തരപ്പെടുന്നു.

പക്ഷേ, ഈ സത്യങ്ങളെല്ലാം വിസ്മരിച്ചു പാശ്ചാത്യ ചിന്തകളുടെ അതിപ്രസരം മൂലം വ്യക്തിഗത, വ്യക്തിപ്രധാന ശുശ്രൂഷയായി വി. കുർബ്ബാന പരിതാപകരമായി നമ്മുടെ സഭയിൽ പരിണമിച്ചുകൊണ്ടിരിക്കയാണ്. പൗരസ്ത്യ സഭകളിൽ പതിവില്ലാത്തതും ഓർത്തഡോക്സ് വിശ്വാസത്തിന്റെ ആത്മാവിനും അന്തസത്തയ്ക്കും അനുയോജ്യമല്ലാത്തതുമായ പലതും ആരാധനയുടെ അതിശ്രേഷ്ഠ മൂല്യങ്ങൾ വിസ്മരിച്ചതു മൂലവും ഇതര സഭകളുടെയും സെക്ടുകളുടെയും ശക്തമായ സ്വാധീനം മൂലവും സഭാഗാത്രത്തിൽ അടർത്തി മാറ്റാനാവാത്തവിധം ഒട്ടിച്ചേർന്ന്

പറ്റിപ്പിടിച്ചിരിക്കുന്നു. പലതും പല കാലങ്ങളിലായി പരിചയിച്ചുപോരുന്നതുകൊണ്ടു ആരാധ്യമായും അനുപേക്ഷണീയമായും കരുതുന്നുവെന്നതാണ് ഏറ്റം ദയനീയം. ആർത്ഥമില്ലാതെ വ്യർത്ഥമായി ആചരിക്കുന്നതു അനാചാരങ്ങളാണ്. ആഴമായി സഭാംഗങ്ങളുടെ മനസ്സിൽ അവ അടിഞ്ഞു കൂടി കിടക്കുന്നതു കൊണ്ടു തിരുത്താൽ ഇത്തിരിയേറെ പ്രയാസമായിരിക്കും. എങ്കിലും അവയെക്കുറിച്ചു സഭാംഗങ്ങൾ അറിഞ്ഞിരിക്കേണ്ടതുണ്ട്. ഒന്നു രണ്ടു കാര്യങ്ങൾ സൂചിപ്പിക്കുന്നു.

ജീവനുള്ളവരും വാങ്ങിപ്പോയി സജീവരായി കഴിയുന്നവരും മാലാഖമാരുടെ ഗണങ്ങളും ഒത്തുചേരുന്ന വി. കുർബ്ബാന വേളയിൽ യേശുക്രിസ്തുവാണ് പ്രധാന കർമ്മികൻ. ബലിവസ്തുവും അവിടുന്നു തന്നെ. ഏകജാതനായ ദൈവപുത്രൻ സ്വർഗ്ഗസ്ഥ പിതാവിനു അർപ്പിച്ച ബലിയുടെ തുടർച്ചയാണിത്. ഓരോ സ്ഥലത്തുമുള്ള രാജകീയ പുരോഹിതവർഗ്ഗമായ ദൈവജനം ഒരുമിച്ചു പുരോഹിതന്റെയൊ മഹാപുരോഹിതൻ സന്നിഹിതനെങ്കിൽ അദ്ദേഹത്തിന്റെയൊ പ്രധാന നേതൃത്വത്തിൽ "ഒരേ അപ്പത്തിന്റെ അംശികളായി" ആഘോഷിക്കുന്നതാണ്, ആഘോഷിക്കേണ്ടതാണ് ഈ ശുശ്രൂഷ. അവിടെ ഒരു ബലിപീഠം, ഒരു കുർബ്ബാന, ഒരു കർത്താവ്, ഒരു പ്രധാന കാർമ്മികൻ. ആ കാർമ്മികൻ പുരോഹിതനായാലും മഹാപുരോഹിതനായാലും യേശുക്രിസ്തുവിന്റെ പ്രതീകവും പ്രതിരൂപവുമാണ്.

ഈ സനാതന സത്യം വിസ്മരിക്കുന്നതു കൊണ്ടും വിഗണിക്കുന്നതു കൊണ്ടുമല്ലേ ത്രോണോസുകളുടെ എണ്ണം ഓരോ പള്ളിയിലും വർദ്ധിപ്പിക്കുന്നത്. ത്രോണോസുകളുടെ എണ്ണം കൂടുന്നതനുസരിച്ച് അനുഗ്രഹം വർദ്ധിക്കുമെന്നുണ്ടോ? പ്രധാന കാർമ്മികൻ യേശുക്രിസ്തുവാകയാൽ ഒന്നിലേറെ ത്രോണോസുകളുടെ പ്രസക്തിയെന്ത്? അതുപോലെ തന്നെ ഒരേസമയത്ത് ഒന്നിലേറെ അർപ്പിച്ചു വി. കുർബ്ബാനയുടെ "ധാടിയും മോടിയും" പെരുപ്പിക്കുവാനുള്ള പരിശ്രമം എങ്ങനെ ന്യായീകരിക്കാനാവും? മൂന്നിന്മേൽ വർദ്ധിപ്പിച്ചു അഞ്ചിന്മേലും ഏഴിന്മേലും ഒൻപതിന്മേലുമെല്ലാം ഇന്ന് പതിവുപരിപാടികളായി മാറിയിരിക്കുന്നു. അടുത്ത സമയത്ത് ഒരു പള്ളിപ്പെരുന്നാളിന്റെ പ്രത്യേക പത്രപ്പതിപ്പ് കാണുകയുണ്ടായി. പെരുന്നാളിന്റെ പ്രാരംഭം ഒറ്റ കുർബ്ബാനയിലാണ്. രണ്ടാം ദിവസം മൂന്നിന്മേൽ, മൂന്നാം ദിവസം അഞ്ചിന്മേൽ, നാലാം ദിവസം ഏഴിന്മേൽ. അഞ്ചാം ദിവസമാണ് സമാപനം. അന്ന് ഒൻപതിന്മേൽ കുർബ്ബാന. ഇത് ഒരു ഒറ്റപ്പെട്ട സംഭവമല്ല. മറിച്ച് പല സ്ഥലങ്ങളിലും പടർന്നുകൊണ്ടിരിക്കുന്ന പരിപാടിയായി മാറിയിരിക്കുന്നു. ക്നാനായക്കാരും പാത്രിയർക്കാ വിഭാഗവും നൂറ്റിയൊന്നു കുർബ്ബാന ചൊല്ലിയാണല്ലൊ ഒന്നുരണ്ടു ആഘോഷങ്ങൾക്കു കെട്ടുകലാശം നടത്തിയത്. അത്രയും നാം എത്തി

യിട്ടില്ലെന്നുള്ളത് ദൈവകൃപ, സഭയുടെ ഭാഗ്യം.

നൂറ്റിയൊന്നിന്മേൽ കുർബ്ബാനയിൽ ചൊല്ലി പങ്കെടുത്തവരിൽ ചിലർ നല്കിയ അതേക്കുറിച്ചുള്ള വിവരണങ്ങൾ വി. കുർബ്ബാനയുടെ വിശുദ്ധിക്കും വിലയേറിയ സ്ഥാനത്തിനും അനുയോജ്യമായിരുന്നില്ല. തട്ടുകടകളിലെപ്പോലെ പെട്ടികളും മേശകളും തട്ടിക്കൂട്ടി ബലിപീഠങ്ങൾ നിർമ്മിച്ചു ചരിത്രം സൃഷ്ടിച്ചു വിചിത്രമാക്കിയ ആരാധന യേശുക്രിസ്തു യെരുശലേം ദേവാലയത്തിൽ ചാട്ടവാർ ചുഴറ്റിയ സാഹചര്യങ്ങൾക്കു - കൊടുക്കൽ വാങ്ങലുകൾ ഒഴിച്ചുള്ള - സമാനമാകാനാണിട. നൂറ്റിയൊന്നു ധൂപക്കുറ്റികളിൽ നിന്ന് ഒരേ സമയമുയർന്ന ധൂമപടലങ്ങൾ പുകമറയുടെ പുതിയൊരു ബാബേൽ സൃഷ്ടിച്ചിരിക്കണം. ഇപ്രകാരമുള്ള ആരവാര ശുശ്രൂഷയാണോ ദൈവപുത്രൻ ജീവൻ നല്കി സ്ഥാപിച്ചതും ഇന്നും നമുക്കായി നല്കപ്പെട്ടുകൊണ്ടിരിക്കുന്നതുമായ തിരുശരീരരക്തങ്ങളുടെ ദിവ്യവും രഹസ്യാത്മകവുമായ ബലി? മാർത്തോമ്മാ ശതാബ്ദി വേളയിൽ വളരെ നീണ്ട കാലത്തെ ക്രമീകരണങ്ങൾക്കുശേഷം നടത്തിയ പത്തൊൻപതിന്മേൽ കുർബ്ബാനയെക്കുറിച്ചും ആഹ്ളാദിക്കാതിരിക്കയാണു ഭേദം. പല നിലകളിലും നിരകളിലും ഭംഗിയായി നിർമ്മിച്ച ബലിപീഠങ്ങൾ, അച്ചടക്കത്തോടെ പങ്കെടുത്ത ആരാധകസംഘം, ഭക്തിദ്യോതകമായ ശുശ്രൂഷ ആദിയായവയെല്ലാം എടുത്തു പറയത്തക്കതാണെങ്കിലും എണ്ണം കൂട്ടി പൊലിപ്പിച്ചു പെരുപ്പിക്കേണ്ട ശുശ്രൂഷയല്ല വി. കുർബ്ബാന. പത്തൊൻപതിന്മേൽ കുർബ്ബാന ആയിരുന്നിട്ടു പോലും ധൂപക്കുറ്റികളിൽ നിന്നുമുയർന്ന ധൂമപടലങ്ങൾ മദ്ബഹായേയും ശേഷം ഭാഗങ്ങളെയും പലപ്പോഴും മറച്ചിരുന്നുവെന്നുള്ളതു കേട്ടറിവല്ല, കണ്ടറിവാണ്.

കർത്താവേശുമശിഹായുടെ ശരീരമായ വി. സഭയുടെ ഏകത്വത്തിന്റെ ശുശ്രൂഷയാണ് വി. കുർബ്ബാന. ഒരുമയുടെ ഉണ്മയും നന്മയുമാണ് അവിടെ പ്രതിഫലിക്കുന്നത്. ഒരേ സമയത്ത് ഒന്നിലേറെ കുർബ്ബാനകൾ ഒരുമിച്ചു അർപ്പിക്കുമ്പോൾ ആരാധനയുടെ ഒരുമയും അർത്ഥവുമെല്ലാം നഷ്ടപ്പെടുത്തുകയാണ്.

മൂന്നിന്മേലും അതിനുംമേലിലുള്ള വി. കുർബ്ബാന അർപ്പിക്കുമ്പോൾ വശങ്ങളിൽ നിന്നു കാർമ്മികരാകുന്നവരുടെ ശ്രമവും ശ്രദ്ധയും “ബോധങ്ങളും വിചാരങ്ങളും ഹൃദയങ്ങളും” മേലുള്ള ഉയരങ്ങളിൽ ആയിരിക്കേണ്ട ശുശ്രൂഷയിൽ നിന്നുമകലാൻ സാദ്ധ്യത വളരെയുണ്ട്. കാരണം, താൻ അർപ്പിക്കേണ്ട ബലിയേക്കാൾ ശ്രദ്ധിക്കുന്നതു പലപ്പോഴും തന്നോടോപ്പം അർപ്പിക്കുന്നവരുടെ കൗദാശിക കർമ്മങ്ങളിലും ചലനങ്ങളിലുമായിരിക്കും. ഒരുപോലെ വേണമല്ലോ കാർമ്മികർ കുർബ്ബാനയിലെ കർമ്മങ്ങളും മറ്റും അനുഷ്ടിക്കേണ്ടത്. ആരാധനയിലെ ഐക്യരൂപത്തിനു (Uniformity) വേണ്ടി ബദ്ധപ്പെടുമ്പോൾ നഷ്ടപ്പെടുന്നത് അർപ്പിക്കുന്ന ബലിയിലുള്ള

ശ്രദ്ധയാണ്. തന്മൂലം ഒന്നിലേറെ കുർബ്ബാനകൾ ഒരേസമയം അർപ്പിക്കുമ്പോൾ സഹകാർമ്മികർക്കും ആത്മികാനുഭവം വർദ്ധിക്കുന്നതിനു പകരം കുറയുകയല്ലേ ചെയ്യുന്നത്.

അതുപോലെ തന്നെ പ്രധാനമാണ് തൂയാബാ ഉൾപ്പെടെയുള്ള രഹസ്യ പ്രാർത്ഥനകൾക്കും ശുശ്രൂഷകൾക്കുമെടുക്കുന്ന സമയം. അർപ്പിക്കുന്ന കാർമ്മികനെ അനുസരിച്ച് അവ ഏറിയും ഇറങ്ങിയുമിരിക്കും ( ശുശ്രൂഷകളുടെ, പ്രത്യേകിച്ചും വി. കുർബ്ബാനയുടെ ദൈർഘ്യം കൂട്ടുന്നതു ഭക്തിയുടെയും വിശുദ്ധിയുടെയും ലക്ഷണങ്ങളായി കരുതുന്നവർ വൈദികഗണത്തിലും വൈദികരല്ലാത്തവരുടെയിടയിലുമുണ്ട്. പ. വട്ടശ്ശേരിൽ തിരുമേനി സന്നിഹിതനായിരുന്ന ഒരു വി. കുർബ്ബാനയിൽ കാർമ്മികനായിരുന്ന വൈദികൻ തൂയാബാ ശുശ്രൂഷയ്ക്ക് പതിവിലും കൂടുതൽ സമയമെടുത്തപ്പോൾ ആ വൈദികനെ ശാസിച്ചതായും തൂയാബാ അവസാനിപ്പിച്ചു ശേഷം ഭാഗം തുടരുവാൻ നിർദ്ദേശിച്ചതായും കേട്ടറിവുണ്ട്). എന്തായാലും മൂന്നിന്മേലിനും മറ്റും പ്രധാന കാർമ്മികൻ ശുശ്രൂഷകൾ പൂർത്തീകരിക്കുന്നതനുസരിച്ച് സഹകാർമ്മികരും പൂർത്തീകരിക്കേണ്ടിയിരിക്കുന്നു. അങ്ങനെ വരുമ്പോൾ ശുശ്രൂഷയോടു സഹകാർമ്മികരിൽ ചിലർക്കെങ്കിലും വേണ്ടുവണ്ണം നീതിപുലർത്താൻ സാധിക്കാതെ വരുന്നില്ലേ?

നാല്പതാം അടിയന്തിരം പ്രമാണിച്ച് ഒരു മൂന്നിന്മേൽ കുർബ്ബാനയിൽ അടുത്തകാലത്ത് സംബന്ധിച്ചത് ഓർക്കുന്നു. പ്രധാന കാർമ്മികൻ ഒരു പ്രധാന മേലദ്ധ്യക്ഷനായിരുന്നു. വശങ്ങളിലെ കാർമ്മികർ വൈദികരും. പള്ളിയിലും പരിസരത്തിലും ഭക്തജനം നിറഞ്ഞുനിന്നിരുന്നു. മുട്ടുകുത്തി പ്രാർത്ഥിച്ചശേഷം (വിശ്വാസപ്രമാണം കഴിഞ്ഞ്) പ്രധാന കാർമ്മികൻ പദവിയിലേക്കു പ്രവേശിച്ചു. ഒരു വശത്തു വി. കുർബ്ബാന അർപ്പിച്ച കാർമ്മികൻ മുട്ടുകുത്തിയുള്ള പ്രാർത്ഥന തുടർന്നുകൊണ്ടിരുന്നു. തല്സമയം ഒരു കോർഎപ്പിസ്ക്കോപ്പാ മദ്ബഹായുടെ മദ്ധ്യഭാഗത്തു വന്നു നിന്നുകൊണ്ട് സകലജനത്തിന്റെയും ശ്രദ്ധ പിടിച്ചുപറ്റി (അവിടെ നിന്നാലേ താഴെയുള്ള ത്രോണോസ് കാണുവാൻ കഴിയുകയുള്ളു) സ്പോർട്ട്സിലും മറ്റും കാണികൾ ആവേശത്തോടെ കൈവീശി പ്രോത്സാഹിപ്പിക്കുന്നതുപോലെ വേഗം എഴുന്നേൽക്കുവാൻ തുടർച്ചയായി നിർദ്ദേശം നല്കുന്നതു കണ്ടു. അതായതു പ്രാർത്ഥന പൂർത്തീകരിച്ചില്ലെങ്കിലും പദവിയിൽ കയറിക്കൊള്ളുക എന്നുള്ളതായിരുന്നു ശക്തമായ, പരസ്യമായ വളരെ വിചിത്രമായ ആ നിർദ്ദേശത്തിന്റെ സാരം. പല മൂന്നിന്മേലിനും മറ്റും ഇത് പതിവു കാഴ്ചയല്ലേ?

മൂന്നിന്മേലിനും മറ്റും സഹകാർമ്മികരായ പലരും കാണിക്കുന്ന, കാണിക്കേണ്ടി വരുന്ന അരോചകങ്ങളായ ചില കാര്യങ്ങൾ ഉണ്ട്. ഒന്നുമാത്രം

ചൂണ്ടിക്കാണിക്കുന്നു. ഏവൻഗേലിയോൻ വായനയ്ക്കായി കാർമ്മികർ പടിഞ്ഞാറോട്ടു വരുമ്പോൾ സഹകാർമ്മികരുടെ കൈകളിലും പുസ്തകം കാണും. പ്രധാന കാർമ്മികൻ വി. ഏവൻഗേലിയോനിൽ നിന്നും വായിക്കുകയും മറ്റു കാർമ്മികർ കൈയിലുള്ള പുസ്തകം തുറന്നു പിടിച്ചു കൊണ്ടിരിക്കുകയും ചെയ്യും (ആ പുസ്തകം സാധാരണ കുർബ്ബാന തക്സായായിരിക്കും). എന്തിനാണോ സഹകാർമ്മികർ ഏവൻഗേലിവായനയുമായി ബന്ധമില്ലാത്ത പുസ്തകം പിടിച്ചുകൊണ്ടു പടിഞ്ഞാറോട്ടു വന്നു നിൽക്കുന്നത്? അത്യുന്നതവും അതിമനോഹരവും രഹസ്യാത്മകവുമായ ആരാധന ഒരു അഭിനയ ശുശ്രൂഷയാക്കേണ്ട ആവശ്യമെന്താണ്?

ഒരു ദേവാലയത്തിൽ ഒരു ദിവസം തന്നെ പല നേരങ്ങളിലായി ഒന്നിലേറെ കുർബ്ബാനകൾ ചൊല്ലുന്ന രീതിയും മൂന്നിന്മേലും മറ്റും പോലെ തന്നെ അർത്ഥം മറന്നും നഷ്ടപ്പെടുത്തിയും അനുഷ്ഠിക്കുന്ന ഒന്നാണ്. പൗരസ്ത്യ പാരമ്പര്യത്തിനു പാടേ നിരക്കാത്ത ഈ പരിപാടിയും പ്രവണതയും റോമൻ കത്തോലിക്കരിൽ നിന്നും പകർത്തിയതാണ്. മലങ്കര സഭയിൽ ഈ പതിവിനു പ്രാരംഭം കുറിച്ചിട്ട് അര നൂറ്റാണ്ടിലേറെയാകാൻ ഇടയില്ല. പരുമല പെരുന്നാളിനാണ് ഇതിനു ആരംഭം കുറിച്ചതെന്നാണ് അറിവ് (സത്യവിശ്വാസത്തിനു വേണ്ടി സഭാപാരമ്പര്യങ്ങൾ സംരക്ഷിച്ചു സമ്പൂർണ്ണ സമർപ്പണത്തോടും വ്രതനിഷ്ഠയോടും ജീവിച്ച പരുമല തിരുമേനിയുടെ കബറു സ്ഥിതിചെയ്യുന്ന വിശുദ്ധ സ്ഥലത്താണ് പല വികല രീതികൾക്കും തിരികൊളുത്തുന്നതെന്നുള്ളതു വളരെ വിചിത്രമാണ്. വി. കുർബ്ബാനയെ അവഗണിച്ചുള്ള തീർത്ഥാടനത്തിൽ ഒതുക്കിയിരിക്കുകയാണല്ലോ അടുത്തകാലത്തെ ഭക്ത സന്ദർശകരിൽ ഏറിയ പങ്കിന്റെയും പരുമലപ്പെരുന്നാൾ. സഭാപാരമ്പര്യമനുസരിച്ചു സാധാരണ വെള്ളിയാഴ്ചകൾ ഉപവാസദിനമാണ്. പരുമലയിൽ വെള്ളിയാഴ്ച്ച കുർബ്ബാന നിർബന്ധം. പരുമല തിരുമേനിയുടെ തിരുശേഷിപ്പ് പരുമലയിലേയുള്ളൂ. ഇന്ന് നാടായ നാടെല്ലാം പള്ളികളായ പള്ളികളിലെല്ലാം, എന്തിന് മുക്കിനും മൂലയിലുമുള്ള കുരിശിൻതൊട്ടികളിലും പരുമല തിരുമേനിയുടെ തിരുശേഷിപ്പ് പ്രതിഷ്ഠ പതിവാണല്ലൊ. തിരുശേഷിപ്പിന്റെ അംശവുമില്ലാത്ത ഈ ആഘോഷ ആരവാര പ്രതിഷ്ഠയുടെ ലക്ഷ്യം കാണിക്കപ്പെട്ടിയിലും ആൾക്കൂട്ടത്തെ അടുപ്പിക്കാനുള്ള അടവിലുമല്ലേ എത്തിനില്ക്കുന്നത്).

പെരുനാളിന് പരുമലപ്പള്ളിയിൽ അഞ്ചു മണിക്കും ഒമ്പതു മണിക്കും കുർബ്ബാനകൾ ഉണ്ട് (തൊട്ടുള്ള ചാപ്പലിൽ ഏഴു മണിക്കും). താമസിക്കാതെ പതിനൊന്നു മണിക്കും ഒന്നിനും മൂന്നിനും അഞ്ചിനുമൊക്കെ വി. കുർബ്ബാന ക്രമീകരിച്ചാൽ അത്ഭുതപ്പെടാനില്ല. ദേവലോകം അരമനയിൽ കബറടങ്ങിയിരിക്കുന്ന പ. പിതാക്കന്മാരുടെ ഓർമ്മപ്പെരുന്നാളിനും

ആദ്യ കുർബ്ബാനയും അടുത്ത കുർബ്ബാനകളുമുണ്ട്. നാലു അതിശ്രേഷ്ഠ പിതാക്കന്മാരുടെ കബറിടങ്ങൾ സ്ഥിതിചെയ്യുന്ന പഴയസെമിനാരി ചാപ്പലിൽ ഇതുവരെ പെരുന്നാളുകൾക്ക് ഒരു നേരമുള്ള കുർബ്ബാനയെ ഉള്ളൂവെന്നതു ആശ്വാസം നൽകുന്നു (അറുപതുകളിലും എഴുപതുകളുടെ ആരംഭത്തിലും അവിടെ പെരുന്നാളുകൾക്കു മൂന്നിന്മേൽ കുർബ്ബാന ഇല്ലായിരുന്നു. ഒരു കുർബ്ബാനയെ ഉണ്ടായിരുന്നുള്ളൂ).

വി. കുർബ്ബാന സ്വകാര്യ ശുശ്രൂഷയായി ആക്കിത്തീർക്കുന്നതു മൂലമാണ് ഒരു ദേവാലയത്തിൽ ഒരു ദിവസം തന്നെ വിവിധ സമയങ്ങളിൽ അർപ്പിക്കുന്ന രീതി ഉടലെടുക്കുവാൻ കാരണം. ഒരു ദിവസം ഒരു ത്രോണോസിൽ ഒരു ബലിയെ അർപ്പിക്കാവൂ എന്നുള്ള നിയമത്തിനു ഇതുവരെ മാറ്റമുണ്ടായിട്ടില്ല. അതുകൊണ്ടാണല്ലൊ താല്ക്കാലിക ബലിപീഠങ്ങൾ ക്രമീകരിച്ച് രണ്ടുംമൂന്നുമൊക്കെ വിവിധ സമയങ്ങളിൽ ചൊല്ലുന്നത്. ഒരു ബലിപീഠത്തിൽ ഒരു കുർബ്ബാന എന്നുള്ള പൂർവ്വിക പാരമ്പര്യത്തിന്റെ അടിസ്ഥാനം ഒരു പള്ളിയിൽ ഒരു ദിവസം ഒരു കുർബ്ബാന എന്നതാണ്. വി. മൂറോനഭിഷേകം നടത്തി കൂദാശ ചെയ്ത ത്രോണോസുള്ള ദേവാലയത്തിൽ മൂറോൻ കൊണ്ടു റൂശ്മാ ചെയ്തിട്ടില്ലാത്ത തല്ക്കാല "ത്രോണോസി"ൽ വി. കുർബ്ബാന അർപ്പിക്കുന്നതു തന്നെ അഭിലഷണീയമല്ല. പള്ളികൾ ഇല്ലാത്ത സ്ഥലങ്ങളിൽ ഒഴിച്ചുകൂടാനാവാത്ത സാഹചര്യങ്ങളിലാണു താല്ക്കാലിക ത്രോണോസുകൾ ക്രമീകരിച്ചു വി. കുർബ്ബാന അർപ്പിക്കുക. ദേവാലയങ്ങൾ ഉള്ള സ്ഥലത്ത് താല്ക്കാലിക ബലിപീഠങ്ങൾക്ക് പ്രസക്തിയില്ല.

ഏകവും വിശുദ്ധവും അപ്പോസ്തോലികവും കാതോലികവുമായ സഭയുടെ ശുശ്രൂഷയാണ് വി. കുർബ്ബാന. ഓരോ വി. കുർബ്ബാനയിലും ഈ സ്വഭാവ വിശേഷങ്ങൾ പ്രതിഫലിക്കുന്നുണ്ട്. പൗരോഹിത്യ ഗണവും ഉൾപ്പെടുന്ന ദൈവജനത്തിന്റെ ശുശ്രൂഷയാണത്, മറിച്ച് പുരോഹിതന്റെ മാത്രമല്ല. ഒറ്റപ്പെട്ടും ഒറ്റയ്ക്കും പൗരോഹിത്യ ഗണത്തിൽപ്പെട്ടവർ ഈ ശുശ്രൂഷ അനുഷ്ഠിക്കുവാൻ സഭ അനുവദിക്കുന്നില്ല. ഇടയനു ചുറ്റും ഇടവകജനം – പ്രധാന ഇടയനു ചുറ്റും സഭാജനം – ഒത്തുകൂടി സ്വർഗ്ഗീയ അനുഭവം നുകരുന്ന അവസരമാണ് വി. കുർബ്ബാനയുടെ അമൂല്യവും ദിവ്യവുമായ നിമിഷങ്ങൾ.

വി. കുർബ്ബാനയ്ക്ക് പ്രധാന കാർമ്മികരാകുന്നവരിൽ പലരും കരുതുന്നത് ഈ ശുശ്രൂഷ അവരുടെ പ്രത്യേക ശുശ്രൂഷയാണെന്നാണ്. ആ ചിന്താഗതി ആരാധനയിൽ പല പ്രശ്നങ്ങളും സൃഷ്ടിക്കുന്നുണ്ട്. അതുകൊണ്ടല്ലേ പലപ്പോഴും കാർമ്മികരിൽ ചിലരെങ്കിലും ബലിയർപ്പണ വേളയിൽ അതിനുമിതിനുമൊക്കെ അനാവശ്യമായി ബഹളം വച്ച് ഈ ദിവ്യ ശുശ്രൂഷയെ അരോചകമാക്കുന്നതും ഭയഭക്തി ബഹുമാനങ്ങളോടെ ആരാ

ധനയിൽ പങ്കുകൊള്ളുന്ന സഭാജനങ്ങളെ ശല്യപ്പെടുത്തി അരിശപ്പെടുത്തുന്നതും. വ്യക്തിഗതമാക്കുന്നതിന്റെ ലക്ഷണമല്ലേ, രോഗവും പ്രായവും മറ്റും മൂലം അനാരോഗ്യത്തിൽ കഴിയുന്ന പൗരോഹിത്യഗണത്തിൽപ്പെട്ടവർ വി. കുർബ്ബാന അർപ്പിക്കണമെന്നു ശാഠ്യം പിടിച്ച് ആരാധനയുടെ ഔന്നത്യവും മനോഹരത്വവും നഷ്ടപ്പെടുത്തുന്നത്.

സമൂഹാരാധനയുടെ സമ്പൂർണ്ണതയായ വി. കുർബ്ബാന ഒരു ഒറ്റയാൻ ശുശ്രൂഷയാക്കുന്നില്ലേ പലപ്പോഴും. ആരുതന്നെ പ്രധാന കാർമ്മികനായാലും വി. കുർബ്ബാനയിലെ ചില പ്രാർത്ഥനാഭാഗങ്ങൾ അംശവസ്ത്രം ധരിച്ച് മദ്ബഹായിൽ നിലകൊള്ളുന്ന ഇതര പൗരോഹിത്യഗണത്തിൽപ്പെട്ടവർ ചൊല്ലിയതു കൊണ്ടു യാതൊരു കുഴപ്പവും ആരാധനയ്ക്ക് ഉണ്ടാകുവാൻ പോകുന്നില്ല, മറിച്ച് അനുഗ്രഹീതമാകുകയേയുള്ളു. ഒപ്പം വി. കുർബ്ബാന സ്വകാര്യ, വ്യക്തി പ്രാധാന്യ ശുശ്രൂഷയല്ലെന്നുള്ള അവബോധം സഭാംഗങ്ങളിൽ സൃഷ്ടിക്കുന്നതിന് സഹായിക്കുകയും ചെയ്യും. പ്രധാന കാർമ്മികൻ മാത്രം നടത്തേണ്ട ഭാഗങ്ങളുണ്ട്. എന്നാൽ പ്രുമിയോൻ, സെദറ, തൂബദേൻ പ്രാർത്ഥനാ ഭാഗങ്ങൾ ആദിയായവ കാർമ്മികരിൽ ആരെങ്കിലും ചൊല്ലിയാൽ മതിയാകും. പ്രായമൊ ക്ഷീണമൊ ഉള്ളവരാണെങ്കിൽ അപ്രകാരം ചെയ്യുന്നത് അവർക്കും വളരെ സഹായകമാണ്.

വി. കുർബ്ബാന പോലെതന്നെ നമ്മുടെ ആരാധനകൾ ഏതാണ്ട് എല്ലാം തന്നെ സമൂഹാരാധനയാണ്. പലപ്പോഴും നേതൃത്വം നൽകുന്നവർ അതു വിസ്മരിക്കുകയാണ് പതിവ്. ഒരു ഉദാഹരണം ധൂപപ്രാർത്ഥനയാണ്. മേൽപ്പട്ടക്കാരന്റെ സാന്നിദ്ധ്യത്തിൽ അദ്ദേഹത്തിനു ധൂപമിടാൻ അസൗകര്യമെങ്കിൽ (തൂയാബാ സമയം) ധൂപപ്രാർത്ഥന ചൊല്ലാതിരിക്കുകയോ സഹകർമ്മികർ (വൈദികർ) ആരെങ്കിലും ചൊല്ലിയാൽ തന്നെ അവരിൽ ഒരാൾ ധൂപമിടുകയോ ചെയ്യുക സാധാരണമല്ല. ധൂപപ്രാർത്ഥന സഭയുടെ ആരാധനയുടെ ഒരു പ്രധാന ഭാഗമാണ്. മേൽപ്പട്ടക്കാരന്റെയോ അഥവാ നേതൃത്വം നൽകുന്ന പൗരോഹിത്യ സ്ഥാനിയുടെയോ പ്രത്യേക ശുശ്രൂഷയല്ല. സന്നിഹിതരായ പൗരോഹിത്യ ഗണത്തിൽപ്പെട്ടവരിൽ സീനിയറായ ആൾ ധൂപമിടുകയാണ് വേണ്ടത്. അപ്രകാരം ചെയ്യിക്കുന്ന മേല്പട്ടക്കാരും സഭയിൽ ഇല്ലാതില്ല.

ആരാധനാവേളയിൽ കാർമ്മികർ പലരുണ്ടെങ്കിലും ആർക്കും എന്തും ചെയ്യാമെന്ന് അർത്ഥമാകുന്നില്ല. പ്രധാന കാർമ്മികൻ പുരോഹിതനായാലും മഹാപുരോഹിതൻ ആയാലും അദ്ദേഹത്തിന്റെ നിർദ്ദേശങ്ങൾ സഹകാർമ്മികർ ഉൾപ്പെടെ സഹായികളെല്ലാം പാലിക്കേണ്ടതാണ്. ആരാധനയിൽ "ആദ്ധ്യക്ഷം" വഹിക്കുന്നത് പ്രധാന കാർമ്മികനാണ്. ഏതു ആരാധനയും "ക്രമ"ത്തിൽ അല്ലെങ്കിൽ ഉളവാകുന്നതു അക്രമവും അതി

ക്രമവുമായിരിക്കും. അതിന് ആരും ഇടയാക്കാതിരിക്കുകയാണ് വേണ്ടത്.

സമൂഹാരാധനയുടെ പാരമ്യമായ വി. കുർബ്ബാനയെക്കുറിച്ചുള്ള ശരിയായ അറിവും ആ ആരാധന പകരുന്ന ആത്മീയ അനുഭവവും, ഇന്നു പകർച്ചവ്യാധിപോലെ ആ ശുശ്രൂഷയിലേക്ക് കടന്നുവന്നു പടർന്നുകൊണ്ടിരിക്കുന്ന വികല രീതികളെ ഉപേക്ഷിക്കാൻ സഹായിക്കട്ടെ.

# 5

# ആരാധനയും അംശവസ്ത്രങ്ങളും

ആരാധനയേയും അംശവസ്ത്രങ്ങളെയും അനുബന്ധപ്പെടുത്തി ചിന്തിക്കുമ്പോൾ രണ്ടു സംഭവങ്ങൾ സ്മരണയിൽ ഓടി എത്താറുണ്ട്. ഒന്നു പതിറ്റാണ്ടുകളുടെ പഴക്കമുള്ളതാണ്. മറ്റൊന്ന് അത്ര പഴകിയതല്ലാത്തതും.

ആദ്യത്തേതു വൈറ്റ്ഫീൽഡിലുള്ള (ബാംഗ്ലൂർ) എക്യൂമിനിക്കൽ ക്രിസ്ത്യൻ സെന്ററിൽ ഒരു അർദ്ധ വർഷ കോഴ്സിൽ 60-കളുടെ അന്ത്യത്തിൽ പഠിച്ചതുമായി ബന്ധപ്പെട്ടതാണ്. ബാംഗ്ലൂരിലെ Holy Trinity പള്ളിയിൽ (അന്ന് അവിടെയും ജലഹാലിയിലുമായിരുന്നു നമുക്ക് ആരാധന ഉണ്ടായിരുന്നത്) വി. കുർബ്ബാനയിൽ പങ്കെടുത്തതിനു ശേഷം വിദേശീയരും സ്വദേശീയരുമായ ഒരു ചെറു സംഘത്തോടൊപ്പം പഠനഭാഗമായി അവിടെയുള്ള മാർത്തോമ്മാ പള്ളിയിലെ ആരാധനയിൽ ഒരു ഞായറാഴ്ച സംബന്ധിക്കുകയുണ്ടായി. എക്യുമെനിക്കൽ ക്രിസ്ത്യൻ സെന്റർ ഡയറക്ടറും മാർത്തോമ്മാ സഭയിലെ പ്രമുഖ വൈദികനുമായ റവ. എം. എ. തോമസ് അച്ചന്റെ നേതൃത്വത്തിലായിരുന്നു അത്. അഭിവന്ദ്യ യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്തായായിരുന്നു ആരാധനയ്ക്കു നേതൃത്വം നൽകിയത്. അന്ന് അദ്ദേഹം ചെയ്ത പ്രസംഗമാണ് മനസ്സിൽ പച്ചപിടിച്ചു നിൽക്കുന്നത്.

പൗരോഹിത്യ വേഷമായിരുന്നു അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ ഒരു പ്രധാന ഭാഗം. അദ്ദേഹം പറഞ്ഞു, "നമ്മുടെ വൈദികർ വി. കുർബ്ബാന ശുശ്രൂഷയിൽ കാർമ്മികരല്ലാത്തപ്പോൾ സംബന്ധിക്കുന്നതു വഴിയാത്ര ചെയ്യുമ്പോളും മാർക്കറ്റിൽ പോകുമ്പോളുമുപയോഗിക്കുന്ന അതേ വേഷത്തിലാണ് (ആ സഭയിലെ പല വൈദികരും അവിടെ സന്നിഹിതരായി

രുന്നു). അതിശ്രേഷ്ടമായ ആരാധനയിൽ സംബന്ധിക്കുമ്പോൾ സാധാരണ വേഷത്തിലാണോ സംബന്ധിക്കേണ്ടത്? ആരാധനയ്ക്ക് അനുസൃതമായ വേഷം ധരിക്കേണ്ടത് ആവശ്യമല്ലേ?"

മറ്റൊന്ന്, അമേരിക്കയിൽ യാക്കോബായ വിഭാഗത്തിന്റെ കുടുംബ സംഗമ വേളയിലെ വി. കുർബ്ബാനയുമായി ബന്ധപ്പെട്ടതാണ്. വി. കുർബ്ബാന പരസ്യമായി ആരംഭിക്കുന്നതിന് മുമ്പ്, ഹമനീക്ക ധരിക്കാത്ത പുരോഹിതർ മദ്ബഹായിൽ നിൽക്കരുതെന്നുള്ള മുന്നറിയിപ്പ് ഇടവക മേല്പട്ടക്കാരൻ (Patriarchal Vicar) നല്കി. ഒരു കോർഎപ്പിസ്കോപ്പാ ഒഴികെ ബാക്കി അങ്ങനെയുള്ള പുരോഹിതർ താഴെയിറങ്ങി നിന്നു. കോർഎപ്പിസ്കോപ്പാ, ഹമനീക്കാ ധരിക്കാതെ നിന്നിടത്തു തന്നെ നിലയുറപ്പിച്ചു. കുപിതനായ മേല്പട്ടക്കാരൻ, കോർഎപ്പിസ്കോപ്പാ മദ്ബഹായിൽ നിന്നിറങ്ങണമെന്ന് ആവർത്തിച്ച് ആജ്ഞാപിച്ചതിനു ഫലമുണ്ടായില്ല. മാത്രമല്ല, മെത്രാനു ചുവന്ന കുപ്പായവും കറുത്ത ളോഹയും കുരിശുമാലയും അണിഞ്ഞു മദ്ബഹായിൽ നില്ക്കാമെങ്കിൽ തനിക്കും അപ്രകാരമാകാമെന്ന് പ്രതിഷേധിച്ചു പ്രതികരിക്കുകയും ചെയ്തു.

വി. കുർബ്ബാനയുടെ പ്രധാന കാർമ്മികൻ സന്ദർശനത്തിനു നാട്ടിൽ നിന്നു വന്ന ഒരു മേല്പട്ടക്കാരനായിരുന്നു. ഹമനീക്കാ ധരിക്കാത്ത കോർഎപ്പിസ്കോപ്പാ മദ്ബഹായിൽ നിന്ന് ഇറങ്ങുന്നില്ലെങ്കിൽ ആരാധന താൻ തുടരുകയില്ലെന്ന്, ഏവൻഗേലി വായനയ്ക്കു മുമ്പായി പരസ്യമായി അദ്ദേഹം പ്രഖ്യാപിച്ചു. നില്ക്കുന്നിടത്തെ നില്പ് തുടരുന്നത് ഇനിയും പന്തിയല്ലെന്നു കരുതി കോർഎപ്പിസ്കോപ്പാ താഴെയിറങ്ങി നിന്നു. (അപ്പോളുണ്ടായ ശാരീരികാലസ്യം നിമിത്തം കോർഎപ്പിസ്കോപ്പായെ ഉടൻതന്നെ ആശുപത്രിയിൽ ആക്കേണ്ടിയും വന്നു).

നമ്മുടെ സഭയിലെ വൈദികർ വി. കുർബ്ബാനയിൽ പ്രധാന കാർമ്മികരല്ലാതെ സംബന്ധിക്കുമ്പോൾ അംശവസ്ത്രങ്ങൾ അണിയുന്നതിന്റെ പ്രതീകമായി പൊതുവേ ഹമനീക്കാ ധരിച്ചാണു വി. മദ്ബഹായിൽ നിലകൊള്ളുന്നതും വി. കുർബ്ബാന അനുഭവിക്കുന്നതും. ദൈവപുത്രൻ സ്വയം നമുക്കായി നല്കപ്പെടുന്ന സ്വർഗ്ഗീയവിരുന്നിൽ "വിവാഹ വസ്ത്ര"മില്ലാതെ സംബന്ധിക്കുന്നതു ന്യായീകരിക്കാമോ? കേവലം ഹമനീക്കാ മാത്രം ധരിച്ചു നിലകൊണ്ടാൽ മതിയാകുമോ എന്നുള്ളതിനു ഒരു പുനർചിന്തനം ആവശ്യമല്ലേ?

വി. കുർബ്ബാനയിൽ സംബന്ധിക്കുന്നവർ രാജകീയ പുരോഹിത വർഗ്ഗമാണ്. കാഴ്ചക്കാരായൊ കേൾവിക്കാരായൊ വിശ്വാസികളുടെ സമൂഹം, അവർ ഏതു സ്ഥാനിയായാലും കൂദാശകളുടെ കൂദാശയായ, മഹാരഹസ്യമായ ഈ ശുശ്രൂഷയിൽ പങ്കെടുക്കാറില്ല. പ്രത്യേകിച്ചും വി. മദ്ബ

ഹായിൽ നിലകൊള്ളുന്ന പൗരോഹിത്യ സ്ഥാനികൾ പ്രധാന കാർമ്മികനൊപ്പം അദ്ദേഹം ചെയ്യേണ്ട പല കർമ്മങ്ങളും കാര്യങ്ങളും ചെയ്യുന്നുമുണ്ട്. പ്രാർത്ഥനകൾക്ക് ആരംഭമിടുക; അവ ചൊല്ലുക, ധൂപമിടുക, വി. കുർബ്ബാന കൊടുക്കുക ആദിയായവയാണ് അവയിൽ ചിലത്. അഥവാ ശുശ്രൂഷയിൽ സന്നിഹിതരാകുന്ന പുരോഹിതരും മഹാപുരോഹിതരും കാർമ്മികരാണ്, പ്രധാന കാർമ്മികരല്ലെങ്കിലും. അങ്ങനെയെങ്കിൽ കാർമ്മികന്റെ വേഷത്തിലല്ലെ നിലകൊള്ളേണ്ടത്? ചുരുങ്ങിയപക്ഷം കാപ്പ എങ്കിലും ധരിച്ചിരിക്കേണ്ടതല്ലേ? (ദൈവരാജ്യത്തിലെ സന്തോഷവും പ്രകാശവും പ്രതിബിംബിക്കുന്നതാണ് കാപ്പ. ദൈവികനീതിയുടെയും മഹത്വത്തിന്റെയും അങ്കിയുമാണത് (സങ്കീ. 132:9–10). പുരോഹിതനു ഹമനീക്കാ ധരിച്ചു ശുശ്രൂഷയിൽ നിലകൊള്ളാമെങ്കിൽ ശെമ്മാശ്ശസ്ഥാനികൾ – ശുശ്രൂഷയ്ക്കു "കൂടാതെ" നില്ക്കുന്നവർ – കറുത്ത കുപ്പായവും ഊറാറായും ധരിച്ചു സംബന്ധിച്ചാൽ മതിയായിരിക്കുമല്ലൊ.

മേല്പട്ടക്കാർ, വി. കുർബ്ബാനയിൽ പ്രധാന കാർമ്മികരല്ലാത്തപ്പോൾ വി. മദ്ബഹായിൽ നിലകൊണ്ടാണ് ശുശ്രൂഷയിൽ പങ്കെടുക്കുന്നത്. ആ അവസരത്തിൽ മുഖ്യകാർമ്മികനടുത്ത പല കർമ്മങ്ങളും അവർ അനുഷ്ടിക്കുന്നുമുണ്ട്. പ്രത്യേകിച്ചും ഒരു പുരോഹിതൻ വി. കുർബ്ബാന അർപ്പിക്കുമ്പോൾ മഹാപുരോഹിതൻ സന്നിഹിതനെങ്കിൽ അദ്ദേഹമാണ് വി. കുർബ്ബാനയ്ക്കു "ആദ്ധ്യക്ഷം വഹിക്കുന്ന" കാർമ്മികൻ ചെയ്യേണ്ട പല കർമ്മങ്ങളും ചെയ്യുന്നത്. ചുരുക്കത്തിൽ, കാർമ്മികനായിട്ടാണ് – പ്രധാന കാർമ്മികനല്ലെന്നു മാത്രം – വി. കുർബ്ബാനയിലെ തദവസരത്തിലുള്ള മഹാപുരോഹിത സാന്നിദ്ധ്യം.

അപ്രകാരമുള്ള സാഹചര്യങ്ങളിൽ ഏറിയപങ്ക് മേല്പട്ടക്കാരും അവരുടെ സാധാരണവേഷത്തിലാണ് വി. മദ്ബഹായിൽ നിലകൊള്ളുന്നത്. അഥവാ, വഴിയാത്രയ്ക്കും പ്രതിഷേധറാലിയ്ക്കും മറ്റും ഉപയോഗിക്കുന്ന വേഷവിതാനങ്ങളോടാണ് മഹാരഹസ്യങ്ങളുടെ സ്വർഗ്ഗരാജ്യ ശുശ്രൂഷയിൽ പങ്കെടുക്കുന്നത്. കൂദാശകളുടെ കൂദാശയായ വി. കുർബ്ബാനയിൽ സംബന്ധിക്കുക രാഷ്ട്രീയ സാംസ്ക്കാരിക നേതാക്കളെ സന്ദർശിക്കുന്ന സന്ദർഭത്തിലണിയുന്ന ഉടയാടകളോടെയാണോ അതോ അംശവസ്ത്രങ്ങളോടെയായിരിക്കണമൊ എന്നുള്ളത് ഒരു പുനർചിന്തനത്തിനു വിധേയമാകേണ്ടതാണ് (വിരുന്നിൽ സംബന്ധിക്കുക അനുയോജ്യമായ വേഷത്തിലായിരിക്കണമെന്നുള്ളത് സാധാരണ വിരുന്നുകളിലെപ്പോലും പ്രാഥമിക നിയമമാണ്. വി. കുർബ്ബാനയായ സ്വർഗ്ഗീയ വിരുന്നിൽ അത് എത്ര മാത്രം പ്രധാനമാണ്).

പ്രധാന കാർമ്മികരല്ലാത്തപ്പോൾ മേല്പട്ടക്കാരിൽ ഏറിയപങ്കും വി. കുർബ്ബാന അനുഭവിക്കുന്നത് സാധാരണവേഷത്തിലാണ്. അതു അത്ര

ശരിയായ രീതിയല്ലെന്ന് അറിയുവാൻ ആരാധനപരമായ ആഴമായ അറിവോ കാനോനാകളെക്കുറിച്ചുള്ള കാര്യമായ പഠനമോ വേണമെന്നു തോന്നുന്നില്ല.

അർപ്പിക്കുന്നതിനൊപ്പമൊ അതിലേറെയൊ ഒരുക്കം അത്യാവശ്യ മാണ് വി. കുർബ്ബാന അനുഭവിക്കുന്നതിന്. പലപ്പോഴും പലരും അതു മറന്നു പോകുന്നുവെന്നു തോന്നുന്നു. വി. കുർബ്ബാനാർപ്പണം ദൈവജന ത്തിന്റെ - പ്രധാന കാർമ്മികന്റെ മാത്രമല്ല - ശുശ്രൂഷയാണ്. അതിനു അദ്ധ്യക്ഷം വഹിക്കയാണ് പ്രധാന കാർമ്മികൻ ചെയ്യുന്നത് (യേശുക്രി സ്തുവാണ് ഏതു കുർബ്ബാനയിലെയും പ്രധാന കാർമ്മികൻ). മുഖ്യ കാർമ്മികന്റെ ഒരുക്കമൊ, ഭക്തിയോ ശ്രേഷ്ഠതയൊ കൊണ്ടല്ല അപ്പ വീഞ്ഞുകൾ തിരുശരീരരക്തങ്ങളായി രൂപാന്തരപ്പെടുന്നത്. എന്നാൽ വി. കുർബ്ബാനാനുഭവത്തിനു ആഴമായ അനുതാപവും അതിലേറെ ഒരുക്കവും സമ്പൂർണ്ണ സമർപ്പണവും അത്യന്താപേക്ഷിതമാണ് (എത്ര ഒരുങ്ങി യാലും വി. കുർബ്ബാനാനുഭവം ദൈവികദാനമാണു താനും). ഉന്നത പൗ രോഹിത്യസ്ഥാനികളുടെ സാന്നിദ്ധ്യത്തിലും മുഖ്യകാർമ്മികൻ ഏതു സ്ഥാനിയായാലും അദ്ദേഹമാണ് ആദ്യം വി. കുർബ്ബാന അനുഭവിക്കു ന്നത്. കാർമ്മികന്റെ ഒരുക്കത്തെയൊ ഉത്തരവാദിത്തത്തെയൊ ലാഘ വപ്പെടുത്താനല്ല, വി. കുർബ്ബാനാനുഭവത്തിന്റെ ഗൗരവവും പ്രാധാന്യവും കുറിക്കുവാനാണ് ഇത് സൂചിപ്പിച്ചത്.

എഴുപതുകളുടെ ഒടുവിലുള്ള ഒരു പ. സുന്നഹദോസിൽ മേല്പട്ട ക്കാരിൽ ഒരാൾ വി. കുർബ്ബാനയ്ക്കു ഹമനീക്കാ ധരിച്ചു സംബന്ധിക്കു ന്നതിനെക്കുറിച്ച് ഒന്നുരണ്ടു മേല്പട്ടക്കാർ പരാതിപ്പെടുകയുണ്ടായി. അതു നിരോധിക്കണമെന്നുള്ളതായിരുന്നു അവരുടെ ആവശ്യം. അന്നത്തെ സഭാ ദ്ധ്യക്ഷൻ പ. മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ ഹമനീക്കാ ധരിച്ചു മേല്പട്ടക്കാർ വി. കുർബ്ബാനയിൽ സംബന്ധിക്കുന്നതു ശരിയായ രീതി യാണ്. നിരോധിക്കുകയല്ല, അതിനെ അനുമോദിക്കയാണ് വേണ്ടതെന്നു പ്രതികരിച്ചത് ഈ ലേഖകൻ നേരിട്ടു കേട്ടതാണ്.

അഭിവന്ദ്യ ബർണ്ണബാസ് മെത്രാപ്പോലീത്താ, പുറംകുപ്പായത്തിനടി യിൽ ഹമനീക്കാ ധരിച്ചിട്ടുണ്ടെന്നു പ. മാത്യൂസ് പ്രഥമൻ ബാവായോട് ഒരു വൈദികസ്ഥാനി പറഞ്ഞു. വി. കുർബ്ബാനയ്ക്കു പോകുന്നതിനു ഒരു ങ്ങുന്ന സമയമായിരുന്നു അത്. അത് ശരിയായ രീതിയാണെന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. "പെരുവഴിയിൽ നടക്കുന്ന വേഷത്തിലാണോ മദ്ബഹായിൽ കയറേണ്ടതെന്ന്" അഭിവന്ദ്യ മെത്രാപ്പോലീത്താ പരാതി പറഞ്ഞയാളോടു ചോദിക്കുകയും ചെയ്തു. വൈദികർ ഹമനീക്കാ ധരിച്ചേ മദ്ബഹായിൽ നിലകൊള്ളാവൂ എന്നു മേല്പട്ടക്കാർ നിർബ്ബന്ധി ക്കാറുണ്ടു താനും.

പൗരോഹിത്യവൃന്ദം സ്ഥാനവ്യത്യാസമെന്യേ അംശവസ്ത്രങ്ങളണിഞ്ഞു സന്നിഹിതരാകേണ്ട സുപ്രധാനവേളയാണ് വി. കുർബ്ബാന. അംശവസ്ത്രങ്ങളുടെ അംശം മാത്രം ധരിച്ച് പട്ടക്കാരും അംശംപോലുമില്ലാതെ മേല്പട്ടക്കാരും വി. കുർബ്ബാനയിൽ പങ്കുകൊള്ളുന്ന രീതിക്കു മാറ്റമുണ്ടാകേണ്ടതല്ലേ?

അണിഞ്ഞ അംശവസ്ത്രങ്ങൾ അഴിച്ചുമാറ്റി പൗരോഹിത്യ സ്ഥാനികൾ വി. കുർബ്ബാനയിൽ സംബന്ധിക്കുന്ന (വിചിത്ര) രംഗങ്ങളുണ്ട്. ഒന്ന് ദേവാലയ പ്രതിഷ്ഠാ വേളയിലാണ്. പള്ളിക്കൂദാശയ്ക്കു അംശവസ്ത്രങ്ങൾ അണിഞ്ഞാണ് പൗരോഹിത്യവൃന്ദം പങ്കെടുക്കുന്നത്. പള്ളിക്കൂദാശയുടെ ശുശ്രൂഷകൾ കഴിഞ്ഞ് വി. കുർബ്ബാന അർപ്പിക്കുന്ന കാർമ്മികൻ തൂയാബാ ശുശ്രൂഷ നടത്തുമ്പോൾ മദ്ബഹായിലെ ആരവാരം അത് വീക്ഷിച്ചിട്ടുള്ളവർ വിസ്മരിക്കില്ല. ഏറെപ്പേരും അംശവസ്ത്രങ്ങൾ അഴിച്ചുമാറ്റി വി. കുർബ്ബാനയിൽ സംബന്ധിക്കുന്നതിനുള്ള തയ്യാറെടുപ്പു നടത്തുന്ന ബഹളത്തിലാണ്. വി. കുർബ്ബാന അർപ്പിക്കുന്ന ആൾ മാത്രം കാപ്പ ധരിച്ചാൽ മതിയെന്നാണ് ധാരണ. മറ്റുള്ളവർ അംശവസ്ത്രരഹിതരായി വി. കുർബ്ബാനയിൽ പങ്കുകൊള്ളുകയും ചെയ്യും.

വി. ദേവാലയത്തിന്റെ പ്രധാനലക്ഷ്യം ബലി അർപ്പിക്കുന്നതിനുള്ള വേദി ഒരുക്കുകയെന്നുള്ളതാണ്. ദേവാലയ കൂദാശയുടെ പൂർത്തീകരണം വി. ബലി അർപ്പണത്തോടു കൂടിയും. പള്ളി പരിശുദ്ധാലയമായി പരിണമിക്കുന്നത് വി. കുർബ്ബാനയോടു കൂടിയാണ്. വിലയേറിയ നിക്ഷേപങ്ങൾ സൂക്ഷിക്കുന്ന ഭണ്ഡാരത്തിന് അവയ്ക്കുള്ളിലുള്ള നിക്ഷേപത്തേക്കാൾ വിലയൊ നിലയൊ ഇല്ലല്ലൊ. അംശവസ്ത്രങ്ങൾ ഉപേക്ഷിച്ച് പൗരോഹിത്യഗണത്തിലെ വിവിധ സ്ഥാനികൾ പള്ളിക്കൂദാശയുടെ സമാപനത്തിലെ വി. കുർബ്ബാനയിൽ സംബന്ധിക്കുമ്പോൾ ഭണ്ഡാരപാത്രത്തിനു അതിനുള്ളിലുള്ള അമൂല്യനിധിയേക്കാൾ വിലയും പ്രാധാന്യവും നല്കുന്നതിനു സമമാകുകയല്ലേ?

വളരെ അപൂർവ്വമായി നടത്താറുള്ള വി. മൂറോൻ കൂദാശാ ശുശ്രൂഷയിൽ അംശവസ്ത്രങ്ങൾ അണിഞ്ഞാണ് പൗരോഹിത്യസ്ഥാനികൾ സംബന്ധിക്കുന്നത്. എഴുപതുകളിലും എൺപതുകളിലും വി. മൂറോൻ കൂദാശയുടെ പൂർത്തീകരണമായ വി. കുർബ്ബാന സമാപിച്ചതിനുശേഷമേ അംശവസ്ത്രങ്ങൾ അവർ മാറിയിരുന്നുള്ളു. 1999–ൽ നടന്ന വി. മൂറോൻ കൂദാശയിൽ പ്രധാന കാർമ്മികനായ പ. ബാവാ ഒഴിച്ചുള്ള മഹാപുരോഹിതന്മാർ വി. കുർബ്ബാന ആരംഭിച്ചപ്പോഴേയ്ക്കും അംശവസ്ത്രങ്ങൾ അഴിച്ചുമാറ്റിയിരുന്നു. വി. മൂറോൻ കൂദാശയേക്കാൾ ഒട്ടുമേ അപ്രധാനമല്ല, മറിച്ചു പ്രാധാന്യമേറിയതാണ് സർവ്വ കൂദാശകളുടെയും മകുടമായ വി. കുർബ്ബാന. അംശവസ്ത്രങ്ങൾ ധരിച്ചു വി. കുർബ്ബാനയിൽ പങ്കുകൊ

ള്ളുവാൻ ആഗ്രഹിച്ച ഒരു മേല്പട്ടക്കാരനെ ഒരു സീനിയർ മെത്രാപ്പോലീത്താ അന്ന് നിർബ്ബന്ധിച്ചു കാപ്പ ഊരിച്ചതിനു അവിടെ സന്നിഹിതരായ പുരോഹിതർ സാക്ഷികളാണ്. വി. കുർബ്ബാനയുടെ പരമ പ്രാധാന്യം വിസ്മരിച്ചായിരിക്കണമെന്നില്ല അപ്രകാരം ചെയ്യിച്ചത്. മറിച്ചു പതിവുള്ള "പാരമ്പര്യം" അർത്ഥാനർത്ഥങ്ങളെക്കുറിച്ചു പരിഗണിക്കാതെ തുടരുവാൻ പ്രേരിപ്പിച്ചുവെന്നു മാത്രം.

പള്ളിക്കൂദാശയ്ക്കു ശേഷം അംശവസ്ത്രങ്ങളഴിച്ചു മാറ്റി വി. കുർബ്ബാനയിൽ പങ്കുകൊള്ളുന്നതിനെ ന്യായീകരിക്കുവാൻ പ. ഗീവറുഗീസ് ദ്വിതീയൻ ബാവാ അങ്ങനെ ചെയ്യാറുണ്ടായിരുന്നുവെന്നു ന്യായീകരണം നല്കുന്നവരുണ്ട്. ആ "പരിശുദ്ധ പാരമ്പര്യം" പരിപാലിക്കുകയാണെന്നു ചുരുക്കം. പ. ഗീവറുഗീസ് ദ്വിതീയൻ ബാവായും മറ്റു ചില പിതാക്കന്മാരും പ്രായമൊ, രോഗമൊ ക്ഷീണമൊ മൂലം അപ്രകാരം ചെയ്തിരിക്കാം. അതു തിരുത്താനാവാത്ത പാരമ്പര്യമായി പകർത്തുകയൊ പ്രഘോഷിക്കുകയൊ ചെയ്യുന്നത് പരിതാപകരമാണ്.

വി. കൂദാശാനുഷ്ഠാനങ്ങൾ അതീവ നിഷ്ഠയോടും അതിലേറെ ഭക്തി ആദരവോടും അനുഷ്ഠിച്ചിട്ടുള്ള പിതാക്കന്മാരെ അംശവസ്ത്രങ്ങൾ അഴിച്ചുമാറ്റുന്നതിൽ അനുകരിക്കാതെ ഇതരകാര്യങ്ങളിൽ പിൻപറ്റാൻ ശ്രമിക്കയാണ് വേണ്ടത്. പ. ഗീവറുഗീസ് ദ്വിതീയൻ ബാവാ ചെയ്യാത്ത പല കാര്യങ്ങളും ഇന്നുള്ള മേല്പട്ടക്കാർ ചെയ്യാറുണ്ട്. ദേവാലയ കൂദാശയ്ക്കു മുമ്പുള്ള താക്കോൽ ദാനമൊന്നും മുമ്പുണ്ടായിരുന്നില്ല. ഇടവകപ്പള്ളികളെക്കുറിച്ചുള്ള വിഘടിത വാദഗതികളുയർന്ന എഴുപതുകളിലാണ് അതിന് ആരംഭം കുറിച്ചത് (അഭിവന്ദ്യ മാത്യൂസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ – പ. മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ – ആണ് അതു തുടങ്ങിയത്). പണ്ടുണ്ടായിരുന്നതല്ലെന്നു പറഞ്ഞ് ഇന്നുള്ള മേല്പട്ടക്കാർ അത് ചെയ്യാതിരിക്കുന്നില്ലെന്നു മാത്രമല്ല, വളരെ പ്രധാനപ്പെട്ട ചടങ്ങായി അതു മാറ്റിയിട്ടുമുണ്ട്. പല കാര്യങ്ങളിലും പ. ഗീവറുഗീസ് ദ്വിതീയൻ ബാവായെ അനുകരിക്കുകയാണെന്നു കരുതുന്നവർ മലങ്കര സഭയുടെ പ്രഥമ പ്രധാന മഹാപുരോഹിതനായ മാർത്തോമ്മാ ശ്ലീഹായെ ആ കാര്യത്തിൽ കൂട്ടുപിടിക്കാത്തതു ഭാഗ്യം. അദ്ദേഹത്തിന്റെ അംശവടിയുടെയും ശീലമുടിയുടെയും രീതിയാണ് ഇന്നുള്ള മേല്പട്ടക്കാർ അനുകരിക്കുന്നതെന്ന് അവകാശപ്പെടുമെന്ന് കരുതുന്നില്ല.

വികലരീതികളെ ന്യായീകരിക്കുവാനും പവിത്രീകരിക്കുവാനും കടന്നുപോയ പിതാക്കളെ കൂട്ടുപിടിക്കാൻ ശ്രമിക്കാതെ സഭയെ സകല സത്യത്തിലും നടത്തുന്ന, നടത്തേണ്ട പരിശുദ്ധാത്മാവിൽ ആശ്രയിക്കുകയാണ് വേണ്ടത്. പാരമ്പര്യമെന്നു പറയുന്നതു പുറകിലേക്കു കണ്ണുംനട്ടു കഴിയുന്നതൊ പഴയതെല്ലാം അതുപോലെ പകർത്തുന്നതൊ അല്ല. പരിശുദ്ധാത്മ

നിറവിലും നടത്തിപ്പിലും കാലാനുസൃതവും അർത്ഥവത്തുമായവയെ അനുബന്ധിക്കുന്നതും അനാവശ്യമായവയെ ഉപേക്ഷിക്കുന്നതും ഒപ്പം വിട്ടുപോയവയൊ വിസ്മരിച്ചവയൊ ഉൾക്കൊള്ളുന്നതുമാണ്. സഭയുടെ പ്രാരംഭം മുതൽ നടന്നുകൊണ്ടിരിക്കുന്ന പ്രക്രിയയാണിത്. സഭാകാര്യങ്ങൾ കാലം ചെയ്ത പിതാക്കന്മാരിൽ അവസാനിക്കുന്നുവെന്നു കരുതുന്നതും മൗഢ്യമാണ്; ഒപ്പം അപകടകരവും.

വി. കുർബ്ബാനവേളയിൽ പ്രധാന കാർമ്മികരാകുന്ന പൗരോഹിത്യസ്ഥാനികൾ അംശവസ്ത്രങ്ങൾ അണിയുന്നുണ്ട്. എന്നാൽ മാമോദീസാ, വിവാഹം ആദിയായ കൂദാശകളിൽ മേല്പട്ടക്കാർ മുഖ്യ കാർമ്മികരാകുമ്പോൾ അവരിൽ പലരും അംശവസ്ത്രങ്ങൾ ധരിക്കാറില്ല. ഒരു പുരോഹിതൻ കാപ്പാ ധരിച്ചു നില്ക്കണമെന്നുള്ളത് നിർബന്ധവും. പ്രധാന കാർമ്മികൻ അംശവസ്ത്രങ്ങൾ ധരിച്ചു ചെയ്യുന്നതിനു പകരം സന്നിഹിതരായ പട്ടക്കാരിൽ ഒരാൾ കാപ്പാ ധരിച്ചു നില്ക്കുന്നതെന്തിനാണോ ആവോ? (സന്നിഹിതരായ പട്ടക്കാരെല്ലാം കാപ്പാ ധരിച്ചാൽ മനസ്സിലാക്കാം). വിവാഹകൂദാശാവേളയിൽ മഹാപുരോഹിത സാന്നിദ്ധ്യത്തിൽ കാപ്പാ ധരിച്ചു നില്ക്കുന്ന പുരോഹിതൻ രണ്ടു കർമ്മങ്ങൾ സാധാരണ ചെയ്യാറുണ്ട്. ഒന്ന് ഏവൻഗേലി വായനാവേളയിൽ അംശവടി പിടിച്ചു നില്ക്കുന്നു. മറ്റൊന്ന് മിന്നുകെട്ടു വേളയിൽ മിന്ന് പിടിച്ചുകൊടുക്കുന്നു. അംശവടി പിടിക്കാൻ അംശവസ്ത്രത്തിന്റെ ആവശ്യമില്ല. മിന്നുകെട്ട് ഒരു കൗദാശിക ചടങ്ങുമല്ല; ദേശീയാചാരം ശുശ്രൂഷയോടനുബന്ധിച്ചതാണ്. മിന്നു പിടിച്ചു കൊടുക്കുന്നത് പുരോഹിതസ്ഥാനി ആയിരിക്കണമെന്നില്ല. മേല്പട്ടക്കാരനൊ കശ്ശീശ്ശായൊ ശുശ്രൂഷകനൊ ആരെങ്കിലും ചെയ്താൽ മതി.

എന്നാൽ ഈ ശുശ്രൂഷകളിൽ *കൗദാശികമായ ചടങ്ങുകൾ* (മാമോദീസായിൽ റൂശ്മാ ചെയ്യുന്നത്, മൂറോനഭിഷേകം, വിവാഹചടങ്ങിൽ മോതിരം വാഴ്ച, കിരീടം വാഴ്വ് ആദിയായവ) നടത്തുന്നത് അംശവസ്ത്രം ധരിച്ചവരായിരിക്കേണ്ടതല്ലേ? മഹാപുരോഹിതൻ സാധാരണവേഷത്തിൽ സന്നിഹിതനെങ്കിൽ വി. കുർബ്ബാന മഹാപുരോഹിത സാന്നിദ്ധ്യത്തിൽ പുരോഹിതൻ അർപ്പിക്കുമ്പോൾ മഹാപുരോഹിതൻ ചെയ്യുന്ന കർമ്മങ്ങൾപോലെ പ്രാർത്ഥനകൾക്കു ആദിയിടുക, ധൂപമിടുക ആദിയായവ അനുഷ്ഠിക്കുകയല്ലാതെ മറ്റു മർമ്മപ്രധാനമായ വി. കൗദാശിക കർമ്മങ്ങൾ നടത്തുന്നത് അനുയോജ്യമാണോ?

സഭയുടെയും ബന്ധപ്പെട്ടവരുടെയും പുനർ ചിന്തനത്തിന് ഈ ആശയങ്ങൾ സഹായിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു.

# 6

# സഭയും പരിശുദ്ധ പ്രഖ്യാപനവും

പൗരസ്ത്യ പാരമ്പര്യത്തിൽ പതിവില്ലാതിരുന്നതാണ് പരിശുദ്ധ പ്രഖ്യാപനം. പാശ്ചാത്യ (റോമൻ കത്തോലിക്കാ) സഭയിൽ നിന്ന് അവർ പകർത്തിയതാണത്. റഷ്യൻ സഭയാണ് അതിന് ആരംഭമിട്ടത്. മലങ്കരസഭയുൾപ്പെടെയുള്ള ഓർത്തഡോക്സ് സഭകളിൽ പരിശുദ്ധ പ്രഖ്യാപനം ഇന്ന് അസാധാരണമല്ല.

പൗരസ്ത്യ സഭകൾ - ഓർത്തഡോക്സ് സഭകൾ - പരിശുദ്ധ പ്രഖ്യാപനത്തിൽ അത്ര വലിയ കമ്പം പണ്ടു കാണിക്കാതിരുന്നതിനു കാരണങ്ങളുണ്ട്. ഒന്ന്, വിശുദ്ധി അളക്കുന്നതിനുള്ള മാനുഷിക പരിമിതികളാണ്. പാശ്ചാത്യർ പൊതുവെ ആത്മീയതയുൾപ്പെടെ പലതും കൃത്യമായി കണക്കുകൂട്ടുവാൻ ശ്രമിക്കുന്നവരാണ്; കാര്യകാരണങ്ങൾ തിരക്കുന്നവരും. ഉദാഹരണമായി വി. കുർബ്ബാനയിൽ എപ്പോഴാണ് അപ്പവും വീഞ്ഞും തിരുശരീരരക്തങ്ങളായി പരിണമിക്കുന്നതെന്നു കൃത്യമായി അവർ പറയും. സ്ഥാപകവചനങ്ങൾ ഉച്ചരിക്കുമ്പോളാണെന്നാണു (Words of Institution) അവരുടെ ഉത്തരം. പൗരസ്ത്യ സഭകൾക്കു വി. കുർബ്ബാനയിൽ തിരുശരീരരക്തങ്ങൾ രൂപാന്തരപ്പെടുന്ന നാളും നാഴികയും പറയുവാനറിയില്ല. പക്ഷേ, രൂപാന്തരപ്പെടുമെന്നു സംശയരഹിതമായി വിശ്വസിക്കുന്നു. ഏതൊരുവന്റെയും ഉള്ളും ഉള്ളിലിരിപ്പും ഉണ്മയിലെ നന്മയും മേന്മയുമെല്ലാം സമ്പൂർണ്ണമായി സംഗ്രഹിക്കുവാൻ സർവ്വജ്ഞനായ സർവേശ്വരനു മാത്രമെ സാധിക്കുകയുള്ളല്ലോ. മനുഷ്യന്റെ അറിവിനും അളവിനും പരിമിതികളുണ്ടെന്നു പൗരസ്ത്യർ മനസ്സിലാക്കുന്നു. പരിമിതനായ മനുഷ്യരുടെ, അവർ ആരുമാകട്ടെ, പരിശുദ്ധ പ്രഖ്യാപനങ്ങളിൽ പാളിച്ചകളുണ്ടാകാം.

വിശ്വാസികളെല്ലാം വേദപുസ്തകഭാഷയിൽ വിശുദ്ധരാണ്, വേർതിരിക്കപ്പെട്ടവരാണ്. പത്രോസ് ശ്ലീഹാ "തെരഞ്ഞെടുക്കപ്പെട്ട ജാതിയും രാജ

കീയ പുരോഹിതവർഗ്ഗവും വിശുദ്ധ വംശവും സ്വന്തജന"വുമായിട്ടാണല്ലോ വിശ്വാസികളെ വീക്ഷിച്ചതും വിവരിച്ചതും. പൗലോസ് ശ്ലീഹായുടെ ലേഖനങ്ങളിൽ അദ്ദേഹം സഭാംഗങ്ങളെ വിശുദ്ധരെന്നാണ് അഭിസംബോധന ചെയ്തത്. വിശ്വാസികൾ 'പാപമോചനത്തിനു ഒരിക്കൽ മാത്രമുള്ള' മാമോദീസാ സ്വീകരിച്ചും പരിശുദ്ധാത്മാഭിഷേകം പ്രാപിച്ചും കർത്തൃ ശരീരരക്തങ്ങൾ മജ്ജയിലും മാംസത്തിലും സ്വാംശീകരിച്ചും ദൈവികരായി രൂപാന്തരപ്പെട്ടവരാണ്. അവർ സ്വർഗ്ഗസ്ഥപിതാവിന്റെ സദ്ഗുണ സമ്പൂർണ്ണതയിലേക്ക് അനുദിനം വളരുന്നവരാണ്; വളരേണ്ടവരാണ്. ദൈവപുത്രന്റെ മർത്തീകരണമതിനായിരുന്നു. സഭയുടെ ലക്ഷ്യവുമതു തന്നെ. സഭാംഗങ്ങൾ വിശുദ്ധരാകേണ്ടവരാകയാൽ പ്രത്യേക പ്രഖ്യാപനത്തിനു സ്ഥാനമില്ല എന്നു പൗരസ്ത്യർ കരുതിയിരിക്കണം. എങ്കിൽത്തന്നെ, തങ്ങളുടെയിടയിൽ വിശുദ്ധിയോടും കാന്തിയോടും പ്രകാശിച്ചു പ്രശോഭിച്ചവരെ പ്രഖ്യാപനങ്ങളുടെ അകമ്പടികളും ആരവാരങ്ങളുമില്ലാതെ തന്നെ ആദരിക്കുന്നതിനും അവരുടെ പ്രാർത്ഥനകളിൽ അഭയപ്പെടുന്നതിനും പണ്ടു മുതലെ പൗരസ്ത്യർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. പ്രഖ്യാപിത പരിശുദ്ധന്മാരേക്കാൾ സുകൃതജീവിതത്തിലും വിശുദ്ധിയിലും വിളങ്ങിയവർ എന്നും സഭയിൽ ഉണ്ടായിയെന്നും വരാം.

ഒപ്പം, പ്രഖ്യാപനവും പ്രഘോഷണവും പാശ്ചാത്യരുടെ (കത്തോലിക്കാ - പ്രൊട്ടസ്റ്റന്റ്) പ്രത്യേകതയാണ്. പ്രസംഗമാണ് അവരുടെ പ്രധാന മിഷൻ. ഘോഷണം അത്ര ഭൂഷണമായി പൊതുവേ പൗരസ്ത്യർ കരുതുന്നില്ല. ആഘോഷമാണ് (Celebration) പ്രഘോഷണത്തേക്കാൾ (Proclamation) അവർക്കു പ്രധാനം. ജീവിതമാണ് പ്രസംഗം. ശബ്ദശൈലിയെക്കാൾ ജീവിതശൈലിയാണ് പൗരസ്ത്യരായ ഭക്തരുടെ സവിശേഷത. പ്രഖ്യാപനമില്ലാതെ, പരസ്യപ്പെടുത്താതെ സ്വർഗ്ഗീയ സുഗന്ധം നാലുപാടും പരത്തിയവർ പൗരസ്ത്യ പാരമ്പര്യത്തിൽ ഏറെയുണ്ട്. അവർ മൗനത്തിലൂടെ പ്രസംഗിച്ചവരാണ്. ഒന്നും പറയാതെ ഒത്തിരിയേറെ പ്രഘോഷിച്ചവരാണ്. ആ ശൈലിയും ശീലവും സ്വന്തമാക്കിയവരെ ആളുകൾ അന്വേഷിച്ചു കണ്ടെത്തും. അവരിലേക്കു അനേകർ അറിയാതെതന്നെ ആകർഷിക്കപ്പെടും. പ്രഖ്യാപനങ്ങളില്ലാതെ തന്നെ അവരുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിക്കുക, ആദരണീയവും അച്ചട്ടുമായി കരുതിയിരുന്നു. ഇന്നും കരുതുന്നു.

പൗരസ്ത്യർ ആധുനിക കാലത്തു പകർത്തിയ പ്രഖ്യാപന ചടങ്ങ് വളരെ സൂക്ഷിച്ച് അത്യാവശ്യമെങ്കിൽ മാത്രം ചെയ്യുകയാണ് വേണ്ടത്. പ്രാർത്ഥനയും പരിശുദ്ധാത്മ നിറവും അതിന്റെ പിമ്പിൽ ഉണ്ടായിരിക്കണം. വ്യക്തിപൂജയുടെ അടിസ്ഥാനത്തിലൊ വികാരാവേശത്തിലൊ, വിഭാഗീയ പ്രാദേശിക പ്രാതിനിധ്യ പരിഗണനകളുടെ പേരിലൊ നടത്തേണ്ട ബാലി

ശമായ ഒരു ചടങ്ങല്ലത്.

ജോൺ പോൾ രണ്ടാമൻ മാർപാപ്പാ പരിശുദ്ധ പ്രഖ്യാപനത്തിൽ റിക്കാർഡു സൃഷ്ടിച്ചിരുന്നു. കത്തോലിക്കാ സഭയിൽ അദ്ദേഹം പാപ്പാ ആകുന്നതിനു മുമ്പ് ആകെയുള്ള പ്രഖ്യാപിത പരിശുദ്ധന്മാരുടെ അംഗ സംഖ്യയിലധികം പേരെ മൂന്നു പതിറ്റാണ്ടിൽ താഴെയുള്ള വാഴ്ചക്കാലത്ത് പരിശുദ്ധന്മാരായി പ്രഖ്യാപിച്ച് അദ്ദേഹം ചരിത്രം സൃഷ്ടിച്ചു. ആ പവിത്രമായ ചടങ്ങ് ഒരു നേരമ്പോക്കാണ് അദ്ദേഹത്തിനെന്ന് ആരോപിച്ചവരും ആ സഭയിൽ ഇല്ലാതില്ല.

വിശദമായ അന്വേഷണങ്ങൾക്കും നടപടികൾക്കും ശേഷമാണ് കത്തോലിക്കാ സഭ പരിശുദ്ധ പദവി പൊതുവേ നല്കുന്നത്. എങ്കിലും ആ സഭ പരിശുദ്ധസ്ഥാനത്തു പ്രതിഷ്ഠിച്ചവരിൽ ചിലരെയെങ്കിലും ആ പദവിയിൽ നിന്നും കുടിയിറക്കേണ്ടി വന്നിട്ടുണ്ടെന്നു തോന്നുന്നു. ഇനിയും ചിലർ ആ ഗണത്തോടു ചേർന്നാൽ അത്ഭുതപ്പെടാനുമില്ല. ഉന്നതരായ പലരുടെയും വ്യക്തിജീവിതത്തിലെ വീഴ്ചകൾ വീക്ഷിച്ചവരും വീഴ്ചകൾക്ക് വിധേയരായവരും പണ്ട് അവ വെളിപ്പെടുത്തുവാൻ അറച്ചിരുന്നു; മടിച്ചിരുന്നു. അവ പരസ്യമാക്കാത്ത രഹസ്യമായിരുന്നു. ഇന്ന് കാലം മാറി. പല രഹസ്യങ്ങളും ഇന്ന് പരസ്യങ്ങളാണ്. പരസ്യമാകാൻ ഒരുപക്ഷേ വൈകിയെന്നു വരുമെന്നു മാത്രം. അമേരിക്കയിലും യൂറോപ്പിലുമുള്ള പല സഭകളും പ്രത്യേകിച്ചും കത്തോലിക്കാസഭ ഒരു കാലത്തു ഒതുക്കിയും ഒളിച്ചും വച്ച പൗരോഹിത്യഗണത്തിന്റെയും മറ്റും പല വികൃതികളും ഇന്ന് അങ്ങാടിപ്പാട്ടായതുകൊണ്ടും അവ അരങ്ങിൽ നിറഞ്ഞുനില്ക്കുന്നതുകൊണ്ടും വിഷമിച്ചു വീർപ്പുമുട്ടി കഴിയുകയാണല്ലൊ.

മലങ്കരസഭയിൽ അടുത്തകാലങ്ങളിലുണ്ടായ ചില പകർച്ചവ്യാധികൾ പോലെ - കത്തീഡ്രൽ പള്ളി, കോർഎപ്പിസ്കോപ്പാസ്ഥാനം, ഭദ്രാസന വിഭജനങ്ങൾ - പരിശുദ്ധപ്രഖ്യാപനവും പടർന്നുപിടിക്കുമോയെന്നു ഭയമുള്ളവർ സഭയ്ക്കുള്ളിൽത്തന്നെ വളരെയുണ്ട്. പ്രത്യേകിച്ചും ഇന്ന് സഭയിൽ നിന്നു വേറിട്ടുനിൽക്കുന്ന വിഭാഗം അന്ധമായ അന്ത്യോഖ്യാ "ഭക്തി"യുടെ അടിസ്ഥാനത്തിൽ പലരെയും പരിശുദ്ധ സ്ഥാനത്തു ആസനസ്ഥരാക്കി ആ അത്യുന്നതസ്ഥാനത്തെ അനാദരിക്കുമ്പോൾ സഭയിൽ അതിന് ഒത്തുപിടിക്കാനുള്ള വ്യാമോഹവും മുറവിളിയും ഉയരുമെന്നുള്ളതിനു സംശയമില്ല. അതിന്റെ ചില ലക്ഷണങ്ങൾ സഭയിൽ അടുത്ത സമയത്ത് തലപൊക്കുകയും ചെയ്തു. അതിനെതിരെ വിമർശനമുയർന്നപ്പോൾ തലവലിച്ചു തല്ക്കാലം രക്ഷപ്പെട്ടെന്നു തോന്നുന്നു. എന്തായാലും ക്ലിക്കുകാരുടെയും ഗ്രൂപ്പുകാരുടെയും കച്ചവടക്കണ്ണോടെ ആത്മീയകാര്യങ്ങൾ കാണുന്നവരുടെയും കുതന്ത്രങ്ങളിൽ അമർന്നു തീരുമാനിക്കേ

ണ്ടതല്ല ഇപ്രകാരമുള്ള സുപ്രധാന കാര്യങ്ങൾ.

പരിശുദ്ധ പദവി ഏതെങ്കിലും പ്രത്യേക വിഭാഗത്തിനു സംവരണം ചെയ്തിട്ടുള്ള സ്ഥാനമല്ല. ആ പദവിയിൽ ഉപസ്ഥിതരായി ആദരിക്കപ്പെടുന്നവരിൽ ശിശുക്കൾ ഉൾപ്പെടെയുള്ള വിവിധ പ്രായപരിധിയിലുള്ളവരുണ്ട്. സ്ത്രീകളും പുരുഷന്മാരുമുണ്ട്. വിവാഹിതരും അവിവാഹിതരുമുണ്ട്. പൗരോഹിത്യഗണത്തിലെ വിവിധ സ്ഥാനികളുണ്ട്. വ്യത്യസ്ത വർഗ്ഗങ്ങളിലും നിറങ്ങളിലുമുള്ളവരുണ്ട്. അഥവാ പരിശുദ്ധപദവി പ്രായ വർഗ്ഗ വർണ്ണ ലിംഗ വ്യത്യാസങ്ങൾക്കും വേർതിരിവുകൾക്കുമതീതമാണ്. മലങ്കരസഭാംഗങ്ങൾക്ക് ഈ പരമസത്യം വേണ്ടതുപോലെ ഉൾക്കൊള്ളുവാൻ കഴിയുമോ എന്തോ? പണ്ട് മലങ്കരസഭയിൽ പലരും കരുതിയിരുന്നതു "ശീമ"യിൽ ജനിച്ചെങ്കിലേ വിശുദ്ധരാകുകയുള്ളുവെന്നായിരുന്നുവെന്നു കേട്ടിട്ടുണ്ട്. പരുമല തിരുമേനിയെ പരിശുദ്ധനായി പ്രഖ്യാപിക്കുക മൂലം ആ മിത്തിനും മിഥ്യാബോധത്തിനും വിവരക്കേടിനും വിരാമമുണ്ടായതിൽ ദൈവത്തെ സ്തുതിക്കുന്നു (ജീവിതമാർഗ്ഗം തേടിയും പ്രാണരക്ഷാർത്ഥവും മറ്റും ശീമയിൽ നിന്നു മലങ്കരയിലെത്തിയ സാധാമനുഷ്യരെപ്പോലും ബാവാപട്ടം അണിയിച്ചും വിശുദ്ധ പദവിയ്ക്ക് അർഹരാക്കിയും പെരുന്നാളാഘോഷിക്കുന്നവരാണല്ലോ, മലങ്കരയിൽ നല്ലൊരു പങ്കും).

നമ്മുടെ സഭയിൽ ഇന്നു വിശുദ്ധനാകണമെങ്കിൽ, വിശുദ്ധനാക്കണമെങ്കിൽ ഒരു കാര്യം അനിവാര്യമായിത്തീർന്നിട്ടുണ്ടെന്നു തോന്നുന്നു. അതു മസ്നപ്സാ (ശരിയായ പേര് എഷ്ക്കീമോ) എന്ന ശിരോവസ്ത്രം ഉണ്ടായിരിക്കണമെന്നുള്ളതാണ്. അഥവാ പരിശുദ്ധ സ്ഥാനി റമ്പാനൊ മഹാപുരോഹിതനൊ ആയിരിക്കണമെന്നു ചുരുക്കം. ഇതര അവിവാഹിതർക്കൊ വിവാഹിതർക്കൊ. അതു സ്ത്രീയോ പുരുഷനോ ആകട്ടെ, വിശുദ്ധിയോടെ ജീവിച്ചു വിശ്വാസം സംരക്ഷിച്ചു പരിശുദ്ധാത്മ നിറവിലും പ്രഭയിലും പ്രശോഭിച്ചു ജീവിച്ചാലും വിശുദ്ധരായി നിർണ്ണയിക്കുന്ന സമിതിക്കാർ അവരെ പരിഗണിക്കുമൊ അഥവാ പരിഗണിച്ചു പ്രഖ്യാപിച്ചാൽ അവരെ ഉൾക്കൊള്ളുവാനുള്ള വിവേകം വിശ്വാസികൾക്ക് ഉണ്ടാകുമോയെന്നു സംശയിക്കേണ്ടിയിരിക്കുന്നു. കത്തോലിക്കാ സഭയിൽ അൽഫോൻസാമ്മയും ചാവറ അച്ചനും പരിശുദ്ധരാകും. നാലഞ്ചു കുട്ടികളുടെ അമ്മയായിരുന്ന ഒരു ഇറ്റാലിയൻ ഡോക്ടർ ഏതാനും വർഷങ്ങൾക്കു മുമ്പ് മരിച്ചു. ഏറെ മാതൃകയായിരുന്ന ആ സ്ത്രീയെ കത്തോലിക്കാ സഭ വിശുദ്ധയായി പ്രഖ്യാപിച്ചിട്ട് അധികകാലം ആയിട്ടില്ല.

വി. വേദപുസ്തകവും സഭാപാരമ്പര്യങ്ങളും പഠിപ്പിക്കുന്നത് വിവാഹജീവിതവും സന്യാസജീവിതവും വ്യത്യസ്തമെങ്കിലും ഒരുപോലെ വിശുദ്ധവും ശ്രേഷ്ഠവുമാണെന്നാണ്. ഒന്നു മറ്റേതിനേക്കാൾ മേന്മയേറിയതല്ല.

ഈ രണ്ടു ജീവിതശൈലിയിലും വിജയിക്കണമെങ്കിൽ ദൈവവിളിയും കൃപയും സമർപ്പണബോധവും അനുപേക്ഷണീയമാണ്. വിളിക്കപ്പെട്ട വിളി അനുസരിച്ചും വെല്ലുവിളികളെ അതിജീവിച്ചും വിശ്വാസം കാത്ത് ഓട്ടം തികയ്ക്കുമ്പോൾ ഇരുകൂട്ടർക്കും ഒരുപോലെ ലഭിക്കുന്നതാണ് നീതിയിൻ കിരീടം. അപ്പോസ്തോല സമൂഹം തന്നെ പത്രോസ് ശ്ലീഹാ യെപ്പോലെ വിവാഹവ്രതമെടുത്തു ജീവിച്ചവരും യോഹന്നാൻ ശ്ലീഹാ യെപ്പോലെ സന്യാസവ്രതത്തിനു ജീവിതമർപ്പിച്ചവരും ഉൾക്കൊള്ളുന്ന തായിരുന്നുവല്ലൊ. എന്നാൽ അറിഞ്ഞൊ അറിയാതെയൊ വിവാഹജീ വിതത്തെ പടിയിറക്കി പ്രതിഷ്ഠിക്കുന്നതിലാണ് പലർക്കും താല്പര്യം. പ്രാർത്ഥിക്കുന്ന ചില മേല്പട്ടക്കാരായ സഭാപിതാക്കന്മാരോടൊപ്പം നിഷ്ഠ യോടും ഭക്തിയോടും അനുദിനജീവിതത്തിലെ അല്ലലുകളെയും അല ച്ചിലുകളെയും ദൈവസാന്നിദ്ധ്യബോധത്തോടും അഭിമുഖീകരിച്ചു ജീവിച്ച, ജീവിക്കുന്ന പട്ടക്കാരും അയ്മേനികളുമായി പലരും സഭയി ലുണ്ട്. അറിയപ്പെടാതെ, അംഗീകരിക്കപ്പെടാതെ സാധാരണക്കാരായ എന്നാൽ അസാധാരണക്കാരായ അങ്ങനെയുള്ളവർ മൂലം കൂടിയാണു സഭ ഇന്നും നിലനില്ക്കുന്നതെന്നുള്ളത് പൊതുവേ വിസ്മരിക്കപ്പെടുന്നു.

വിശുദ്ധ ജീവിതത്തിനു പ്രത്യേക മുദ്രകളും മുഖാവരണങ്ങളുമില്ല. നെറ്റിയിലും കൈപ്പത്തിയിലും പാടുപെട്ടു വരുത്തുന്ന പാടുകളും അഹ റോന്റെ താടിപോലുള്ള ദീക്ഷയുമെല്ലാം ഭക്തിയുടെ, പരിശുദ്ധന്റെ അട യാളങ്ങളായി പലരും തെറ്റിദ്ധരിച്ചിട്ടുണ്ടെന്നു തോന്നുന്നു. വ്രതനിഷ്ഠ കളും പ്രാർത്ഥനയുമെല്ലാം വ്യക്തിജീവിതത്തെ സുകൃതമണിയിക്കുന്നതും പരിശുദ്ധാത്മഫലങ്ങൾ പുറപ്പെടുവിക്കുന്നതിനു ഫലഭൂയിഷ്ഠമാക്കുന്ന തുമാണ്. അതുപോലെ തന്നെ സുപ്രധാനമാണ് സ്വകാര്യജീവിത വിശു ദ്ധിയും സ്വഭാവ ശ്രേഷ്ഠയും. പ്രശ്നങ്ങളെ സമചിത്തതയോടും സത്യസ ന്ധതയോടും അഭിമുഖീകരിക്കുന്നതും അധർമ്മത്തെയും അനീതിയേയും മുഖം നോക്കാതെ എതിർക്കുന്നതുമെല്ലാം ഉത്തമഭക്തന്റെ, ശരിയായ വിശു ദ്ധന്റെ ലക്ഷണങ്ങളാണ്. 'ഭക്ത'രെന്നും 'സിദ്ധ'രെന്നും അറിയപ്പെടാൻ ആഗ്രഹിക്കുന്ന പലരുടെയും പ്രാർത്ഥനാജീവിതത്തിലെ നിഷ്ഠകൾ പ്രവൃ ത്തിയിൽ പ്രതിഫലിച്ചു കാണാറില്ല. അവിടെയാണ് അവർ പതറുന്നതും പാളിച്ചകളിൽ അകപ്പെടുന്നതും. അരുതാത്ത പലതിനും അവർ അരുനി ന്നുവെന്നു വരും. കർശനമായി വിമർശിക്കേണ്ട സ്ഥാനത്ത് കണ്ണടച്ചു കണ്ടി ല്ലെന്നു നടിച്ചും കാത് അടച്ചു കേട്ടില്ലെന്നു ഭാവിച്ചും കഴിയുന്നവർ വിശു ദ്ധരാകില്ല, വിശുദ്ധർ ആകയുമരുത്.

"നിദ്ര അടഞ്ഞാൽ നല്ലതു മാത്രമെ പറയാവൂ" (Do mortuis nil nist bonum dicendum est. Of the dead, nothing is to be said but the good) എന്നുള്ള ചൊല്ല് പ്രസിദ്ധമാണല്ലൊ. മരിച്ചു കഴിഞ്ഞാൽ, അതു കാലം

ചെയ്തവരെക്കുറിച്ചായാലും, കടന്നുപോയവരെക്കുറിച്ചായാലും പൊതുവേ ഏറെപ്പേരും നല്ല കാര്യങ്ങളെ ഉച്ചരിക്കുകയും അക്ഷരത്തിലാക്കുകയുമുള്ളു. പക്ഷേ എഴുതുന്നതും പറയുന്നതും പൊടിപ്പും തൊങ്ങലും ചേർത്താലും സത്യസന്ധമായിരിക്കണം. സത്യവുമായി ബന്ധമില്ലാത്തതാകരുത്. പ്രത്യേകിച്ചും ഉന്നതസ്ഥാനികളെയാണ് മരണശേഷം മഹത്വീകരിച്ചും വിശുദ്ധീകരിച്ചും വീരാരാധനയ്ക്കു വിധേയപ്പെടുത്താറുള്ളത്.

കഴിഞ്ഞ രണ്ടു മൂന്നു പതിറ്റാണ്ടുകൾക്കുള്ളിൽ നമ്മുടെ സഭയിൽ നിദ്ര പ്രാപിച്ച മേല്പട്ടക്കാരുടെയും മറ്റും സഭയുടെ വകയുൾപ്പെടെയുള്ള പ്രസിദ്ധീകരണങ്ങളിലെ ജീവചരിത്രകുറിപ്പുകളും അനുസ്മരണങ്ങളും അത്ഭുത സിദ്ധികളും വായിക്കുന്നവർക്ക് അവരെയെല്ലാം ഉടനടി പരിശുദ്ധന്മാരായി പ്രഖ്യാപിക്കണമെന്നു സംശയരഹിതമായി തോന്നിപ്പോകും. ചിലരെക്കുറിച്ചുള്ള സുകൃത ജീവിതശൈലിയുടെയും തപോവ്രതാനുഷ്ഠാനങ്ങളുടെയും സഭാ സേവന സമർപ്പണങ്ങളുടെയും വർണ്ണനകളും വിവരണങ്ങളും നേരിന്റെ നാരറ്റതല്ലേ, അധികപ്പറ്റല്ലേയെന്നു നിഷ്പക്ഷമതികൾ ആരോപിച്ചാൽ അത്ഭുതത്തിനവകാശമില്ല. അവരെയും ഇപ്പോൾ വിശുദ്ധരാക്കിയില്ലെങ്കിൽ കാലം കുറെയേറെ കഴിയുമ്പോൾ ചരിത്രപണ്ഡിതരും ഗവേഷണ വിദഗ്ധരും ലിഖിതരേഖകൾ പരിശോധിച്ചു പരിശുദ്ധന്മാരായി പ്രഖ്യാപിക്കുവാൻ പ്രേരിപ്പിച്ചേക്കും. ജീവിച്ചിരുന്നപ്പോൾ പുണ്യശൂന്യർ മരിച്ചുകഴിഞ്ഞാൽ 'പുണ്യശ്ലോക'രാകുമെന്ന് ആരും കരുതുന്നില്ല (പല വാക്കുകളുടെയും യഥാർത്ഥ അർത്ഥം കാലപ്പഴക്കത്തിൽ നഷ്ടപ്പെടുമെന്നുള്ള സത്യം വിസ്മരിക്കുന്നില്ല). സുകൃത ജീവിതം നയിച്ചു സമ്പൂർണ്ണ സമർപ്പണത്തോടു സഭയ്ക്കു വേണ്ടി ജീവിച്ച, ജീവിക്കുന്ന പിതാക്കന്മാർ നമുക്കുണ്ടെന്നുള്ളത് നമ്മുടെ ഭാഗ്യം. മഹാപുരോഹിതനായതു കൊണ്ടും 'മസ്നപ്സാ' അണിഞ്ഞതു കൊണ്ടും ആരുംതന്നെ സദ്ഗുണ സമ്പൂർണ്ണരും പരിശുദ്ധരുമാകുന്നില്ല.

സഭ വിശുദ്ധജനമായിത്തീരുന്നതിനു പ്രാർത്ഥിക്കാം. വിശുദ്ധ ജനത്തിൽ നിന്നു വഴികാട്ടികളായി, പ്രകാശസ്തംഭങ്ങളായി വിശുദ്ധർ ഉയരട്ടെ! പ്രഖ്യാപനങ്ങൾ കുറയട്ടെ!

# 7

# അപകടകരമായ ഒരു പ്രവണത

മലങ്കര ഓർത്തഡോക്സ് സഭയിൽ വിവിധ കടമ്പകൾ കടന്നിട്ടാണല്ലോ മഹാപുരോഹിത, പ്രധാന മഹാപുരോഹിത പദവികളിൽ സ്ഥാനികൾ അവരോധിക്കപ്പെടുന്നത്. സ്ഥാനാർത്ഥികളുടെ നാമങ്ങൾ മലങ്കര അസോസിയേഷന്റെ പരിഗണനയ്ക്കായി സമർപ്പിക്കപ്പെട്ടാൽ അവിടെ അയ്മേനികളുടെയും വൈദികരുടെയും വ്യത്യസ്ത ഭൂരിപക്ഷം ലഭിച്ചിരിക്കേണ്ടതുണ്ട്. പ. സുന്നഹദോസ് ആ തെരഞ്ഞെടുപ്പ് അംഗീകരിക്കുകയും (ratify) വേണം.[1]

തെരഞ്ഞെടുക്കപ്പെടുന്നവർ ശരാശരിക്കാരായെന്നു വരാം. എങ്കിലും സ്ഥാനാരോഹണത്തോടുകൂടി സ്ഥാനത്തിനർഹമായ കൃപകളും വരങ്ങളും അവർക്കു ലഭിക്കുമെന്നാണു വിശ്വാസം, ലഭിക്കണമേയെന്നാണ് സഭയുടെ പ്രാർത്ഥന (മേല്പട്ടസ്ഥാനികൾക്ക് ഒരു കാര്യം മാത്രമാണ് പ്രധാനമെന്നു മാറിയിരിക്കുന്നു. അതു അവിവാഹിതരായിരിക്കണമെന്നുള്ളതാണ്).[2] അവർ നേതൃസ്ഥാനത്തു നിലയുറപ്പിച്ചു സഭയെ നയിക്കുവാനും സ്വർഗ്ഗീയാനുഭവങ്ങൾ സഭാംഗങ്ങളിൽ നിറയ്ക്കുവാനും വിളിച്ചു വേർതിരിക്കപ്പെട്ടിരിക്കുന്നു. അഥവാ, മേല്പട്ടസ്ഥാനികൾ സ്ഥാന സ്ഥാപിത താല്പര്യങ്ങൾക്കതീതമായി സഭയെ ശുശ്രൂഷിക്കുവാൻ കടപ്പെട്ടവരും പട്ടം കെട്ടപ്പെട്ടവരുമാണ്.

മേല്പട്ടക്കാർ പ്രശസ്തരും പ്രഗല്ഭരും നേതൃത്വസിദ്ധികളുടെ നിറവുള്ളവരുമാണെങ്കിൽപ്പോലും പ്രായം, രോഗം ആദിയായവയുടെ ആലസ്യങ്ങൾ അവരുടെ ശരീരമനസുകളെ ആഘാതമേൽപ്പിക്കുമ്പോൾ ദൈവികമായി ഭരമേല്പിക്കപ്പെട്ടിട്ടുള്ള ചുമതലകൾ കാര്യക്ഷമമായും കർത്തവ്യബോധത്തോടും നിർവഹിക്കുവാൻ നിർവ്വാഹമില്ലാതെ വരുന്നു. അങ്ങനെയുള്ള ചുറ്റുപാടുകളിൽ അവർ അവരെ ചുറ്റിപ്പറ്റി നില്ക്കുന്ന ആശ്രിതവത്സരെ ആശ്രയിക്കേണ്ടി വരികയും അവരുടെ ആഗ്രഹങ്ങൾക്കും

അഭിപ്രായങ്ങൾക്കുമനുസൃതമായി പ്രവർത്തിക്കേണ്ടിയും വരിക സഹജമാണ്. സഭാസംബന്ധമായ തീരുമാനങ്ങൾ മേല്പട്ടക്കാർ നിശ്ചയിക്കേണ്ടത് എടുക്കുന്നതിന് അവർക്ക് കാര്യമായ പങ്കില്ലാതെ വരിക, പങ്കുണ്ടെങ്കിലും ഇല്ലെന്നു വരുത്തിത്തീർക്കുന്ന സാഹചര്യങ്ങൾ സംജാതമാകുക; അപകടകരമാണത്. അടുത്തുകൂടി നില്ക്കുന്ന പലർക്കും വേണ്ടതുപോലെയുള്ള സഭാസ്നേഹമൊ, സ്വഭാവമഹിമയൊ ആത്മനിറവൊ ഉണ്ടായിരിക്കണമെന്നില്ല. അവരിൽ ചുരുക്കം പേരുടെയെങ്കിലും ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും ഒത്തതും ഉത്തമവും ആയില്ലെങ്കിൽ അത്ഭുതപ്പെടാനില്ല. പക്ഷേ, സഭയെ അവ കാര്യമായി ബാധിക്കുന്നതാണ്. സഭയ്ക്കു വേണ്ടി സമ്പൂർണ്ണമായി ജീവിതം സമർപ്പിച്ച സഭയുടെ പ്രധാന മേലദ്ധ്യക്ഷർഉൾപ്പെടെ പല മേല്പട്ടക്കാരുടെയും പ്രഭാപൂർണ്ണമായ സേവന ചരിത്രത്തിൽ മായിക്കാനാവാത്തവിധം മങ്ങലേൽപ്പിച്ചതു മേൽപ്പറഞ്ഞപ്രകാരമുള്ളവരുടെ സാന്നിദ്ധ്യവും "സഹായ"ങ്ങളുമായിരുന്നല്ലൊ. അവർ സഭയ്ക്കും മേല്പട്ടക്കാർക്കും വരുത്തിത്തീർത്ത നഷ്ടങ്ങളും നാണക്കേടും സഭാ നേതൃത്വത്തെ ഉണർത്തേണ്ടതും അങ്ങനെയുള്ള സാഹചര്യങ്ങളിൽ ശരിയായ ക്രമീകരണങ്ങൾ ചെയ്യാൻ അവരെ പ്രേരിപ്പിക്കേണ്ടതുമാണ്.

ആ വലിയ വിടവ് നികത്തുവാൻ ഒരു പരിധി വരെ സഹായിക്കുന്ന സ്ഥാനങ്ങളാണ് സഭയാകമാനം മലങ്കര മെത്രാപ്പോലീത്തായുടെയും കാതോലിക്കായുടെയും പിൻഗാമിയും, മെത്രാസനതലത്തിൽ സഹായ മേല്പട്ടക്കാരനും. സഭാഭരണഘടന ഈ സ്ഥാനങ്ങളെക്കുറിച്ച് യാതൊന്നും രേഖപ്പെടുത്തിയിട്ടില്ലായെന്നുള്ളതു ഒരുപക്ഷേ, വിചിത്രമായി തോന്നാം. ഇടവകപ്പള്ളികളെക്കുറിച്ചു പ്രതിപാദിക്കുന്നിടത്തു വികാരിയെക്കുറിച്ചും വികാരിയെ സഹായിക്കുന്ന പട്ടക്കാരെയും കുറിച്ചു പറയുന്നുണ്ട്[3] (വികാരിയെ സഹായിക്കയാണ് സഹപട്ടക്കാരുടെ ചുമതല). എന്നിട്ടും എന്തുകൊണ്ട് മെത്രാസന ഇടവകയുടെ സഹായ മേല്പട്ടക്കാരനെക്കുറിച്ചും മലങ്കര മഹാ ഇടവകയുടെ പ്രധാന മേലദ്ധ്യക്ഷന്റെ പിൻഗാമിയെക്കുറിച്ചും മൗനം പാലിക്കുന്നു. മേല്പട്ടക്കാരനെയാണു പിൻഗാമിയായി തെരഞ്ഞെടുക്കുന്നതെങ്കിൽ[4] സ്ഥാനം ഏല്ക്കുന്നതുവരെ സാധാരണ മേല്പട്ടക്കാരൻ തന്നെ. പക്ഷേ, പ്രധാന മേലദ്ധ്യക്ഷന്റെ ക്ഷീണാവസ്ഥയിൽ അദ്ദേഹത്തിനു നല്കാവുന്ന ചുമതലകളെക്കുറിച്ച് ആലോചിക്കേണ്ടിയിരിക്കുന്നു.

ചുരുക്കം ചില ഇടവേളകളിൽ ഒഴിഞ്ഞു കിടന്നുവെങ്കിലും കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയെ പ. ഗീവറുഗീസ് ദ്വിതീയൻ ബാവായുടെ കാലംമുതൽ മുൻഗാമിയുടെ സമയത്തു തന്നെ തെരഞ്ഞെടുക്കുന്ന പതിവാണുള്ളത്. തുടർന്നുള്ള മൂന്നു

സഭാദ്ധ്യക്ഷന്മാരുടെ സമയത്ത് അവർ സ്ഥാനത്യാഗം ചെയ്തതുകൊണ്ട് പിൻഗാമികൾ സ്ഥാനാരോഹണം ചെയ്തിരുന്നു. പ. ഔഗേൻ ബാവാ മലങ്കര മെത്രാപ്പോലീത്താ സ്ഥാനം മാത്രം ആദ്യം ഒഴിഞ്ഞതുകൊണ്ട് കാതോലിക്കാ സ്ഥാനാരോഹണത്തിനു മുമ്പു തന്നെ അഭിവന്ദ്യ മാത്യൂസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ (പ. മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ) മലങ്കര മെത്രാപ്പോലീത്താ സ്ഥാനം ഏറ്റെടുത്തിരുന്നു.

സഭാ ഭരണഘടനയിൽ മലങ്കര മെത്രാപ്പോലീത്തായുടെ അസിസ്റ്റന്റിന്റെ കാര്യം പറയുന്നുണ്ട്. "മലങ്കര മെത്രാപ്പോലീത്തായ്ക്കു ഒരു അസിസ്റ്റന്റ് ഉണ്ടായിരിക്കാവുന്നതും ആ അസിസ്റ്റന്റിനെ അസോസിയേഷൻ തെരഞ്ഞെടുത്തിട്ടില്ലാത്തപക്ഷം മലങ്കര മെത്രാപ്പോലീത്താ നോമിനേറ്റു ചെയ്യുന്നതും ആകുന്നു."[5] ഇപ്പോൾ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയെ തെരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ അദ്ദേഹത്തെയാണ് സാധാരണ അസിസ്റ്റന്റായി നിയമിക്കുന്നത്.[5] എങ്കിലും ഭരണഘടന അനുസരിച്ച് അയ്മേനിയൊ, വൈദികനൊ, മേല്പട്ടക്കാരനൊ ആ സ്ഥാനത്തേക്കു നിയമിക്കപ്പെടാവുന്നതാണ്. അസിസ്റ്റന്റിനെക്കുറിച്ച് പറയുന്നത് മലങ്കര മെത്രാപ്പോലീത്തായുടെ അസിസ്റ്റന്റാണ്, കാതോലിക്കായുടെയല്ല. പക്ഷേ, ആ സ്ഥാനി മുമ്പും അറിയപ്പെട്ടതും കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും അസിസ്റ്റന്റായാണ് (ഒരു മുൻ സഭാദ്ധ്യക്ഷൻ അന്നത്തെ ഒരു മെത്രാപ്പോലീത്തായെ – പിൻഗാമിയെ അന്നു തെരഞ്ഞെടുത്തിരുന്നില്ല – നിയമിച്ചപ്പോൾ പല പള്ളികളിലും അദ്ദേഹത്തിന് സ്വീകരണം നൽകിയത് ഓർക്കുന്നു. Assistant to the Malakara Metropolitan - Catholicos എന്നതിനു പകരം Deputy Prime Minister എന്നു പറയുന്നതുപോലെ Assistant Catholicos നാണു അനുമോദനങ്ങൾ അർപ്പിച്ചതും സമ്മാനങ്ങൾ നൽകി ആദരിച്ചതും. ഇരു സ്ഥാനങ്ങളും തമ്മിൽ അജഗജാന്തരമുണ്ടെന്നറിയാതെ പോയതിന്റെ അപാകതയായിരുന്നു അത്.

ശാരീരിക ദൗർബല്യം കൊണ്ടു മെത്രാസനാദ്ധ്യക്ഷനു മെത്രാസന കാര്യങ്ങൾ ശരിയാംവണ്ണം നിർവ്വഹിക്കാനാവാതെ വരുന്ന സാഹചര്യത്തിൽ സഹായ മേല്പട്ടക്കാരെ നിയമിക്കാറുണ്ട്. എങ്കിലും മെത്രാസനത്തിന്റെ ചുമതല ഭദ്രാസന മെത്രാപ്പോലീത്തായ്ക്ക് ആയിരിക്കും. സഹായമേല്പട്ടക്കാരന്റെ ചുമതല ഭദ്രാസന മെത്രാപ്പോലീത്തായെ സഹായിക്കുക മാത്രം. "ഭരിക്കു"ന്നത് ഭദ്രാസന മെത്രാപ്പോലീത്താ (പലപ്പോഴും ഭാരം വഹിക്കുന്നത് സഹായ മേല്പട്ടക്കാരനായെന്നു വരാം).

റോമൻ കത്തോലിക്കാ സഭയിൽ രണ്ടു തരത്തിലുള്ള സഹായ മേല്പ

ട്ടക്കാരുണ്ട്; കോ അഡ്ജറ്റർ (co adjutor) ബിഷപ്പും ഓക്സിലറി (Auxiliary) ബിഷപ്പും. രണ്ടു സ്ഥാനികളുടെയും ചുമതലകൾ വളരെ വ്യത്യസ്തമാണ്. കോ അഡ്ജറ്റർ ബിഷപ്പിനു പിന്തുടർച്ചാവകാശമുണ്ട്. രൂപതാ (അതിരൂപതാ) ദ്ധ്യക്ഷൻ സ്ഥാനം ഒഴിയേണ്ടിവരുമ്പോൾ ചുമതല ഏറ്റെടുക്കുന്നതു കോ അഡ്ജറ്റർ ബിഷപ്പായിരിക്കും. ഓക്സിലറി ബിഷപ്പിനു അങ്ങനെ ചുമതലകൾ ലഭിക്കണമെന്നില്ല. രൂപതാ (അതിരൂപതാ) മെത്രാൻ ഏല്പിക്കുന്ന കാര്യങ്ങൾ നിർവ്വഹിക്കുന്നതിലൊതുങ്ങിയിരിക്കും ഓക്സിലറി ബിഷപ്പിന്റെ ഉത്തരവാദിത്തങ്ങൾ. കത്തോലിക്കാ സഭാവൃത്തങ്ങളിൽ ഇരുവരുടെയും ചുമതലകൾ സരസമായി വിവരിക്കുന്നുണ്ട്. കോ അഡ്ജറ്റർ ബിഷപ്പ് ദിവസവും എന്തൊക്കെയാണു ചെയ്യാൻ പോകുന്നതെന്ന് രൂപതാദ്ധ്യക്ഷനെ അറിയിക്കും; അനുവാദം പ്രതീക്ഷിക്കാറില്ല. ഓക്സിലറി ബിഷപ്പ് ഓരോ ദിവസവും എന്താണു താൻ ചെയ്യേണ്ടതെന്നു രൂപതാ മെത്രാനോട് ആരാഞ്ഞ് അതനുസരിച്ച് പ്രവർത്തിക്കും.

നമ്മുടെ സഭയിൽ സഹായ മേല്പട്ടക്കാരൻ മെത്രാസന ചുമതല ഏറ്റെടുത്താലും സഹായ മേല്പട്ടക്കാരനായിരിക്കുന്നിടത്തോളം കാലം മെത്രാസനാദ്ധ്യക്ഷന്റെ നിർദ്ദേശങ്ങൾ അനുസരിച്ചു മാത്രം പ്രവർത്തിക്കുന്ന രീതിയാണുള്ളത് (ഭദ്രാസനാധിപൻ, ഭരണം ആദിയായ പദപ്രയോഗങ്ങളാണ് പലർക്കും പ്രിയം. തന്മൂലം ഇടയൻ, പിതാവ്, ശുശ്രൂഷ ആദിയായവ അവഗണിച്ചും വിസ്മരിച്ചും പോലീസ്, പട്ടാളരീതി അങ്ങനെയുള്ളവർ അനുവർത്തിച്ചാൽ അത്ഭുതപ്പെടേണ്ടതില്ല. മേല്പട്ടക്കാരുടെ മുമ്പിൽ ദാസരായി അഭിനയിക്കുന്ന വൈദികരുണ്ട്. വലിയപള്ളിയും നിറമാറ്റമുള്ള അരക്കെട്ടും നോട്ടമിട്ടായിരിക്കണം നടുവളഞ്ഞുള്ള ഈ അഭിനയ പ്രകടനം. അതിൽ പ്രീതിപ്പെടുന്ന "അധിപന്മാർ" ഉണ്ടെങ്കിൽ അത് അതിലേറെ ലജ്ജാകരം).

പ്രായാരിഷ്ടതകൾ കൊണ്ടും മറ്റും മേല്പട്ടസ്ഥാനികൾ സ്ഥാനത്യാഗം ചെയ്യാൻ തയ്യാറായാലും ആശ്രിതവൽസരരായി അടുത്തു ചുറ്റിപ്പറ്റി നില്ക്കുന്നവർ അതിനു സമ്മതിക്കാത്ത രീതി സാധാരണമാണ്. അവർ കൈയാളുന്ന സ്ഥാനവും സ്വാധീനവും കൈവിട്ടു കളഞ്ഞു മണ്ടൻ കളിക്കേണ്ട കാര്യമില്ലല്ലൊ! സ്വസ്ഥാനത്തു തുടരുവാൻ ആവശ്യമായ തെളിവുകൾ സാക്ഷാൽ "ബലഹീനരായ" പിതാക്കന്മാരെ ധരിപ്പിച്ചു സംരക്ഷിക്കുവാൻ ബലവാന്മാരായ മേല്പറഞ്ഞ കൂട്ടത്തിൽപ്പെട്ട പലർക്കും കഴിയുന്നു വെന്നുള്ളതിനു സഭാചരിത്ര പേജുകൾ അധികം പുറകോട്ടു മറിക്കേണ്ടി വരികയില്ല.

സഹായ മേല്പട്ടക്കാരനുണ്ടെങ്കിലും "ഭരണം" നിർവ്വഹിക്കുക പല സ്ഥലത്തും മെത്രാസനാദ്ധ്യക്ഷനെ വലയം ചെയ്തു നില്ക്കുന്ന Caucas

ആയിരിക്കാൻ ഇടയുണ്ട്. അവർ സഹായ മേല്പട്ടക്കാരനെ അടുപ്പിക്കാതെ ഇരുവരെയും തമ്മിൽ "അടിപ്പിക്കുവാനുള്ള" വഴികൾ തെരഞ്ഞെന്നു വരാം. സ്വന്തം സ്ഥാനം സുരക്ഷിതമാക്കാൻ അവർക്ക് അത് അത്യാവശ്യവുമാണ്. ഫലമൊ പലപ്പോഴും സഹായ മേല്പട്ടക്കാരൻ നിസ്സഹായ മേല്പട്ടക്കാരനായി പരിതാപകരമായി പരിണമിക്കുന്നു. മെത്രാസനാദ്ധ്യക്ഷനും സഹായ മെത്രാപ്പോലീത്തായുമായി നല്ല ബന്ധത്തിൽ കഴിയുന്നതിന് ഇന്നും ഉദാഹരണങ്ങൾ ഉണ്ടെന്നുള്ളത് വിസ്മരിക്കുന്നില്ല.

സ്ഥാനം നഷ്ടപ്പെട്ടാൽ അവഗണിക്കപ്പെടുമെന്നുള്ള ആശങ്ക സ്ഥാനത്യാഗം ചെയ്യേണ്ടവരെ സ്വാധീനിച്ചുവെന്നു വരാം (മേല്പട്ടക്കാരനാണെന്നുള്ള ഒരൊറ്റ കാരണത്താൽ ആ സ്ഥാനം ലഭിക്കാതിരുന്നുവെങ്കിൽ കിട്ടാമായിരുന്ന പരിഗണനയേക്കാൾ പല പതിന്മടങ്ങു സംരക്ഷണം ലഭിക്കുമെന്നുള്ളതാണല്ലൊ സത്യം). പ്രായക്കുറവുള്ളവരും പുതുതായി മേല്പട്ടം കെട്ടപ്പെട്ടവരുമായിരിക്കും സാധാരണയായി സഹായ മേല്പട്ടക്കാരായി നിയമിക്കപ്പെടുക. സ്വന്തം പേരും പെരുമയും പതിപ്പിക്കുവാനുള്ള ആഗ്രഹവും പുതിയ ആകാശവും പുതിയ ഭൂമിയും ഉടനടി മെത്രാസനത്തിൽ സൃഷ്ടിക്കാനുള്ള അമിതാവേശവും അവരിൽ പലർക്കും ഉണ്ടായെന്നു വരാം. അവ പ്രശ്നങ്ങൾക്കു കാരണമാകും. ഏതായാലും സഭയുടെ സമീപകാല ചരിത്രത്തിൽ മെത്രാസന ചുമതല സമ്പൂർണ്ണമായി ഒഴിഞ്ഞത് അഭിവന്ദ്യ ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ മാത്രമാണ് (അദ്ദേഹത്തിന് അതിവിശാലമായ മറ്റ് പ്രവർത്തനമേഖലകൾ ഉള്ളതുകൊണ്ട് മെത്രാസന ചുമതലയിൽ നിന്ന് പിന്മാറിയതു കാര്യമാക്കേണ്ട എന്നു പറയുന്നവരുണ്ട്. പക്ഷേ, അങ്ങനെയുള്ള മറ്റു പലരും അതു ചെയ്തിട്ടില്ല എന്നുള്ളതും സത്യമാണ്).

ഏതായാലും ഭരമേല്പിക്കപ്പെട്ടിട്ടുള്ള ചുമതലകൾ കാര്യക്ഷമമായി നിർവ്വഹിക്കാനാവാതെ വരുമ്പോൾ മേല്പട്ടക്കാർ, അത് സഭാദ്ധ്യക്ഷനായാലും മെത്രാസനാദ്ധ്യക്ഷനായാലും സ്ഥാനത്യാഗം ചെയ്യാതിരിക്കുകയൊ അഥവാ സ്ഥാനത്യാഗം ചെയ്യുന്നത് സഭയിൽ പ്രതിസന്ധിക്കു കാരണമായിത്തീരുകയൊ ചെയ്യുന്ന സാഹചര്യത്തിൽ അവരുടെ ഉത്തരവാദിത്തങ്ങൾ ഉത്തമമായി നിർവ്വഹിക്കുന്നതിനു ഭരണഘടനാപരമായ ക്രമീകരണങ്ങൾ അത്യന്താപേക്ഷിതമാണ്. ഇത് വ്യക്തിഗത പ്രശ്നമായി കാണാതെ, സഭയെന്ന പൊതു വീക്ഷണത്തോടു കൂടി ചെയ്യേണ്ടതുണ്ട്. അതാതു സ്ഥാനികളുടെ സെക്രട്ടറിമാരും മറ്റും അവർ വിദഗ്ദരും പ്രഗൽഭരുമാണെങ്കിൽ പോലും സഭാ, മെത്രാസന സംബന്ധമായ തീരുമാനങ്ങൾ സ്വയം എടുക്കുന്നതിനും അവ ഒറ്റയ്ക്കു നടപ്പാക്കുന്നതിനും അനുവദിക്കുന്നത് (അനുവാദമില്ലാതെ ചെയ്യുന്നവരുമുണ്ടാകാം) അപലപനീയ

മാണ് (അടിസ്ഥാനരഹിതമായി അവരെക്കുറിച്ച് ആരോപണം ഉന്നയിക്കുന്നത് പലർക്കും പ്രിയമാണെന്നുള്ളത് വിസ്മരിക്കുന്നില്ല). സഭാദ്ധ്യക്ഷന്മാരുടെ പിൻഗാമികളൊ സഹായ മേല്പട്ടക്കാരൊ, അവരവരുടെ ആലോചനാ സമിതികളൊ തീരുമാനങ്ങൾ എടുക്കാൻ സഹായിക്കുന്നതുപോലെയല്ലല്ലോ മറ്റുള്ളവർ സഭയുടെയും മെത്രാസനത്തിന്റെയും ചുമതലകൾ നിർവ്വഹിക്കുക. അങ്ങനെയുള്ളവരിൽ ചിലരെങ്കിലും തങ്ങളാണ് സഭയെ "ഭരി"ക്കുന്നതെന്ന് പരസ്യമായി പ്രസ്താവിക്കുന്നതിനുമടിക്കുന്നില്ല. അതു വ്യക്തിഗത സംഭാഷണങ്ങളും കടന്നു പ്രഭാഷണങ്ങളിലെ പ്രഘോഷണ വിഷയമാകുമ്പോൾ സഭാസ്നേഹമുള്ള ശ്രോതാക്കളിൽ അങ്കലാപ്പ് സൃഷ്ടിക്കുമെന്നുള്ളതിനു സംശയിക്കേണ്ട.

മലങ്കരസഭയുടെ കഴിഞ്ഞ അര നൂറ്റാണ്ടു കാലത്തെ ചരിത്രത്തിൽ ഈ പ്രവണതകളുടെ അപകടകരമായ പ്രതിഫലനങ്ങൾക്ക് ഒത്തിരി യേറെ ഉദാഹരണങ്ങൾ വ്യക്തമായും കൃത്യമായും നിരത്താനുണ്ട്. അതിനു തുനിയുന്നില്ല. ചരിത്രപാഠങ്ങൾ തിരിച്ചറിഞ്ഞ് ശരിയായ രീതിയിൽ സഭാകാര്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഒരുക്കുകയും അവ നടപ്പാക്കുകയും ചെയ്യുകയെന്നുള്ളത് സഭാനേതൃത്വത്തിന്റെ പ്രാഥമിക ചുമതലയാണ്.

1. ഭരണഘടന 8 B - 133 & 114.
വാഴിച്ചു കഴിഞ്ഞാൽ തിരിച്ചെടുക്കാവുന്ന സ്ഥാനങ്ങളിലേക്കല്ല മേല്പട്ടസ്ഥാനികൾ തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്. സ്ഥാനാർത്ഥികളുടെ വ്യക്തിജീവിതത്തിലെയും വിശ്വാസകാര്യങ്ങളിലെയും വീഴ്ചകളും താഴ്ചകളും ഏറെയും അറിയുവാൻ കഴിയുന്നത് സുന്നഹദോസ് അംഗങ്ങൾക്കായിരിക്കും. മലങ്കര അസോസിയേഷൻ ആൾക്കൂട്ടമായി പരിണമിക്കുന്നില്ലെങ്കിൽപ്പോലും അവിടെ കൈ പൊക്കുന്നതിന്റെയും കൈഒപ്പ് പതിപ്പിക്കുന്നതിന്റെയും പിന്നിൽ സ്ഥാനാർത്ഥികളുടെ സ്വഭാവശ്രേഷ്ഠതയെയും, സത്യവിശ്വാസ സ്ഥിരതയെയും, ആശ്രയിച്ച് ആയിരിക്കണമെന്നില്ല. അവരുടെ കാഴ്ചപ്പാടിനേക്കാൾ കാഴ്ചയിലെ ഭംഗിയിലും ജീവിതശൈലിയേക്കാൾ വാചക (മടി) ശൈലിയിലും പ്രകടന, പ്രചരണ തന്ത്രങ്ങളിലും അസോസിയേഷൻ അംഗങ്ങൾ സ്ഥാനം കൊടുത്തുവെന്നു വരാം. അവിടെയാണ് പ. സുന്നഹദോസിന്റെ അംഗീകാരം (ratification) പരമ പ്രാധാന്യമർഹിക്കുന്നത്. സുന്നഹദോസ് അംഗങ്ങൾ അതു പകപോക്കലിനുള്ള വേദി ആക്കാതെ പരിശുദ്ധാത്മ നിറവിൽ തീരുമാനമെടുക്കണമെന്നു മാത്രം. പണ്ടൊരിക്കൽ ചിലരിൽ വ്യക്തിതാല്പര്യങ്ങൾ അനാവശ്യമായി തലപൊക്കി തീരുമാനമെടുത്തതാണ് ratification വെറുമൊരു rubber stamp മട്ടിൽ ആകാൻ കാരണം.

2. പൗരസ്ത്യ ഓർത്തഡോക്സ് പാരമ്പര്യത്തിൽ വിവാഹിതരായ അനേകർ മേല്പട്ടക്കാരായിട്ടുണ്ട്. ഇന്നും പല ഓർത്തഡോക്സ് സഭകളിൽ അപ്രകാരമുള്ളവരുണ്ട്. സ്ഥാനികൾ വിഭാര്യരായിരിക്കണമെന്നു മാത്രം.

3. ഭരണഘടന 2 D. 38.

4. അയ്മേനിയെയോ പട്ടക്കാരനെയോ ആരെ വേണമെങ്കിലും അസിസ്റ്റന്റായി തെരഞ്ഞെടുക്കാം

5. ഭരണഘടന 4 B. 90.

6. പ. ഔഗേൻ ബാവായുടെ കാലംമുതൽ പിൻഗാമിയുണ്ടെങ്കിൽ അദ്ദേഹമാണ് അസിസ്റ്റന്റായി തുടരുന്നത്.

# 8

# കൈമുത്ത്

## അനുഗ്രഹം, അനുവാദം, അഭിവാദനം

പൂർവ്വിക സഭകളിൽ മഹാപുരോഹിതരുടെയും പുരോഹിതരുടെയും കൈ മുത്തുന്ന രീതിയുണ്ട്. അതിന്റെ ആരംഭം മാർത്തോമ്മാ ശ്ലീഹായിൽ നിന്നുമാണെന്നാണല്ലോ പ്രബലമായ പാരമ്പര്യം. യേശുക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പിൽ സംശയഗ്രസ്തനായ മാർത്തോമ്മാ ശ്ലീഹാ ഉത്ഥിതനായ യേശുക്രിസ്തുവിനെ ദർശിച്ചല്ലാതെ വിശ്വസിക്കുകയില്ലെന്നു ശാഠ്യം പിടിച്ചതും കണ്ടു വിശ്വസിക്കേണ്ടവനാണ് അപ്പോസ്തോലൻ എന്നറിയാവുന്ന നസ്രായ ഗുരു സ്വശിഷ്യൻ ദർശിച്ചും സ്പർശിച്ചും വിശ്വസിക്കുവാൻ വേണ്ടി പ്രത്യക്ഷപ്പെട്ടതും സുവിശേഷത്തിൽ നാം വായിക്കുന്നു. ഗുരുവിന്റെ മുറിപ്പാടുകളിൽ ശ്ലീഹാ വിരലുകൾ സ്പർശിച്ചുവെന്നും അദ്ദേഹത്തിന്റെ പെട്ടവിരലുകൾ പെട്ടെന്നു വേർപെട്ടെന്നും തിരുശരീരരക്തങ്ങൾ പുരണ്ട അപ്പോസ്തോലകരം പത്രോസ് ശ്ലീഹായുൾപ്പെടെയുള്ള ശിഷ്യന്മാർ ഭക്ത്യാദരവുകളോടെ മുത്തിയെന്നുമാണ് പാരമ്പര്യം. വി.കുർബ്ബാന തിരുശരീരരക്തങ്ങളാണെന്നു വിശ്വസിക്കുന്ന സഭകളിലാണ് കൈ മുത്തുന്ന പതിവ് സാധാരണയുള്ളത്. വി. ബലി അർപ്പിക്കുന്ന പുരോഹിതസ്ഥാനികൾ കർത്തൃശരീരരക്തങ്ങളെ സ്പർശിക്കുന്നതിനാൽ ആ കരങ്ങൾ മുത്തുന്നത് അനുഗ്രഹകരമായി വിശ്വാസികൾ കരുതുന്നു. പൗരസ്ത്യ-പാശ്ചാത്യ ഓർത്തഡോക്സ് സഭകളിലെല്ലാം ആ അതിപുരാതനപാരമ്പര്യം അന്യൂനം തുടരുന്നുണ്ട്.

കൈമുത്തിന്റെ പ്രഥമവും പ്രധാനവുമായ ഉദ്ദേശ്യം അനുഗ്രഹമാണെങ്കിലും മറ്റു ചില കാര്യങ്ങൾക്കായും അത് ചെയ്യാറുണ്ട്. അനുവാദമാണ് അവയിലൊന്ന്. ആരാധനാശുശ്രൂഷകളിൽ നേതൃത്വം നല്കുന്നയാളിനെ സഹായിക്കുന്നവരാണ് അനുവാദത്തിനായി മുഖ്യമായും കൈ മുത്തുക.

ആരാധനാസമയത്തല്ലാതെ അഭിവാദനത്തിനും അഥവാ greet ചെയ്യുമ്പോഴും യാത്ര ചോദിക്കുമ്പോഴും പൗരോഹിത്യസ്ഥാനികളുടെ കൈ മുത്തുന്ന പതിവുണ്ട്. അനുഗ്രഹവും അതിൽ ഉൾപ്പെടുന്നു. മേല്പട്ടക്കാർക്കു സംഭാവനയായി കൊടുക്കുന്ന കവറിനും കൈമുത്തെന്നാണല്ലോ പറയുന്നത്. അനുഗ്രഹത്തിനായി കൈ മുത്തിയാണ് കവർ കൊടുക്കുന്നത്.

'അനുഗ്രഹിക്കണമെ' (ബാറെക്മോർ-Bless me Lord) എന്ന് അപേക്ഷിച്ചുകൊണ്ടാണ് കൈമുത്തുക. ദൈവം അനുഗ്രഹിക്കട്ടെ (ആലോഹനു ബാറേക്) എന്ന് പ്രതിവചിച്ചാണ് പൗരോഹിത്യസ്ഥാനികൾ മുത്തിക്കുന്നത് (ഇന്ന് അപ്രകാരം പറയുന്നവർ മുത്തുന്നവരിലും മുത്തിക്കുന്നവരിലുമുണ്ടോയെന്നറിയില്ല. ഉണ്ടെങ്കിൽത്തന്നെ വളരെ അപൂർവ്വമാകാനാണിട). ബൈസന്റയിൻ പാരമ്പര്യത്തിൽ, ശരീരം വണക്കി വലതുകരം നിലത്തു സ്പർശിച്ചശേഷം ഇടതുകൈവെള്ളമേൽ വലതുകൈവെള്ള വച്ച് അനുഗ്രഹിക്കണമെന്ന് അപേക്ഷിച്ചുകൊണ്ടാണ് പ്രത്യേകിച്ചും, മേല്പട്ടക്കാരുടെ കൈമുത്തുന്നത്. കൈ മുത്തിക്കുന്നവർ ICXC എന്ന വിധത്തിൽ വിരലുകൾ രൂപപ്പെടുത്തി കുരിശുവരച്ചു മുത്തിക്കുന്നു. ഗ്രീക്കു ഭാഷയിൽ യേശുക്രിസ്തു എന്നുള്ളതിന്റെ - IHCOYC XRICTOC -ആദ്യത്തേയും അവസാനത്തെയും അക്ഷരങ്ങൾ കൂട്ടിച്ചേർത്ത് Christogram (ICXC) ആക്കിയാണ് അവർ മുത്തിക്കുന്നത്.

അഭിവാദ്യം ചെയ്യുമ്പോൾ കൈമുത്തുന്ന പതിവ് ഇപ്പോൾ നമ്മുടെ സഭയിൽ എങ്ങനെയോ മഹാപുരോഹിതരുടെയും ഇതര 'മസ്നപ്സാ' ധാരികളുടെയുമായി ഒതുങ്ങിയിരിക്കുകയാണ്. അഥവാ, ആ രീതിയിൽ കൈ മുത്തണമെങ്കിൽ മുത്തിക്കുന്ന ആളിന് 'മസ്നപ്സാ' എന്ന ശിരോവസ്ത്രം ഉണ്ടായിരിക്കണമെന്നു ചുരുക്കം. 'മസ്നപ്സാ' പൗരോഹിത്യത്തിന്റെയല്ല വ്യതമെടുത്ത സന്യാസികളുടെ സാധാരണവേഷത്തിന്റെ ഭാഗമാണ്, അവരുടെ ശിരോവസ്ത്രമാണ്. ആ ശിരോവസ്ത്രത്തിന്റെ ശരിയായ പേര് എഷ്ക്കീമോ (Eskimo) എന്നതാണ്. മസ്നപ്സാ മഹാപുരോഹിതന്മാർ ആരാധനാ (കൂദാശ) വേളകളിൽ ധരിക്കുന്ന ശിരോവസ്ത്രമായ ശീലമുടിയാണ്. റമ്പാന്മാരും റമ്പാന്മാരായ മേല്പട്ടക്കാരും (റമ്പാൻമാരല്ലാത്ത മേല്പട്ടക്കാരും സഭയിലുണ്ടായിട്ടുണ്ട്) സാധാരണ ധരിക്കുന്ന ശിരോവസ്ത്രം മസ്നപ്സായല്ല. മറിച്ച് എഷ്ക്കീമോയാണ്. റമ്പാന്മാർക്കും എഷ്ക്കീമോ എന്ന ശിരോവസ്ത്രമുള്ളതുകൊണ്ട് അവർ മഹാപുരോഹിതസ്ഥാനത്തിന് അടുത്ത് എത്തിനില്ക്കുന്നുവെന്നുള്ള വികലധാരണ കൈ മുത്തിനു പ്രേരണയേകുന്നു (ഇതുതന്നെയാണ് ഇന്നു പലർക്കും വിവാഹത്തിനും അടക്കത്തിനും മറ്റും മേല്പട്ടക്കാരെ ലഭിച്ചില്ലെങ്കിൽ റമ്പാനെങ്കിലും വേണമെന്നു ശഠിക്കുന്നതിന്റെ നിദാനം. ഭയത്തോടും വിറ

യലോടും കൂടി സ്വീകരിക്കേണ്ട സമ്പൂർണ്ണ സമർപ്പണത്തിന്റേതായ ഈ സന്യാസസ്ഥാനം പലരും കൗതുകമായി കരുതി കരഗതമാക്കുന്നതിന്റെ കാരണവും മറ്റൊന്നായിരിക്കില്ല!). അയ്മേനിയൊ ശെമ്മാശനോ സന്യാസവൃതമെടുത്തു റമ്പാൻ സ്ഥാനം സ്വീകരിച്ചാൽ (ശർബോ റമ്പാൻ) അവരും 'മസ്നപ്സാ' (എഷ്ക്കീമോ) ധരിച്ചിരിക്കും. സഭയുടെ പരമാദ്ധ്യക്ഷനായിരുന്ന പരിശുദ്ധ ഔഗേൻ ബാവാ ശെമ്മാശനായിരുന്നപ്പോൾത്തന്നെ റമ്പാനായിരുന്നുവല്ലോ. അന്ത്യോഖ്യൻ സുറിയാനി സഭയിൽ ഇത് ഇന്നും വളരെ സാധാരണമാണ്. പുരോഹിതനായതുകൊണ്ടാണ് മറിച്ചു 'മസ്നപ്സാ' ധരിച്ചതുകൊണ്ടല്ല റമ്പാന്റെ കൈ മുത്തുന്നത്.

നമസ്കാരത്തിന്റെയും വി. കുർബാനയുൾപ്പെടെയുള്ള ശുശ്രൂഷകളുടെയും അവസരങ്ങളിൽ പ്രധാന കാർമ്മികന്റെ – ആരാധനയ്ക്കു നേതൃത്വം നല്കുന്നയാളിന്റെ – കൈ മുത്തുകയോ അദ്ദേഹം വഹിച്ചിരിക്കുന്ന കുരിശു മുത്തുകയോ ചെയ്യും. ആരാധനയുടെ സമാപനത്തിലാണ് അപ്രകാരം ചെയ്യുക. അനുഗ്രഹം പകരുകയാണ് അതിന്റെ ലക്ഷ്യം.

ഏതു ശുശ്രൂഷയ്ക്കും ഒരു പ്രധാന കാർമ്മികനുണ്ടാകും. സമസ്ഥാനികളും കീഴ്സ്ഥാനികളും സന്നിഹിതരാണെങ്കിലും നേതൃത്വം നല്കുന്നത് ഒരാളായിരിക്കും. സാധാരണ സന്നിഹിതരായവരിൽ സീനിയറാണ് അതു ചെയ്യുക. ആരാധനയെന്നല്ല ഏതു പരിപാടിയ്ക്കും സന്നിഹിതരായവരെല്ലാം നേതൃത്വം നല്കുകയാണെങ്കിൽ സൃഷ്ടിക്കുന്ന അരാജകത്വവും അരോചകാവസ്ഥയും ആലോചിക്കാവുന്നതേയുള്ളു. മാത്രമല്ല, ശുശ്രൂഷകൾക്കു നേതൃത്വം നല്കുന്നയാൾ നിത്യപുരോഹിതനായ യേശുക്രിസ്തുവിന്റെ സ്ഥാനത്തു നിന്നുകൊണ്ടാണ് അതു ചെയ്യുന്നത്. അഥവാ ആരാധനയിൽ 'ആദ്ധ്യക്ഷം വഹിക്കുന്നയാൾ ' പുരോഹിതനാകട്ടെ, മഹാപുരോഹിതനാകട്ടെ, യേശുക്രിസ്തുവിന്റെ കൗദാശികസാന്നിദ്ധ്യമായി പരിണമിക്കുന്നു.

ശുശ്രൂഷകളുടെ ഇടവേളകളിൽ ശുശ്രൂഷകരായിട്ടുള്ളവർ മുഖ്യകാർമ്മികന്റെ കൈ മുത്താറുണ്ട്. അവ അനുഗ്രഹത്തിനാകാമെങ്കിലും അതിലുപരി അനുവാദത്തിനാണ്. വി. കുർബ്ബാനാ വേളയിൽ കാർമ്മികന്റെ കാപ്പാ മുത്തുന്നതും അനുവാദത്തിനു തന്നെ. പുരോഹിതന്റെ സാന്നിദ്ധ്യത്തിൽ പ്രത്യേക പ്രാർത്ഥനകൾ ശുശ്രൂഷകരൊ ശെമ്മാശന്മാരോ ചൊല്ലുമ്പോളും മഹാപുരോഹിതസാന്നിദ്ധ്യത്തിൽ പുരോഹിതന്മാർ പ്രാർത്ഥനകൾ ചൊല്ലുമ്പോളും ഏവൻഗേലി വായിക്കുമ്പോഴും അവർ കൈമുത്തിയാണ് അപ്രകാരം ചെയ്യുന്നത്. സന്നിഹിതരിൽ പ്രധാന പുരോഹിതൻ ചെയ്യേണ്ട കർമ്മങ്ങൾ കീഴ്സ്ഥാനികൾ ചെയ്യുമ്പോൾ അതിനുള്ള അനുവാദം വാങ്ങുവാനാണ് കൈ മുത്തുക. ഇവിടെയും മേല്പട്ടക്കാർ ഒന്നിലേറെയുണ്ടെങ്കിൽ നേതൃത്വം നൽകുന്നയാ

ളിന്റെയാണ് കൈമുത്തുക (പുരോഹിതൻ വി. കുർബ്ബാന അർപ്പിക്കുമ്പോൾ മറ്റൊരു പുരോഹിതൻ സന്നിഹിതനെങ്കിൽ കാപ്പാ അണിയുന്നതിനു മുമ്പ് അദ്ദേഹത്തെക്കൊണ്ട് കാപ്പാ ആശീർവദിപ്പിക്കുന്ന പതിവ് ഉണ്ടായിരുന്നു. പ്രത്യേകിച്ചും സീനിയറായ പുരോഹിതനെക്കൊണ്ട്. ചില ക്രമങ്ങളിൽ അതു രേഖപ്പെടുത്തിയിട്ടുമുണ്ട്).

മേല്പട്ടക്കാരന്റെ സാന്നിദ്ധ്യത്തിൽ, ഔദ്യോഗികകർമ്മങ്ങൾ നിർവ്വഹിക്കാനായി ശുശ്രൂഷാവേളകളിൽ കീഴ്സ്ഥാനികൾ മദ്ബഹായിൽ പ്രവേശിച്ചു മടങ്ങിവരുമ്പോൾ അദ്ദേഹത്തിന്റെ കൈ മുത്താറുണ്ട്. അതിന് ഉദാഹരണമാണ്, തിരി കത്തിച്ചു മറ വലിച്ചു കഴിയുമ്പോൾ മേല്പട്ടക്കാരന്റെ കൈ മുത്തുന്നത്. അനുവാദത്തിനാണത്. എന്നാൽ എന്തെങ്കിലും ആവശ്യത്തിനായി മദ്ബഹായിൽ കയറി മടങ്ങിവരുമ്പോൾ പലരും മേല്പട്ടക്കാരനുണ്ടെങ്കിൽ അദ്ദേഹത്തിന്റെ കൈ മുത്തുന്നതു കണ്ടിട്ടുണ്ട്. മുത്തിക്കുന്ന മേല്പട്ടക്കാരുമുണ്ട്. ചില അവസരങ്ങളിൽ മുത്തിന്റെ ബഹളം അതു സൃഷ്ടിക്കുകയും ചെയ്യും. അനുവാദത്തിനും അനുഗ്രഹത്തിനുമല്ല, മറിച്ച് ആരാധനയ്ക്കിടയിൽ അലംകോലം സൃഷ്ടിക്കാൻ മാത്രമേ അതു സഹായിക്കൂ.

ധൂപപ്രാർത്ഥനയുടെ സമയത്ത് ധൂപം വീശുന്നയാൾ ധൂപമിടുന്ന പുരോഹിതന്റെയോ മഹാപുരോഹിതന്റെയോ കൈ മുത്തുന്നതു അനുവാദത്തിനാണ്. സന്നിഹിതരിൽ മുഖ്യപുരോഹിതനാണ് ധൂപമിട്ടു വീശേണ്ടത്. ശുശ്രൂഷകൾക്കു നേതൃത്വം നൽകുന്നതുകൊണ്ട് പലപ്പോഴും അത് പ്രയാസമാകയാലാണ് അദ്ദേഹത്തിനുവേണ്ടി മറ്റൊരാൾ വീശുന്നത്.

ധൂപാർപ്പണം പുരോഹിതശുശ്രൂഷയാണ്. സഖറിയാ പുരോഹിതന്റെ ധൂപാർച്ചന വി. ലൂക്കോസിന്റെ സുവിശേഷാരംഭത്തിൽത്തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. സ്വർഗ്ഗീയസഭയിൽ പുരോഹിതൻ ധൂപാർപ്പണം നിർവ്വഹിക്കുന്ന കാര്യം വെളിപാടുപുസ്തകം വെളിപ്പെടുത്തുന്നു (5:8). മാത്രമല്ല പുരോഹിതസ്ഥാനികളുടെ അസാന്നിദ്ധ്യത്തിൽ ധൂപാർപ്പണം നടത്താറുമില്ല. കൂട്ടത്തിൽ പറയട്ടെ, വി. കുർബ്ബാനവേളയിൽ കുക്കിലിയോൻ ചൊല്ലുമ്പോൾ പല കാർമ്മികരും പൗരോഹിത്യവൃന്ദത്തെ സ്മരിക്കുന്ന സമയത്ത് (ചാർത്തും നീതിയെ ചൊല്ലുമ്പോൾ ) ധൂപം വീശുന്നയാളിന്റെ കൈയിൽ നിന്നു ധൂപക്കുറ്റി വാങ്ങി സ്ഥിരം ധൂപം വീശുന്നതു കാണാറുണ്ട്. ദൈവമാതാവിന്റെയും പരിശുദ്ധന്മാരുടെയും കുക്കിലിയോൻ ചൊല്ലുമ്പോൾ അങ്ങനെ ചെയ്യുന്നുമില്ല. ദൈവമാതാവിനും പരിശുദ്ധന്മാർക്കും, പ്രത്യേകിച്ചു ദൈവമാതാവിന്, ചെയ്യാത്തതു വാങ്ങിപ്പോയ പൗരോഹിത്യഗണത്തിനുവേണ്ടി സ്ഥിരം ചെയ്യുന്നത് എന്തുകൊണ്ടാണെന്നറിയില്ല. എല്ലാ കുക്കിലിയോനും ആ കാർമ്മികൻ

തന്നെ ധൂപം വീശുകയാണെങ്കിൽ കൊഹനെ സ്മരണ സമയത്തു ചെയ്യുന്നതു മനസ്സിലാക്കാം. അല്ലെങ്കിൽ പുരോഹിതഗണത്തിൽപ്പെട്ടവരുടെ പ്രത്യേക ഓർമ്മദിനത്തിലായിരിക്കണം അങ്ങനെ വീശുന്നത്. "മക്കളില പ്പൻ.." എന്നുള്ള കുക്കിലിയോൻ സകല വാങ്ങിപ്പോയവരെയും ഓർക്കുന്നതാണ്. അതിൽ വാങ്ങിപ്പോയ പുരോഹിതഗണവും ഉൾപ്പെടുന്നു. ധൂപം വീശേണ്ട പ്രധാന സമയമാണത്. പക്ഷെ, പലരും അത് അവഗണിക്കുകയാണ് പതിവ്.

അതുപോലെതന്നെ, പുരോഹിതന്മാരെയും മഹാപുരോഹിതന്മാരെയും ഓർത്തു ധൂപം വയ്ക്കുമ്പോൾ - ഓർമ്മദിനത്തിൽ - കുരിശും മെഴുകുതിരികളും (രണ്ടും നാലും മെഴുകുതിരികൾ വയ്ക്കുന്നതു കാണാം) വച്ചും ഹമനീക്കാ നിലത്തു വിരിച്ചും പ്രാർത്ഥന നടത്തുന്നതു പല പള്ളികളിലും പതിവു പരിപാടിയാണ്. വി. മദ്ബഹായിൽ കല്ലറ സൃഷ്ടിക്കുന്നത് എന്തിനാണോ, ആവോ? വി. ത്രോണോസിന്റെ മുമ്പിൽ ധൂപം വീശുമ്പോൾ കുരിശും മെഴുകുതിരികളും താഴെ വച്ചു വീശുന്നത് ആവശ്യമില്ലാത്തതാണ്. (പ. മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ ഉൾപ്പെടെ മുമ്പുണ്ടായിരുന്ന മേല്പട്ടക്കാർ പലരും അപ്രകാരം ചെയ്തു കണ്ടിട്ടില്ല. ഇന്നുള്ള ചുരുക്കം ചില മേല്പട്ടക്കാരും അപ്രകാരം ചെയ്യാറില്ല. ഈ ലേഖകന്റെ വൈദികസെമിനാരി പഠനവേളയിൽ രണ്ടു വർഷക്കാലം സെമിനാരി വാർഡനും ചാപ്ളയനും വന്ദ്യ യോഹന്നാൻ മല്പാനച്ചനായിരുന്നു - യൂഹാനോൻ മാർ സേവേറിയോസ്. അദ്ദേഹം ഒരിക്കൽപോലും അങ്ങനെ ചെയ്തു കണ്ടിട്ടില്ല.) അവയെല്ലാമുള്ള ബലിപീഠത്തിന്റെ മുമ്പിൽ ധൂപം വീശി ഓർക്കുന്നതിനേക്കാൾ കൂടുതലൊന്നും താഴെ വച്ച് അവ ചെയ്യുന്നതിൽ ഉണ്ടാകുന്നില്ല. ബലിപീഠത്തിലാണല്ലോ പേര് ഓർക്കപ്പെടുന്നത്. നിദ്രിതരായ അയ്മേനികളെ അനുസ്മരിക്കുമ്പോൾ മദ്ബഹായിൽ അതു ചെയ്തു കാണാറില്ല. പരേതർക്കുവേണ്ടി പുരോഹിതനോ അയ്മേനിയൊ ആകട്ടെ ഹൈക്കലായിൽ ധൂപം വയ്ക്കുമ്പോൾ കുരിശും മെഴുകുതിരിയും വച്ചു ചെയ്യുന്നതു മനസ്സിലാക്കാം. പരിശുദ്ധന്മാരുടെ ഓർമ്മ കഴിക്കുമ്പോളും മദ്ബഹായിൽ ഇവയെല്ലാം കാണിക്കുന്നവരുണ്ട്.

മൂറോൻ കൂദാശ, എപ്പിസ്ക്കോപ്പൽ വാഴ്ച ആദിയായവ ഒഴിച്ചുള്ള സഭയുടെ ശുശ്രൂഷകൾക്കു നേതൃത്വം നല്കുന്നതിന് ഒരു പുരോഹിതന്റെയോ മഹാപുരോഹിതന്റെയോ സാന്നിദ്ധ്യം മതിയാകും (പള്ളിക്കൂദാശ, പട്ടംകൊട, സൈത്തു കൂദാശ ആദിയായവയ്ക്ക് ഒരു മഹാപുരോഹിതൻ വേണം). ആരാധന ആവിധം ക്രമീകരിച്ചിട്ടുള്ളതാണ്. ആധുനികകാലത്തെ ആശയവിനിമയമാർഗ്ഗങ്ങൾ മൂലവും യാത്രാസൗകര്യങ്ങൾ, വ്യക്തിബന്ധങ്ങൾ ആദിയായവ നിമിത്തവും പുരോഹിത, മഹാപുരോ

ഹിതരുടെ നീണ്ട നിര പല ശുശ്രൂഷകളിലും സൃഷ്ടിച്ചുവെന്നു വരും. സാധാരണ ഒരു പുരോഹിതൻ നടത്തേണ്ട ശുശ്രൂഷകൾക്കുപോലും ഒട്ടേറെ മേല്പട്ടക്കാർ ഉണ്ടാകുക അസാധാരണമല്ല (പലരും മേല്പട്ട സാന്നിദ്ധ്യത്തെ പ്രത്യേകിച്ചും ആത്മീയശുശ്രൂഷകളിൽ ആവശ്യവ്യക്തിയോ ആത്മീയനേട്ടമോ ആയിട്ടല്ല, മറിച്ച് ആഡംബരവസ്തുവായല്ലേ കരുതുന്നത്? ആ കാഴ്ചപ്പാടിന്റെ വ്യക്തമായ പ്രകടനമാണ് അവിവാഹിതവൈദികരിൽ പലരുടെയും മെത്രാൻ സ്ഥാനത്തിനുവേണ്ടിയുള്ള മരണപ്പാച്ചിലും പോരാട്ടങ്ങളും. പണം വളരെ വാരിക്കോരി ചെലവാക്കിയാലും നഷ്ടക്കച്ചവടമായി പലരും കരുതുന്നില്ല). ഒരു കാർമ്മികൻ കർമ്മങ്ങൾ നടത്തിയിരുന്ന കാലത്തെ ക്രമീകരണങ്ങൾ ഒട്ടുവളരെ പൗരോഹിത്യസ്ഥാനികൾ സംബന്ധിക്കുമ്പോൾ തുടരുകയെന്നതു ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നു.

ഇന്ന് നമുക്ക് നല്ലൊരു സംഖ്യ മേല്പട്ടക്കാരുണ്ട്. പത്തു വർഷത്തിനകം ആ സംഖ്യ പത്തുനാല്പതിൽ കവിയാൻ ഇടയായേക്കുമെന്നു തോന്നുന്നു (പള്ളികളോ സഭാംഗങ്ങളോ ഇല്ലാതെ മെത്രാസനങ്ങൾ തല്ലിക്കൂട്ടുക എന്നതു പലർക്കും ഒരു ഹരമായി മാറിയിരിക്കുകയാണല്ലോ. അതിനെല്ലാം മേല്പട്ടക്കാരു വേണം). മേല്പട്ടക്കാർ ഏറിയപങ്കും സംബന്ധിക്കുന്ന ശുശ്രൂഷകളും സാധാരണമാണ്. ധൂപപ്രാർത്ഥന നടത്തുമ്പോൾ സംബന്ധിക്കുന്ന മേല്പട്ടക്കാർക്കെല്ലാം ധൂപം വീശി മുത്തി വീണ്ടും വീശുന്നതിനു സമയം വളരെ വേണം. രണ്ടു വർഷം മുമ്പ് പഴയസെമിനാരിയിൽ നടന്ന ഒരു ശുശ്രൂഷയിൽ മേല്പട്ടക്കാർ അനേകരുണ്ടായിരുന്നതിനാൽ വീശി മുത്തി തീർക്കാൻ ധൂപം വീശിയ ശെമ്മാശൻ നടത്തിയ വീരപരാക്രമം വീക്ഷിച്ചത് ഓർക്കുന്നു. പ്രത്യേകിച്ച് വി. കുർബ്ബാനവേളയിൽ ആ ചടങ്ങ് സൃഷ്ടിക്കുന്ന ബുദ്ധിമുട്ടും ബഹളവും ശ്രദ്ധയകറ്റലും ഒട്ടു വളരെയാണ്. അവ ഒഴിവാക്കുകയാണ് വേണ്ടത്. സഭയുടെ പരമാദ്ധ്യക്ഷൻ സംബന്ധിക്കുന്ന ശുശ്രൂഷകളിൽ അദ്ദേഹത്തിനു മാത്രം വീശി മുത്തുന്നതിൽ ഒതുക്കുന്നതായിരിക്കും ഉചിതം. മേല്പട്ടക്കാരന്റെ സാന്നിദ്ധ്യത്തിൽ പട്ടക്കാരന്റെ സാന്നിദ്ധ്യം പോലെയല്ലേ പ്രധാന മേലദ്ധ്യക്ഷന്റെ സാന്നിദ്ധ്യത്തിൽ മഹാപുരോഹിതന്റെയും. നമ്മുടെ ഭരണഘടനയിൽപ്പോലും ഇടവക മെത്രാപ്പോലീത്താ അദ്ദേഹത്തിനുവേണ്ടി (മലങ്കര മെത്രാപ്പോലീത്താ) ഭരണം നിർവ്വഹിക്കുന്നുവെന്നാണ് (പ്രധാന മേലദ്ധ്യക്ഷന്റെ മുമ്പിൽ അന്ത്യോഖ്യൻ സഭയിൽ ചുവന്ന കുപ്പായമല്ല, കറുത്ത കുപ്പായമാണ് മേല്പട്ടക്കാർ സാധാരണ ധരിക്കേണ്ടതെന്നുള്ള ധാരണയുണ്ട്. മഹാപുരോഹിതൻ ചുവന്ന കുപ്പായം പൊതുവേ ഉപയോഗിക്കുന്നത് അവിടെ സ്വന്തം മെത്രാസന സീമയിലും). മദ്ബഹായിൽ ഏവൻഗേലിയോൻ പുസ്തകം പലതു കാണും. എങ്കിലും ധൂപം വീശാറുള്ളത് ഏവൻഗേലിയോൻ പീഠത്തി

ന്മേൽ പ്രതിഷ്ഠിച്ചിരിക്കുന്ന ഏവൻഗേലിയോനാണ്. അതുപോലെ ആരാധനാശുശ്രൂഷകളിലും പ്രധാന മേലദ്ധ്യക്ഷന്റെയോ പ്രധാന കാർമ്മികന്റെയോ കൈ മുത്തിയാൽ മതിയാകില്ലേ?

സഭാസമ്മേളനങ്ങളിൽ ഒന്നിലധികം മേല്പട്ടക്കാർ സദസ്സിൽ ഇരിപ്പുണ്ടെങ്കിൽ പ്രസംഗിക്കുകയും മറ്റും ചെയ്യുന്ന അയ്മേനികളും പുരോഹിതരും സന്നിഹിതരായ സകല മേല്പട്ടക്കാരുടെയും കൈ മുത്തിയിട്ടു അവരുടെ പരിപാടിക്കു ആരംഭം കുറിക്കുന്നതു ഒരു സാധാരണ കാഴ്ചയാണ്. ആരെയും അവഗണിക്കേണ്ടയെന്നു കരുതിയായിരിക്കണം അരോചകമായ ഈ മുത്തോടു മുത്ത്. പ്രധാന മേലദ്ധ്യക്ഷന്റെയോ അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിൽ സന്നിഹിതരിൽ സീനിയർ മെത്രാപ്പോലീത്തായുടെയോ കൈ മുത്തുന്നതിനു പകരം സ്റ്റേജിലൂടെ ഓട്ടപ്രദക്ഷിണം നടത്തിയുള്ള ഈ കൈമുത്തു പ്രകടനം അഭംഗിയാണ്, അതിലേറെ അനാവശ്യമാണ്. പൊതുസമ്മേളനങ്ങളിലെ പൈത്യമേറിയ ഈ മുത്തു ഘോഷയാത്രയ്ക്ക് വിരാമമിടേണ്ടതാണ്.

സാധാരണ വ്യക്തികൾ തമ്മിൽ കാണുമ്പോൾ അഭിവാദനം ചെയ്യുന്നതു ഹസ്തദാനം ചെയ്തോ നമസ്തേ പറഞ്ഞു തല വണക്കിയോ ആണല്ലോ. മേല്പട്ടക്കാരെ അഭിവാദനം ചെയ്യുന്നത് (മറ്റ് ഓർത്തഡോക്സ് സഭകളിൽ പട്ടക്കാരെയും) കൈ മുത്തിയും. (യൂറോപ്യൻ രാജ്യങ്ങളിൽ ചിലതുൾപ്പെടെ പല സ്ഥലങ്ങളിലും സ്ത്രീകളെ പുരുഷന്മാർ അഭിവാദനം ചെയ്യുന്നത് അവരുടെ കരങ്ങൾ ചുംബിച്ചാണ്. ഫിലിപ്പൈൻസിലും മറ്റും പ്രായമേറിയവരുടെ കൈ മുത്തി അവരെ ആദരിക്കുന്നു. ഹൈന്ദവർ, പ്രത്യേകിച്ചും വടക്കേ ഇന്ത്യയിൽ, മാതാപിതാക്കളുടെയും ഗുരുജനങ്ങളുടെയും മറ്റും പാദസ്പർശനം നടത്തിയാണ് അനുഗ്രഹം തേടുന്നത്.) വിശുദ്ധ വേദപുസ്തകത്തിൽ ഉല്പത്തി മുതൽതന്നെ തലയിൽ കൈ വച്ച് അനുഗ്രഹം പകരുന്നതായാണ് നാം വായിക്കുന്നത്.

അഭിവാദനത്തിനായാലും ആദരവ് പ്രകടിപ്പിക്കുന്നതിനായാലും അനുഗ്രഹമാകട്ടെ, അനുവാദമാകട്ടെ, മേല്പട്ടക്കാരുടെ കൈ മുത്തുന്നതു സമയവും സൗകര്യവും സാഹചര്യവുമനുസരിച്ചു ചെയ്യേണ്ടതാണ്. പ്രത്യേകിച്ചും മറ്റുള്ളവരുമായി കാര്യമായി സംസാരിച്ചുകൊണ്ടിരിക്കുമ്പോളും മറ്റും മുത്തിയേ അടങ്ങൂ എന്നു കരുതി അതിനു മുതിരുന്നതു ശരിയല്ല. സമ്മേളനങ്ങളിൽ സ്റ്റേജിൽ ഇരിക്കുന്ന മേല്പട്ടക്കാരുടെ കൈ മുത്തിയിട്ടു താഴെ സദസ്സിൽ വന്നിരിക്കുക, മറ്റു വ്യക്തികൾ പ്രസംഗിച്ചുകൊണ്ടിരിക്കുമ്പോൾ മേല്പട്ടക്കാരുടെ അടുക്കൽ പോയി കൈ മുത്തുക, താമസിച്ചാണു വന്നതെങ്കിൽ പ്രസംഗിച്ചുകൊണ്ടിരിക്കുന്ന മേല്പട്ടക്കാരന്റെ കൈ മുത്തിയിട്ട് സീറ്റിൽ പോയിരിക്കുക ഇവയൊക്കെ വളരെ

സാധാരണമായിരിക്കുന്നു, സ്ഥിരം കാണുന്ന കാഴ്ചകളാണ്. ഭക്തിയുടെ ഈ 'പ്രകടനം' അരോചകമാണെന്നുള്ളത് പലരും മറന്നുപോകുന്നു. ആരാധനാശുശ്രൂഷകളുടെ മർമ്മപ്രധാന സമയങ്ങളിലും മേല്പട്ടക്കാരെ കാണുമ്പോൾ മുത്തി ബഹുമാനിക്കാൻ ശ്രമിക്കുന്നവരുണ്ട്. ഇപ്രകാരമുള്ള വകതിരിവില്ലാത്ത "മുത്തുകൾ"ക്കു വിരാമമിടേണ്ടതാണ്.

നമ്മുടെ അപ്പോസ്തലനിൽ നിന്നാരംഭിച്ച കൈമുത്തെന്ന പാരമ്പര്യം അവസരോചിതവും അനുഗ്രഹത്തിനു കാരണവുമായിത്തീരട്ടെ.

# 9

# വെദികസ്ഥാനികളുടെ സീനിയോറിറ്റി

നമ്മുടെ സഭയിൽ ഒരേ പദവിയുള്ള ഒന്നിലേറെ പൗരോഹിത്യ സ്ഥാനികൾ ഒരുമിച്ചു സന്നിഹിതരാകുന്ന സദസ്സുകളിൽ അവരുടെ സീനിയോറിട്ടി നിർണ്ണയിക്കുന്നത് പ്രായത്തിന്റെ മൂപ്പുകൊണ്ടാണോ അതോ പട്ടമേറ്റതിന്റെ പഴക്കമനുസരിച്ചാണോ? സമസ്ഥാനികളിൽ പ്രായമാണ് മൂപ്പുസ്ഥാനം ലഭിക്കുന്നതിന് അടിസ്ഥാനമെന്നാണ് മനസ്സിലാക്കിയിരിക്കുന്നത്. അജ്ഞത മൂലമോ, സ്ഥാനം ലഭിച്ചതിന്റെ തലക്കനം സൃഷ്ടിക്കുന്ന അല്പമായോ അനന്തമായോ ഉള്ള അഹന്ത മൂലമോ അതോ അനാവശ്യമായ അതിവിനയം മൂലമോ എന്നറിയില്ല ഈ പതിവ് പാരമ്പര്യം വിട്ടും വിസ്മരിച്ചും വിരുദ്ധമായും പറയുകയും പ്രവർത്തിക്കുകയും ചെയ്യുന്നവർ ചുരുക്കമായി ഉണ്ടെന്നുള്ളത് കേൾക്കുന്നു. സഭയുടെ രീതി അറിഞ്ഞ് അനുസരിക്കുവാനും അനുഗമിക്കുവാനും എല്ലാ നിരയിലുമുള്ള പൗരോഹിത്യസ്ഥാനികൾക്ക്  ചുമതലയില്ലേ?

പണ്ടേ പൗരോഹിത്യസ്ഥാനമേറ്റതുകൊണ്ട് ഒരു പുരോഹിതന്റെയോ മഹാപുരോഹിതന്റെയോ പൗരോഹിത്യ നൽവരത്തിനു പിമ്പേ അതേ സ്ഥാനം സ്വീകരിച്ച വ്യക്തിയുടെ പൗരോഹിത്യ നൽവരത്തേക്കാൾ മാറ്റോ മഹിമയോ ലഭിക്കുന്നില്ല. മറ്റൊരുവിധത്തിൽ പറഞ്ഞാൽ, ധനനിക്ഷേപങ്ങൾക്കു കാലപ്പഴക്കത്തിലൂടെ മുതലു കൂട്ടുന്നതുപോലെ പഴക്കമേറിയ പട്ടത്വമുള്ള വ്യക്തിയുടെ ശുശ്രൂഷകൾക്കോ അനുഷ്ഠാനങ്ങൾക്കോ ഉയർച്ചയോ, വളർച്ചയോ, ശക്തിയോ ശുദ്ധിയോ ഏറുമെന്ന് ആരെങ്കിലും ചിന്തിച്ചാൽ അതു വേദവിപരീതത്തിനു മുതലു കൂട്ടുകയേയുള്ളു. പഴക്കം കൊണ്ട് ഒരുപക്ഷെ, തഴക്കം കിട്ടുമെന്നു കരുതുന്നവരുണ്ടാകാം. എന്നാൽ പൗരോഹിത്യനൽവരം ലഭിച്ചു പന്തീരാണ്ടു കഴി

ഞ്ഞാലും സ്ഥാനത്തിനടുത്ത കർമ്മങ്ങളുടെ മർമ്മങ്ങളും ധർമ്മങ്ങളും 'പിടി' കിട്ടാത്തവരും പിടി ഇല്ലാത്തവരും എല്ലാ സ്ഥാനികളിലും ഉണ്ടാകും. സ്ഥാനം ലഭിക്കുന്നതിനു മുമ്പുതന്നെ വരദാനങ്ങളനുസരിച്ചു വ്യക്തമായും കൃത്യമായും കാര്യങ്ങളും കർമ്മങ്ങളും നടത്തുവാൻ പ്രാർത്ഥിച്ചും പഠിച്ചും പരിണതപ്രജ്ഞരായി പൗരോഹിത്യ പദവികൾ പ്രാപിക്കുന്നവരുമുണ്ട്. ചുരുക്കത്തിൽ, "പട്ടപ്പഴക്കം" പൗരോഹിത്യ ശുശ്രൂഷയ്ക്കു പ്രത്യേകമായ പ്രാധാന്യമോ പദവിയോ പകരുന്നില്ല.

മലങ്കരസഭയുടെ നടപടികളുടെയും കാനോനാകളുടെയും രത്നചുരുക്കമാണല്ലോ 'മലങ്കര ഓർത്തഡോക്സ് സുറിയാനിസഭയുടെ ഭരണഘടന.' അതിൽ മേല്പട്ടക്കാരുടെ സീനിയോറിട്ടി നിർണ്ണയം എങ്ങനെയെന്നു വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. "അസോസിയേഷൻ യോഗത്തിൽ മലങ്കര മെത്രാപ്പോലീത്താ അദ്ധ്യക്ഷം വഹിക്കുന്നതും, അദ്ദേഹത്തിനു സൗകര്യമില്ലാതെ വരുമ്പോൾ അദ്ദേഹത്തിന്റെ നിയോഗമനുസരിച്ചു വൈസ് പ്രസിഡണ്ടുമാരിൽ ഒരാളും അദ്ദേഹം ഇല്ലാതെ വരുന്ന അവസരത്തിൽ വൈസ് പ്രസിഡണ്ടുമാരിൽ സീനിയർ മെത്രാപ്പോലീത്തായും അദ്ധ്യക്ഷം വഹിക്കുന്നതുമാകുന്നു. ഈ ഘടനയിൽ സീനിയർ മെത്രാപ്പോലീത്താ എന്ന പദത്തിന് വൈസ് പ്രസിഡണ്ടന്മാരിൽ ഏറ്റവും പ്രായം കൂടിയ മെത്രാപ്പോലീത്താ എന്ന് അർത്ഥമുള്ളതാകുന്നു" (ഭരണഘടന 4എ. 73). അസോസിയേഷനിലും അതിനോടു ചേർന്ന ചടങ്ങുകളിലും പ്രായമൂപ്പാണ് സീനിയോറിട്ടിയുടെ അടിസ്ഥാനമെങ്കിൽ അതിൽ നിന്നു ഭിന്നമാകയില്ലല്ലോ ആരാധനാ സദസ്സുകളിലെ സീനിയോറിട്ടിയും.

പ്രായത്തിനാണ് പ്രാധാന്യമെന്ന നമ്മുടെ പാരമ്പര്യത്തെക്കുറിച്ചു കണ്ടും കേട്ടുമറിഞ്ഞ ചില കാര്യങ്ങൾ രേഖപ്പെടുത്തുന്നു.

പട്ടംകൊട ശുശ്രൂഷകളിൽ ഒന്നിലേറെ സ്ഥാനികൾ ഉണ്ടെങ്കിൽ അവർ പട്ടത്വ സ്വീകരണത്തിന് നിലകൊള്ളുന്നത് പ്രായത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ്. മേല്പട്ടാഭിഷേകത്തിന്റെ രണ്ടുമൂന്ന് ഉദാഹരണങ്ങൾ മാത്രം കുറിക്കുന്നു.

1953-ൽ പ. ഗീവറുഗീസ് ദ്വിതീയൻ ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ 5 വൈദികരെ മേല്പട്ടസ്ഥാനത്തേക്ക് ഉയർത്തുകയുണ്ടായി. പത്രോസ് മാർ ഒസ്താത്തിയോസ്, മാത്യൂസ് മാർ ഈവാനിയോസ്, മാത്യൂസ് മാർ അത്താനാസിയോസ്, ദാനിയേൽ മാർ പീലക്സീനോസ്, മാത്യൂസ് മാർ കൂറിലോസ് എന്ന ക്രമത്തിൽ പ്രായമൂപ്പനുസരിച്ചാണ് അവർ അഭിഷേകം ചെയ്യപ്പെട്ടത്. അഭിവന്ദ്യരായ മാത്യൂസ് മാർ ഈവാനിയോസ് 1920-ലും പത്രോസ് മാർ ഒസ്താത്തിയോസ് 1926-ലും മാത്യൂസ് മാർ കൂറിലോസ് 1938-ലും ദാനിയേൽ മാർ പീലക്സിനോസ്

1944–ലും മാത്യൂസ് മാർ അത്താനാസിയോസ് 1946– ലും വൈദികരായ തിനാൽ പട്ടമേറ്റ തീയതിയാണ് സീനിയോറിട്ടിയുടെ അടിസ്ഥാനമെങ്കിൽ ഇവർ മേല്പട്ടസ്ഥാനമേല്ക്കേണ്ടിയിരുന്നത് മേല്പറഞ്ഞ ക്രമത്തിലായിരുന്നു.

1966–ൽ പ. ഔഗേൻ പ്രഥമൻ ബാവാ മേല്പട്ടക്കാരായുയർത്തിയ അഭിവന്ദ്യ ഫീലിപ്പോസ് മാർ തിയോഫിലോസ് മെത്രാപ്പോലീത്താ 1944–ലും അഭിവന്ദ്യ യൂഹാനോൻ സേവേറിയോസ് മെത്രാപ്പോലീത്താ 1943–ലുമാണ് കശ്ശീശാ പട്ടമേറ്റത്. എന്നാൽ മേല്പട്ടസ്ഥാനലബ്ധി ശുശ്രൂഷയിൽ നിരയിൽ ഒന്നാമത് ആയതു പ്രായമൂപ്പുള്ള തെയോഫിലോസ് മെത്രാപ്പോലീത്താ ആയിരുന്നു. അവർ ഇരുവരോടും ഒരുമിച്ചു മേല്പട്ടക്കാരനായ അഭിവന്ദ്യ തോമസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ അവരേക്കാൾ ഒരു വർഷം മുമ്പു റമ്പാൻ സ്ഥാനം (റമ്പാൻ സ്ഥാനം പദവി പടി കയറ്റമായി സഭ കരുതുന്നില്ലെങ്കിലും) സ്വീകരിച്ചിരുന്നു. പക്ഷേ, പ്രായക്കുറവുമൂലം സ്ഥാനാരോഹണപന്തിയിൽ മൂന്നാം സ്ഥാനത്താണ് അദ്ദേഹം നിലകൊണ്ടത്.

നിരണം വലിയപള്ളിയിൽ വച്ച് 1975 ഫെബ്രുവരി 16–നു മെത്രാൻ സ്ഥാനാഭിഷേകം ലഭിച്ച ഫാദർ കെ. കെ. പുന്നൂസ് (സ്തേഫാനോസ് മാർ തേവോദോസ്യോസ്) 1947–ലും ഫാ. പി. വി. ജോസഫ് (ജോസഫ് മാർ പക്കോമിയോസ്) 1952 ജൂണിലും ഫാ. കെ. സി തോമസ് (തോമസ് മാർ മക്കാറിയോസ്) 1952 സെപ്റ്റംബറിലും ഫാ. എം. വി. ജോർജ് (ഗീവറുഗീസ് മാർ ഒസ്താത്തിയോസ്) 1956–ലും ഫാദർ പോൾ വർഗീസ് (പൗലോസ് മാർ ഗ്രീഗോറിയോസ്) 1961–ലും വൈദികരായി. എന്നാൽ അവർ റമ്പാന്മാരായും മെത്രാപ്പോലീത്തന്മാരായും അഭിഷേകം ചെയ്യപ്പെട്ടതും പ്രായത്തിന്റെ സീനിയോറിറ്റി അനുസരിച്ചു ഗീവറുഗീസ് മാർ ഒസ്താത്തിയോസ്, പൗലോസ് മാർ ഗ്രീഗോറിയോസ്, സ്തേഫാനോസ് മാർ തേവോദോസിയോസ്, തോമസ് മാർ മക്കാറിയോസ്, ജോസഫ് മാർ പക്കോമിയോസ് എന്ന ക്രമത്തിലായിരുന്നു. ഇന്നുവരെ പട്ടംകൊട ശുശ്രൂഷകളിൽ ഈ രീതിയാണ് തുടരുന്നത്. പട്ടമേൽക്കുമ്പോൾ പ്രായവും പട്ടമേറ്റു കഴിയുമ്പോൾ പട്ടമേറ്റ തീയതിയിലുള്ള പഴക്കവുമായി സീനിയോറിറ്റി ആരോഹണം ചെയ്യുകയില്ലല്ലോ.

1958–ൽ യോജിച്ച മലങ്കരസഭയിൽ അഭിവന്ദ്യ പൗലോസ് മാർ പീലക്സീനോസ്, എബ്രഹാം മാർ ക്ലീമ്മിസ് എന്നീ മെത്രാപ്പോലീത്താമാർ അഭിവന്ദ്യരായ പത്രോസ് മാർ ഒസ്താത്തിയോസ്, മാത്യൂസ് മാർ അത്താനാസിയോസ്, ദാനിയേൽ മാർ പീലക്സീനോസ് എന്നീ മേല്പട്ടക്കാരേക്കാൾ പ്രായക്കുറവുള്ളവരായിരുന്നുവെങ്കിലും മേല്പട്ടസ്ഥാനം മുമ്പേ ലഭിച്ചവരായിരുന്നു. എന്നാൽ മേല്പറഞ്ഞ രണ്ടു മേല്പട്ടക്കാർ ഈ

മേല്പട്ടക്കാരുമൊത്ത് ഒറ്റയ്ക്കോ തെറ്റയ്ക്കോ സംബന്ധിക്കുന്ന ആരാധനാ സദസ്സുകളിൽ നേതൃത്വം നൽകിയിരുന്നത് പണ്ടേ പട്ടമേറ്റ പൗലോസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്തായോ എബ്രഹാം മാർ ക്ലീമ്മിസ് മെത്രാപ്പോലീത്തായോ ആയിരുന്നില്ല. മറിച്ച് പ്രായമൂപ്പുള്ള മേല്പറഞ്ഞ മേല്പട്ടക്കാർ ആയിരുന്നു.

ഒരേ സ്ഥാനമുള്ള ഒട്ടുവളരെ മേല്പട്ടക്കാർ ഒരുമിച്ചു സംബന്ധിച്ചിട്ടുള്ള ആരാധനാ ശുശ്രൂഷകളിലും വി. കൂദാശകളിലും പതിറ്റാണ്ടു മുമ്പു മെത്രാപ്പോലീത്താസ്ഥാനം ലഭിച്ചവർ സന്നിഹിതരാണെങ്കിലും അവയ്ക്കു നേതൃത്വം നൽകിയത് പ്രായമൂപ്പുള്ള മെത്രാപ്പോലീത്താ ആയിരുന്നുവെന്നുള്ളതിന് ഈ ലേഖകൻ ദൃക്സാക്ഷിയാണ്.

ഭാരതത്തിനു പുറത്തുള്ള ഒരു ഇടവകപള്ളിയുടെ ചുമതലയുള്ള രണ്ട് വൈദികർ തമ്മിൽ സീനിയോറിട്ടിയെക്കുറിച്ച് തർക്കമുണ്ടായതും ഇടവകമെത്രാപ്പോലീത്തായുടെ സാന്നിദ്ധ്യത്തിൽ വൈദികർ ഇരുവരും പ്രശ്നം പ. മാത്യൂസ് പ്രഥമൻ ബാവാ മുമ്പാകെ സമർപ്പിച്ചതും പ്രായമാണ് സീനിയോറിട്ടിയുടെ അടിസ്ഥാനമെന്ന നമ്മുടെ രീതി പ. ബാവാ പറഞ്ഞുകൊടുത്തു പ്രശ്നം പരിഹരിച്ചതും ഓർക്കുന്നു. ഇതിൽ ബന്ധപ്പെട്ട ഇടവകമെത്രാപ്പോലീത്തായും വൈദികരും ഇന്നും ജീവിച്ചിരിക്കുന്നവരാണ്.

വേദപുസ്തക അടിസ്ഥാനം പരതി നടക്കുന്നവർക്കു പാറ പോലുള്ള തെളിവ് പ്രായമൂപ്പിന്റെ സീനിയോറിട്ടിക്കുണ്ട്. അപ്പോസ്തോല പദവിയിലേക്കു ആദ്യമായി വിളിക്കപ്പെട്ടത് അന്ത്രയോസും യോഹന്നാനുമായിരുന്നു (യോഹ. 1:40). ദൈവത്തിന്റെ വിളിയേക്കാൾ വലിയ സ്ഥാനാരോഹണ ശുശ്രൂഷയില്ല. യോഹന്നാൻ ശ്ലീഹാ ശ്ലൈഹിക സമൂഹത്തിലെ ഏറ്റവും ഇളയവനും അന്ത്രയോസ് പത്രോസ് ശ്ലീഹായുടെ ഇളയ സഹോദരനുമായിരുന്നു. പക്ഷേ, പന്തിരുവരിൽ മുമ്പനായതു പ്രായമൂപ്പുള്ള പത്രോസ് ശ്ലീഹാ തന്നെ.

***(1996)***

# 10

# ആരാധനയും വിശുദ്ധ ഏവൻഗേലിയോനും

സഭാരാധനയുടെ അതിപ്രധാന ഭാഗമാണ് വി. സുവിശേഷഭാഗ വായന. യേശുമശിഹായുടെ രക്ഷാകര പ്രവൃത്തികളും പ്രബോധനങ്ങളു മുൾപ്പെടെയുള്ള മർത്തീകരണം വർത്തമാനകാലാനുഭവമായിത്തീരുക യെന്നുള്ളതാണ് ഏവൻഗേലിയോൻ വായനയുടെ ലക്ഷ്യം.

ഏവൻഗേലിയോൻ വായിക്കുന്ന ഏതു ശുശ്രൂഷയിലും വായനയ്ക്കു മുമ്പായി ഹാലേലുയ്യായിൽ ആരംഭിച്ച് ഹാലേലുയ്യായിൽ അവസാനി ക്കുന്ന സങ്കീർത്തനഗീതം (പെസ്ഗോമോ) ഉണ്ടായിരിക്കും. ആ ഹാലേ ലുയ്യാകളുടെ അർത്ഥവും ഉദ്ദേശ്യവും "കർത്താവായ യേശുക്രിസ്തു സന്നിഹിതനായിരിക്കുന്നു; ശ്രദ്ധിച്ചു ശ്രവിച്ചു അവിടുത്തേക്കു സ്തുതി പാടുക" എന്നുള്ളതാണ്. ദൈവസാന്നിദ്ധ്യത്തിന്റെ പ്രതീകങ്ങളായ തിരി വെളിച്ചങ്ങളുടെയും ധൂപാർപ്പണത്തിന്റെയും അകമ്പടികളോടും മണി, മറുവഹാസാ ആദിയായവയുടെ ശബ്ദാഘോഷങ്ങളോടും കൂടി, ഇരുക രങ്ങളിലുമായി ഏവൻഗേലിയോൻ ഉയർത്തിപ്പിടിച്ച് ഘോഷയാത്ര (Procession) യായിട്ടാണു കാർമ്മികൻ വായനയ്ക്കായി എത്തുന്നത്; എത്തേ ണ്ടതും. സുവിശേഷ ഭാഗവായന സമാരംഭിക്കുന്നതിനു മുമ്പായി ശെമ്മാ ശ്ശൻ - ശുശ്രൂഷകൻ - ഉദ്ഘോഷിക്കുന്നു, "നാം അടക്കത്തോടും ഭയ ത്തോടും വണക്കത്തോടും ചെവികൊടുത്ത് നമ്മുടെ മുമ്പാകെ വായി ക്കപ്പെടുന്ന നമ്മുടെ കർത്താവേശുമശിഹായുടെ വിശുദ്ധ ഏവൻഗേലി യോനിലെ ദൈവത്തിന്റെ ജീവനുള്ള വചനങ്ങളുടെ അറിയിപ്പിനെ കേൾക്ക ണം."

സുവിശേഷഭാഗം ഉൾക്കൊള്ളുവാനുള്ള സമാധാനം ആരംഭത്തിൽ കാർമ്മികൻ ആശംസിക്കുന്നുവെങ്കിൽ ഭക്തിയോടെ ശ്രദ്ധിച്ചു ശ്രവിച്ചു

ഗ്രഹിച്ച "ദൈവത്തിന്റെ ജീവനുള്ള വചനങ്ങളുടെ അറിയിപ്പ്", വിശ്വാസികളിൽ ജഡമായിത്തീരുവാനുള്ള, ആത്മശരീര മനസുകളെ ദിവ്യദീപ്തമാക്കാനുള്ള സമാധാനാശംസയോടെയാണ് വായന സമാപിക്കുന്നത്. ഏതു സുവിശേഷത്തിൽ നിന്നാണ് വായിക്കുന്നതെന്നറിയിക്കുന്നതോടൊപ്പം "പരിശുദ്ധ കന്യകമറിയാമ്മിൽ നിന്നു ശരീരം ധരിച്ച ജീവന്റെ വചനമായ ദൈവവും നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുമശിഹായുടെ മനുഷ്യാവതാര കാലത്ത് ഇവ ഇപ്രകാരം സംഭവിച്ചു" എന്നും പ്രബോധിപ്പിച്ചു കൊണ്ടാണ് കാർമ്മികൻ പ്രഘോഷണം ആരംഭിക്കുക.

വിശുദ്ധ ഏവൻഗേലിയോൻ പ്രധാന കാർമ്മികനാണ് പൊതുവെ വായിക്കാറുള്ളത്.[1] വായിക്കുന്ന കാർമ്മികൻ ക്രിസ്തുവിന്റെ സ്ഥാനത്തു നിന്നാണ് അപ്രകാരം പ്രഘോഷിക്കുക. ആ ദിവ്യവേളയിൽ കർത്താവിന്റെ മനുഷ്യാവതാര ചെയ്തികളും ചൊല്ലുകളും സമകാലിക സംഭവമായി, വർത്തമാനകാല യഥാർത്ഥ്യമായി പരിണമിക്കുന്നു.

മേല്പട്ടാഭിഷേകമുൾപ്പെടെയുള്ള എല്ലാ പട്ടംകൊട ശുശ്രൂഷകളിലും ഏവൻഗേലിയോൻ പീഠത്തിനു പകരം സ്ഥാനാർത്ഥിയുടെ ശിരസിൽ ഏവൻഗേലിയോൻ വച്ചാണ് ശുശ്രൂഷയിൽ "ആദ്ധ്യക്ഷം വഹിക്കുന്ന" മേല്പട്ടക്കാരൻ സുവിശേഷഭാഗം വായിക്കുക.[2] അങ്ങനെ സ്ഥാനാർത്ഥി ഏവൻഗേലിയോൻ പീഠമായി, സുവിശേഷം സദാ വഹിക്കുന്ന വ്യക്തിയായി രൂപാന്തരപ്പെടുന്നു. സുവിശേഷത്തിന് അനുസരണമായി ജീവിതം സമർപ്പിക്കുന്നുവെന്നുള്ളതിന്റെ പ്രതീകമാണത്. "ഞാൻ നിന്റെ ദാസി, തിരുവചനപ്രകാരം എനിക്കു ഭവിക്കട്ടെ" എന്നു ഗബ്രിയേൽ മാലാഖയോടു പരിശുദ്ധ കന്യക മറിയാം വിനീതയായി പ്രതിവചിച്ചു പ്രതികരിച്ചതിന് സമാനമായി സ്ഥാനാർത്ഥി സ്വയം സമർപ്പിക്കുകയാണ് ആ അവസരത്തിൽ.

വി. ദേവാലയത്തിൽ വി. ഏവൻഗേലിയോനും അതു വച്ചിരിക്കുന്ന പീഠത്തിനും വളരെ സ്ഥാനമുണ്ട്. വി. ബലിപീഠം കഴിഞ്ഞാൽ പിന്നത്തെ പ്രധാന സ്ഥാനം വി. ഏവൻഗേലിയോൻ പീഠത്തിനാണ്. വിവാഹ കൂദാശയുടെ സമാപനത്തിൽ കാർമ്മികൻ മണവാളനെയും മണവാട്ടിയെയും അനുസ്മരിപ്പിക്കുന്നു, "മക്കളെ ഇപ്പോൾ നിങ്ങൾ ദൈവസന്നിധിയിലും നമ്മുടെ കർത്താവേശുമശിഹായുടെ സിംഹാസനമായ ജീവമേശയുടെയും വെടിപ്പുള്ള ഏവൻഗേലിയോലിനും ഈ ജനക്കൂട്ടത്തിനും മുമ്പാകെയാണ് നില്ക്കുന്നതെന്നു പ്രത്യേകം ശ്രദ്ധിപ്പിൻ." വി. മാമോദീസാ വേളയിൽ വി. ഏവൻഗേലിയോൻ പീഠവും വി. ബലിപീഠവും മുത്തിച്ചതിനുശേഷമാണു സ്ഥാനാർത്ഥിക്കു വി. കുർബ്ബാന നല്കുന്നത്. വി. മദ്ബ

ഹായിൽ പ്രവേശിക്കുന്നവർ, അവർ ഏതു സ്ഥാനിയായാലും വി. ബലി പീഠം പോലെ തന്നെ വി. ഏവൻഗേലിയോൻ പീഠവും ഭക്തിപൂർവ്വം വണങ്ങി മുത്തുന്നു. പല സ്ഥലങ്ങളിലും പ്രാർത്ഥനയ്ക്കായി ദേവാലയ ത്തിൽ എത്തുന്നവർ നമസ്കാരമേശയിൽ പ്രത്യേകം സൂക്ഷിച്ചിരിക്കുന്ന ഏവൻഗേലിയോൻ – ബൈബിൾ – മുത്തി നേർച്ചകാഴ്ചകൾ സമർപ്പിച്ചു മടങ്ങുന്ന പതിവുണ്ട്. വി. കുർബ്ബാനയുടെ സമാപനത്തിൽ, ആൾ ബാഹു ല്യംമൂലം കൈമുത്തിക്കുന്നതിന് അസൗകര്യമുള്ള പള്ളികളിൽ വിശ്വാ സികൾ നമസ്കാരമേശയിലെ ഏവൻഗേലിയോൻ മുത്തിയാണ് പിരിഞ്ഞു പോകുന്നത്.

ധൂപാർപ്പണവേളയിൽ വി. ത്രോണോസിനു വീശുന്നതു പോലെ ഏവ ൻഗേലിയോൻ മേശയ്ക്കും മൂന്നു പ്രാവശ്യം വീശി വണങ്ങി വീണ്ടും മൂന്നു പ്രാവശ്യം വീശുന്നു. വി. ത്രോണോസിൽ തിരി കത്തിച്ചു മദ്ബ ഹായുടെ തിരശ്ശീല വലിക്കുന്ന സമയത്ത് ഏവൻഗേലിയോൻ മേശയിലെ തിരികളിലൊന്നു കത്തിക്കുന്ന രീതിയുമുണ്ട്. വി. ഏവൻഗേലിയോൻ വച നമായ യേശുക്രിസ്തുവിന്റെ വചനമാണ്. മഹാപുരോഹിതനെ വചന മായ യേശുക്രിസ്തുവിന്റെ പ്രതീക (Icon) മായിട്ടാണല്ലോ കരുതുന്നത്. അതുകൊണ്ടാണ് മഹാപുരോഹിതൻ സന്നിഹിതനെങ്കിൽ അദ്ദേഹത്തിന് ഏവൻഗേലി പീഠത്തിനു വീശുന്നതു പോലെ വീശുന്നത്. ഏതു മഹാ പുരോഹിതസ്ഥാനി സന്നിഹിതനാണെങ്കിലും വി. ബലിപീഠം, വി. ഏവൻ ഗേലിപീഠം ഇവ കഴിഞ്ഞേയുള്ളു അദ്ദേഹത്തിനു വീശുന്നത്. മഹാപു രോഹിതരും ആദരവോടെ മുത്തി വണങ്ങുന്ന ഏവൻഗേലിയോന് അവ രേക്കാൾ എത്രയോ വലിയ സ്ഥാനമാണുള്ളത്. മൂലരൂപത്തിനും (Proto type) പ്രതീക (Image) ത്തിനും സമസ്ഥാനമല്ലല്ലൊയുള്ളത്.

വി. ഏവൻഗേലിയോൻ പീഠം ദേവാലയത്തിൽ എവിടെയാണ് വയ്ക്കു ന്നത്? വി. ത്രോണോസിനു സമീപം തെക്കുവശത്തായി സ്ഥാപിക്കുന്ന രീതിയാണ് പൊതുവേയുള്ളത്. വിശുദ്ധിയുടെ വിശുദ്ധ സ്ഥലത്തു നില കൊണ്ട സഖറിയാ പുരോഹിതനു ധൂപാർപ്പണവേളയിൽ അരുളപ്പാടു ലഭിച്ചത് ധൂപപീഠത്തിനു വലത്തുഭാഗത്തു നിന്ന കർത്താവിന്റെ ദൂത നിൽ നിന്നാണ് (ലൂക്കോസ് 1:11). “ക്രിസ്തു സ്വർഗ്ഗത്തിൽ പിതാവാംദൈവ ത്തിന്റെ മഹിമാസനത്തിന്റെ വലത്തുഭാഗത്തിരുന്നതിനെ അനുസ്മരിക്കു വാൻ ത്രോണോസിന്റെ വലത്തുവശത്ത് (തെക്കുവശത്ത്) ഏവൻഗേലി യോൻ മേശ ഇടുന്ന രീതിയാണ് പൊതുവേ കാണുന്നത്.”[3] വി. മദ്ബ ഹായിലേക്കു പ്രവേശിക്കുന്നവർ വി. ഏവൻഗേലിയോൻ മുത്തിയതിനു ശേഷമാണ് വി. ത്രോണോസ് മുത്താറുള്ളത്. “ജീവന്റെ വചന”മായ യേശുക്രിസ്തുവിൽ നിന്നാണ് ജീവന്റെ അപ്പമായ യേശുക്രിസ്തുവി ലേക്ക് എത്തിച്ചേരുക എന്നുള്ള അർത്ഥവത്തായ പാരമ്പര്യമാണ്

അതിന്റെ അടിസ്ഥാനം. "വചന ശുശ്രൂഷ" (Liturgy of the Word) യ്ക്കു ശേഷം മാത്രമാണല്ലോ "അപ്പത്തിന്റെ ശുശ്രൂഷ" ( Liturgy of the Bread). ജീവനുള്ളതും ജീവൻ പ്രദാനം ചെയ്യുന്നതുമായ വചനം രാജകീയ പുരോഹിതവർഗ്ഗത്തെ അനുനയിക്കുന്നത് നിത്യജീവന്റെയും സമൃദ്ധിയായ ജീവന്റെയും തിരുശരീര രക്തങ്ങളിലേക്കാണ്; വി. കുർബ്ബാനയിലേക്കാണ്. യേശുക്രിസ്തു വചനപ്രഘോഷണം നടത്തിയതിനുശേഷമാണ് അപ്പം വർദ്ധിപ്പിച്ച് അനേകായിരങ്ങളെ പരിപോഷിപ്പിച്ചത്. അന്ത്യ അത്താഴവേളയിലും അതുതന്നെ കർത്താവ് ആവർത്തിക്കുകയായിരുന്നു (പല പുരാതന സഭകളിലും ത്രോണോസിനോടു ചേർന്ന് ഇപ്രകാരം ചെയ്യുന്ന രീതിയാണുള്ളത്).

വി. ത്രോണോസിന്റെ വടക്കു വശത്തു വയ്ക്കുന്ന ചുരുക്കം സ്ഥലങ്ങളുമുണ്ട്. മൂന്നു കാരണങ്ങളാണ് അതിനു ചൂണ്ടിക്കാണിക്കാറുള്ളത്. ഏവൻഗേലിയോൻ ക്രിസ്തുവിന്റെ പ്രതീകമാണ്. യേശുക്രിസ്തു പിതാവിന്റെ വലത്തുഭാഗത്താണ് നിലകൊള്ളുന്നത്. തന്മൂലം വടക്കുവശത്തു വയ്ക്കുന്നു. മറ്റൊന്ന്, വലതു വശത്തിനാണ് എപ്പോഴും പ്രാധാന്യം. അതുകൊണ്ട് ഏവൻഗേലിയോൻ പീഠം വടക്കു വശത്തായിരിക്കണം. മൂന്നാമതൊന്ന്, ധൂപം വീശുന്നവർക്ക്, ത്രോണോസിനുശേഷം ഏവൻഗേലിയോൻ മേശയ്ക്കു വീശത്തക്കവണ്ണം വടക്കുവശത്ത് വയ്ക്കുന്നതാണ് സൗകര്യപ്രദം. ധൂപം വീശുന്ന ആളിന്റെ സൗകര്യത്തിനുവേണ്ടി വടക്കുവശത്തു വയ്ക്കണമെന്നു പറയുന്നതു ബാലിശമാണ്. ധൂപം വീശുന്ന ആൾ അതാതിന്റെ പ്രാധാന്യം അനുസരിച്ചു വീശുവാൻ കടപ്പെട്ടിരിക്കുന്നു. കർത്താവിന്റെ പ്രതീകമായ വി. സ്ളീബാ ത്രോണോസിന്റെ മർമ്മസ്ഥാനത്ത് ഏറ്റം മദ്ധ്യത്തിൽ പ്രതിഷ്ഠിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ, മറ്റൊരു പ്രതീകമായ ഏവൻഗേലിയോൻ വടക്കുവശത്തു വയ്ക്കണമെന്നില്ല. എവിടെ വച്ചാലും ഏവൻഗേലിയോന്റെ പ്രാധാന്യം നഷ്ടപ്പെടുകയില്ല.

മദ്ബഹായുടെ തൊട്ടു ഹൈക്കലായുടെ മദ്ധ്യത്തിൽ ഏവൻഗേലിയോൻ പീഠം സ്ഥാപിക്കുന്ന രീതിയുമുണ്ട്. അങ്ങനെയുള്ള പള്ളികളിൽ നമസ്ക്കാരമേശ നടുക്കു കാണുകയില്ല. സിറിയാക്ക് (അന്ത്യോഖ്യാ) ഓർത്തഡോക്സ് സഭയിൽ[4] ആ പതിവാണ് പൊതുവേയുള്ളത്. മഞ്ഞനിക്കര ദയറായിലും ആ രീതി തുടരുന്നതായി അറിയുന്നു. പള്ളിയിൽ പ്രാർത്ഥിക്കുവാനായി എത്തുന്നവർക്ക് ഏവൻഗേലിയോൻ പീഠം മുത്തി പോകുന്നതിന് സൗകര്യം നല്കുന്നതാണത്. മദ്ബഹായിലേക്ക് ആ പീഠം മുത്തി പ്രവേശിക്കുന്നു.

ബൈസന്റയിൻ സഭകളിൽ (Eastern Orthodox) സാധാരണ സമയങ്ങളിൽ വി. ഏവൻഗേലിയോൻ വി. ത്രോണോസിന്റെ മദ്ധ്യഭാഗത്ത് ഏ

റ്റവും മുമ്പിലായാണു പ്രതിഷ്ഠിക്കുക. അവർക്ക് വി. ത്രോണോസ് ഒരേ സമയം വി. ഏവൻഗേലിയോൻ പീഠവും തിരുശരീരരക്തങ്ങളുടെ ബലി പീഠവുമാണ്. വി. ത്രോണോസിൽ മടക്കിവച്ചിരിക്കുന്ന തുണി കൊണ്ടുള്ള ആന്റിമെസിയോണിലാണ് (antimension) - തബുലൈത്താ - ഏവൻഗേലിയോൻ വയ്ക്കുക (ആന്റിമൈസിയോൺ എന്ന വാക്കിന്റെ അക്ഷരാർത്ഥത്തിലുള്ള അർത്ഥം മേശയ്ക്കു പകരം - instead of table എന്നാണ്).[5] സ്വർണ്ണനിറത്തിലുള്ള മെറ്റലുകൊണ്ട് ബൈൻഡു ചെയ്ത് മനോഹരമാക്കിയ ഏവൻഗേലിയോനാണ് അവർ ആരാധനയ്ക്ക് ഉപയോഗിക്കുക. സ്റ്റാൻഡില്ലാതെ തന്നെ നേരെ വയ്ക്കത്തക്കവണ്ണം നിർമ്മിച്ചവയാണവ. വി. കുർബ്ബാനയുടെ അവസരങ്ങളിൽ വചനശുശ്രൂഷയ്ക്കു (Liturgy of the Word) ശേഷം വിരിച്ചിട്ട ആന്റിമൈസിയോനിൽ കിഴക്കോട്ടു ചേർത്ത് ഏവൻഗേലിയോൻ പ്രതിഷ്ഠിക്കും. അതിനുമുമ്പിൽ കാസായും പീലാസയും ക്രമീകരിച്ചാണ് വി. കുർബ്ബാന (Liturgy of the Bread) അവർ അർപ്പിക്കുക.

ഏറെ പ്രാധാന്യമുള്ള ഏവൻഗേലിയോനും അതു വയ്ക്കുന്ന പീഠവും അശ്രദ്ധയോടും അനാദരവോടും കൈകാര്യം ചെയ്യുന്ന രീതി പല പള്ളികളിലുമുണ്ടെന്നുള്ളത് ഒരു ദുഃഖ സത്യമാണ്. മദ്ബഹായിൽ നിന്ന് ശുശ്രൂഷയിൽ പങ്കുകൊള്ളുന്ന പലർക്കും ആരാധനാമദ്ധ്യേ താങ്ങി നില്ക്കാനുള്ള ഊന്നുവടിയായി ആ പീഠം ഉപയോഗിക്കുന്നത് അസാധാരണമല്ല. ഏവൻഗേലിയോൻ മേശമേൽ വി. ഏവൻഗേലിയോനും അതിന് അലങ്കാരമായി ഉപയോഗിക്കുന്ന തിരിസ്റ്റാൻഡുകളുമല്ലാതെ മറ്റൊന്നും വയ്ക്കരുതാത്തതാണ്. മദ്ബഹായിൽ ഉപയോഗിക്കുന്ന പുസ്തകങ്ങളും ഇതര സാധനങ്ങളും വയ്ക്കുന്നതിനുള്ള ഷെൽഫും മേശയുമായിട്ടാണ് പലരും ഈ വിശുദ്ധ പീഠത്തെ കരുതുന്നത്. അതിലും പരിതാപകരം, ആരാധനയ്ക്കു ശേഷം അംശവസ്ത്രങ്ങൾക്ക് വിശ്രമിക്കാനുള്ള ഇടമാക്കുന്നതും, വിയർപ്പു പിടിച്ച അവ ഉണക്കുവാനുള്ള ഉപകരണമാക്കുന്നതുമാണ്.

"കാലുകൾക്കു വിളക്കും ഊടുവഴികൾക്ക് പ്രകാശ"വുമായ ജീവനുള്ള, ജീവൻ നല്ക്കുന്ന സുവിശേഷവും അതു സൂക്ഷിച്ചുവയ്ക്കുന്ന പീഠവും വിശുദ്ധവും ശ്രേഷ്ഠവുമാണ്. തിരുവചനം ഗ്രഹിക്കുന്നതിലൂടെയും അതിനെ ആദരിക്കുന്നതിലൂടെയും അനുസരിക്കുന്നതിലൂടെയും വചനം നമ്മിൽ ജഡമായിത്തീരട്ടെ. ജഡമായിത്തീർന്ന വചനമായ ദൈവം നമ്മെ നയിക്കട്ടെ; നമ്മിൽ വസിക്കട്ടെ.

1. ബൈസന്റയിൻ സഭകളിൽ (Eastern Orthodox) അർക്കദിയാക്കോൻ ഉണ്ടെങ്കിൽ അദ്ദേഹമാണ് ഏവൻഗേലിയോൻ വായിക്കുക.

2. മേല്പട്ടാഭിഷേകത്തിന് സ്ഥാനിയുടെ ശിരസ്സിൽ വച്ചിരിക്കുന്ന ഏവൻഗേലി

യോൻ വശങ്ങളിൽ നിന്ന് രണ്ടു മേല്പട്ടക്കാർ പിടിച്ചിരിക്കും.

3. 'ആത്മാവിലും സത്യത്തിലും', ഡോ. ഫാ. ബി. വറുഗീസ്, ദിവ്യബോധനം ഗ്രന്ഥാവലി 18, രണ്ടാം പതിപ്പ്, പേജ് 52.

4. സിറിയൻ (അന്ത്യോഖ്യൻ) ഓർത്തഡോക്സ് സഭ അടുത്തകാലത്ത് സഭയുടെ പേരു മാറ്റി. സിറിയാക്ക് ഓർത്തഡോക്സ് സഭ എന്നാണ് പുതിയ പേര്. സിറിയൻ എന്ന പേരിനു ഭീകരപ്രവർത്തകരുമായുള്ള (Terrorist) ബന്ധമാണ് (പ്രത്യേകിച്ചും അമേരിക്കയിലും യൂറോപ്പിലും) പേരു മാറ്റാനുള്ള പ്രധാന കാരണങ്ങളിലൊന്ന്. അമേരിക്കയിലുള്ള സിറിയൻ മെത്രാപ്പോലീത്തായാണ് പേരു മാറ്റത്തിനു പ്രേരണ നല്കിയവരിൽ പ്രമുഖൻ. സിറിയൻ സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണത്തിലുള്ളതാണ് ഈ വാർത്ത. അവരുടെ സിനസിന്റെ മിനിട്ട്സാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്.

5. ആന്റിമൈസിയോൺ നമ്മുടെ ശോശപ്പാ പോലെ പ്രത്യേക വെള്ളത്തുണി കൊണ്ടാണ് നിർമ്മിക്കുക. അത് നമ്മുടെ വിരിക്കൂട്ടവും തബലൈത്തായും കൂടി ചേർന്നതാണ്. ഇടവക മേല്പട്ടക്കാരന്റെ കൈയ്യൊപ്പ് അതിൽ പതിപ്പിച്ചിരിക്കും.